# സ്യമന്തകം

ഓട്ടൻതുള്ളൽ

(കുഞ്ചൻനമ്പ്യാർ)

പ്രസാധകൻ:

വിദ്വാൻ ഏ. ഡി. ഹരിശർമ്മ

എം. ആർ. ഏ. എസ്സ്.

# സ്യമന്തകം ഓട്ടൻതുള്ളൽ

പ്രസാധകൻ:

**വിദ്വാൻ ഏ. ഡി. ഹരിശർമ്മ**

എം. ആർ. ഏ. എസ്സ്.

DHARMARAM COLLEGE LIBRARY, BANGALORE.
19389
T61
H23

Publisher:
A. H. Gopinatha sarma B. Sc.
Ernakulam.

Copyright to the Publisher ] [ വില 1—4—0

ഒന്നാം പതിപ്പ്

പരിഷന്മുദ്രണാലയം, എറണാകുളം

1954 ജൂൺ

# അവതാരിക

## കുഞ്ചൻനമ്പ്യാർ

ഭാഷാസാഹിത്യലോകത്തിൽ അനശ്വരമായ യശഃസ്തംഭം നാട്ടിയ ഒരു കവിവര്യനാണ് കലക്കത്തു കുഞ്ചൻ നമ്പ്യാർ. അദ്ദേഹത്തിന്റെ ജീവചരിത്രം പരിപൂർണ്ണമോ വിശ്വാസ്യമോ ആയ നിലയിൽ നമുക്ക് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. തുള്ളൽ കഥകളിലും മററും നിന്നു കിട്ടുന്ന ചില തെളിവുകളെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ള ജീവചരിത്രങ്ങളാണ് ഇന്നു പ്രചാരത്തിലിരിക്കുന്നത്. അതനുസരിച്ച ചിലതൊക്കെ പറയാനേ നമുക്കും നിവൃത്തിയുള്ളു.

തിരുവില്വാമലയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമത്തിൽ കൊല്ലവർഷം 880–ാമാണ്ടിടയ്ക്കാണ് കുഞ്ചൻ നമ്പ്യാർ ജനിച്ചത്. കലക്കത്ത് എന്നായിരുന്നു വീട്ടുപേര്, അച്ഛനമ്മമാരെപ്പററി വിശ്വസിക്കത്തക്ക വിവരങ്ങളൊന്നും കിട്ടിക്കഴിഞ്ഞിട്ടില്ല. നമ്പ്യാർക്കു രാഘവൻ എന്നു പേരായ ഒരമ്മാവൻ ഉണ്ടായിരുന്നു എന്നും, ഭാഗിനേയനെ സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ പഠിപ്പിച്ചത് ആ അമ്മാവനായിരുന്നു എന്നും അനുമാനിക്കപ്പെടുന്നു. സ്വദേശത്തുതന്നെയുള്ള തൃക്കാർത്ത്യമൺ ഇല്ലത്ത് നാരായണഭട്ടതിരി എന്ന പേരിൽ ഒരു മഹാപണ്ഡിതൻ അന്നു ജീവിച്ചിരുന്നുവെന്നും, അദ്ദേഹത്തിൽനിന്നാണ് നമ്പ്യാർ കാവ്യനാടകാലങ്കാരപര്യന്തമുള്ള ഉപരിവിദ്യാഭ്യാസം നേടിയതെന്നും, സുപ്രസിദ്ധ ഗവേഷകനായ മഹാകവി ഉള്ളൂർ പറയുന്നു.

കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ നാമധേയം കൃഷ്ണൻ എന്നായിരുന്നു എന്നു ചിലരും, അതല്ല രാമൻ എന്നായിരുന്നു എന്നു മററു ചിലരും വാദിക്കുന്നു.

കൊല്ലം തൊള്ളായിരത്താണ്ടിരുപത്തുമിരുപ-
ത്താറുമേവഞ്ച പത്തും
ചേൎന്നിട്ടന്നൊരു കൊല്ലം മിഥുനമുപഗതേ
ഭാസ്കരേ ധന്യധന്യഃ
കൃഷ്ണേ പക്ഷേ ചതുൎത്ഥീപതയയുതദിനേ
മാതുലഃ കൃഷ്ണനാമാ
വിഷ്ണോസ്സായുജ്യമാപ്തോ വിഹിതഹരിനമ-
സ്യാദികോ ദോഷഹീനം

എന്നിങ്ങനെ നമ്പ്യാരുടെ ഭവനത്തിലുള്ള ഒരു ഗ്രന്ഥത്തിൽ കാണുന്ന ചരമശ്ലോകമാണു് 'കൃഷ്ണ' പക്ഷക്കാർക്കുള്ള പ്രമാണം. അതനുസരിച്ച നോക്കിയാൽ നമ്പ്യാരുടെ ചരമം കൊല്ലവൎഷം 956-ൽ ആണെന്നാണു് വരുന്നതു്. ഇതു വിശ്വാസ്യമായിത്തോന്നുന്നില്ല. അതിന്നു രണ്ടു കാരണങ്ങളുണ്ടു്: നമ്പ്യാർ 940-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തുനിന്നു കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവു തിരുമനസ്സിനോടു് അനുവാദം വാങ്ങി അമ്പലപ്പുഴയ്ക്കു മടങ്ങിപ്പോയി എന്നും, അതിന്നുശേഷം നാലഞ്ചു കൊല്ലത്തിനുള്ളിൽ ചരമഗതിയെ പ്രാപിച്ചു എന്നുമുള്ള ഐതിഹ്യം ഇതിനോടു വിയോജിക്കുന്നു; അതുപോലെ, 954-ൽ രാമവൎമ്മ മഹാരാജാവും തെക്കേടത്തു ഭട്ടതിരിയും മററംകൂടി തയ്യാറാക്കിയ അമ്പലപ്പുഴ പാല്പായസക്കണക്കിൽ കുഞ്ചൻനമ്പ്യാരുടെ പേരു കാണാത്തതിനാൽ അദ്ദേഹം അതിന്നു മുൻപുതന്നെ മരിച്ചുപോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു എന്നുള്ള പി. കെ. നാരായണപിള്ളയുടെ അഭിപ്രായവും ഇക്കാൎയ്യത്തിൽ പ്രതിബന്ധമായി നില്ക്കുന്നു.

ശ്രീബലിപ്രസ്തരഃ ശംഭോഃ ശ്രീശുകാലയവാസിനഃ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം

എന്നു് കിള്ളിക്കുറിശ്ശി ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുരയിൽ കൊത്തിയിരിക്കുന്ന ശ്ലോകമാണു് 'രാമ'പക്ഷക്കാർക്കുള്ള പ്രധാ

ന പ്രമാണം. അതു കൂടുതൽ വിശ്വാസ്യമായി തോന്നുന്നുണ്ടു്. ഒരിക്കൽ, എന്തോ കാരണവശാൽ അത്യന്തം സന്തുഷ്ടനായ കാർത്തികതിരുനാറം മഹാരാജാവു് നമ്പ്യാർക്കു് ആയിരം പണം സമ്മാനിച്ചു് "ഉറപ്പുള്ള വിധത്തിലേ ഈ പണം വിനിയോഗിക്കാവൂ" എന്നു കല്പിച്ചു എന്നും, നമ്പ്യാർ ആ പണവുംകൊണ്ടു സ്വദേശത്തു പോയിരുന്ന അവസരത്തിൽ അവിടെയുള്ള ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുര ജീർണ്ണമായി കിടക്കുന്നതുകണ്ടു് അതു പുതുക്കിപ്പണിയിച്ചുവെന്നും, തിരികെ തിരുവനന്തപുരത്തുചെന്ന നമ്പ്യാർ ഇളകാത്ത വസ്തുവിൽതന്നെയാണു് താൻ പണം നിക്ഷേപിച്ചിട്ടുള്ളതെന്നും തിരുമനസ്സുണർത്തിച്ചുവെന്നും, ഉ ഐതിഹ്യം ഇതിന്നു് ഉപോൽബലകമായി നില്ക്കുന്നു. എന്നാൽ ഇവിടേയും ഭിന്നാഭിപ്രായക്കാരില്ലാതില്ല. മേല്പറഞ്ഞ ശ്ലോകം, പാറപ്പുറത്തു ഗോവിന്ദൻനമ്പ്യാരുടെ അനന്തരവനായ രാമൻനമ്പ്യാർ അടുത്തകാലത്തു് ആ ബലിക്കൽപ്പുര ജീർണ്ണോദ്ധാരണംചെയ്തതിനെ സൂചിപ്പിക്കുന്നതാണെന്നു മഹാകവി ഉള്ളൂർ പറയുന്നു. ഈ അഭിപ്രായം ശരിയായിരുന്നാൽതന്നെയും, 'രാമ'സംജ്ഞാപക്ഷപാതികാംക്കു് അനുകൂലമായി വേറെയും തെളിവുണ്ടു്. കാഞ്ഞിരംപറമ്പിൽ മി: രാവുണ്ണിനായർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ശ്രീപാർവ്വതീസ്വയംവരം പാനയുടെ മുഖവുരയിൽ, ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യത്തിൻെറ ഒരു താളിയോലഗ്രന്ഥത്തിൽ,

രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ മൂതൽസ്സർഗ്ഗസ്സമാപിതഃ

എന്നു് ഒരു പദ്യം കാണുന്നതായി അദ്ദേഹം എഴുതിയിരിക്കുന്നു. 'ശ്രീകൃഷ്ണചരിതംമണിപ്രവാളം' നമ്പ്യാരുടേതല്ലെന്നു് ഇതേവരെ ആരും പറഞ്ഞുകേട്ടിട്ടില്ലാത്ത സ്ഥിതിക്കു് ഈ പദ്യത്തിൽ പറയുന്ന രാമപാണിവാദൻ കഞ്ചൻനമ്പ്യാർ തന്നെയാണെന്നു് അനുമാനിക്കുന്നതിൽ തെററുണ്ടാകാൻ വഴിയില്ല.

മനുഷ്യൻെറ മഹത്വത്തേയും കഴിവുകളേയും വകവെച്ചു കൊടുക്കാൻ ഒരുക്കമില്ലാത്ത ഒരുകൂട്ടം ആളുകൾ എതുകാലത്തും

ലോകത്തിലുണ്ടാവുക പതിവാണു്. ഒരാൾ ഏതെങ്കിലും നിലയിൽ ഉയൎന്നുവന്നാൽ, എന്തെങ്കിലും ഒരൈതിഹ്യം കെട്ടിച്ചമച്ചു്, ആ ഉയൎച്ചയിൽ അമാനുഷത്വത്തിന്റെ ഛായം തേയ്ക്കാൻ ഇക്കൂട്ടർ ശ്രമിക്കാതിരിക്കയില്ല. നമ്പ്യാരെപ്പററി പറഞ്ഞുകേൾക്കുന്ന ഒന്നു രണ്ടു ഐതിഹ്യങ്ങൾക്കുള്ള നിദാനവും ഇതുതന്നെയായിരിക്കണം. ‘‘കോഴിക്കോട്ടുകാരനായ ഒരു സാധുബ്രാഹ്മണൻ പുത്രിമാരെ വിവാഹം കഴിച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെ തിരുവനന്തപുരത്തുപോയി മഹാരാജാവിനെ കണ്ടു സങ്കടമുണൎത്തിച്ചു. തമ്പുരാൻ കല്പിച്ചു നല്കിയ ഒരു പണക്കിഴിയുമായി കിള്ളിക്കുറിശ്ശിമംഗലത്തെത്തി. ക്ഷേത്രത്തിന്നടുത്തുള്ള കുളക്കടവിൽ ആ കിഴിവെച്ചു നമ്പൂരി കുളിക്കുവാനിറങ്ങി. അദ്ദേഹം കുളിച്ചുകൊണ്ടിരുന്ന സമയത്തു് ഒരു പശു യാദൃച്ഛികമായി അതിലെ വരികയും കിഴിയുടെ മുകളിൽത്തന്നെ, അതു മൂടിപ്പോകത്തക്കവണ്ണം, ചാണകമിടുകയും ചെയ്തു. കുളി കഴിഞ്ഞു കിഴി എടുക്കാൻചെന്ന ബ്രാഹ്മണൻ അതു കാണായ്കയാൽ വളരെ വ്യസനിച്ചു് അമ്പലത്തിലേക്കു് പോയി. കുറെ കഴിഞ്ഞു ചാണകം വാരുന്നതിനായി അതിലേ വന്ന ഒരു നങ്ങ്യാർ—കുഞ്ചൻ നമ്പ്യാരുടെ മാതാവു്—ആ പണക്കിഴി കാണുകയും അതു് അതിന്റെ ഉടമസ്ഥനു കൊടുക്കുകയും ചെയ്തു. പരമസന്തുഷ്ടനായ ബ്രാഹ്മണൻ ‘നിനക്കു വളരെ പ്രസിദ്ധനായ ഒരു പുത്രനുണ്ടാകട്ടെ’ എന്നു് നങ്ങ്യാരെ അനുഗ്രഹിച്ചു. അതിന്റെ ഫലമായുണ്ടായതാണു് കുഞ്ചൻനമ്പ്യാർ.’’ ഇതാണു് ഒരൈതിഹ്യം. ‘ഏഴുവയസ്സു പ്രായമുള്ളപ്പോൾ ഒരിക്കൽ നമ്പ്യാർ ഗുരുഗൃഹത്തിലേക്കു പോകയായിരുന്നു. മാൎഗ്ഗമദ്ധ്യേയുള്ള മലഞ്ചരുവിൽവച്ചു് ഒരു പാമ്പു് ആ കുട്ടിയെ കടിച്ചു. കുട്ടി ഉടനേ ബോധരഹിതനായി. ആ സമയത്തു് ശ്രീ ഭഗവതി അവിടെ പ്രത്യക്ഷയായി ദിവ്യമായ പാൽകൊടുത്തു കുട്ടിയെ രക്ഷപ്പെടുത്തി. ദേവീകടാക്ഷംകൊണ്ടു്, ബോധരഹിതനായിത്തീൎന്ന കുട്ടി തൽക്ഷണം തന്നെ വലിയ വിദ്വാനും കവിയുമായിത്തീൎന്നു.’ ഇതാണു് മ

റൊരൈതിഹ്യം. ഈ വക യാദൃച്ഛികാനുഗ്രഹങ്ങളുടെ സഹായംകൂടാതെതന്നെ, സ്വപ്രയത്നംകൊണ്ടു് ഉയൎന്നുവന്നിട്ടുള്ള അനേകം മഹാന്മാരെപ്പററി നമുക്കറിയാവുന്നതുകൊണ്ടു്, കുഞ്ചൻ നമ്പ്യാർ ഗുരുകുലക്ലിഷ്ടനായി വിദ്യാഭ്യാസംചെയ്തു് സ്വപ്രയത്നംകൊണ്ടുയൎന്നുവന്ന ഒരു പൌരുഷശാലിയായിരുന്നു എന്നു മാത്രം നമുക്കു വിശ്വസിച്ചാൽ മതി.

വിദ്യാഭ്യാസംകഴിഞ്ഞു് നമ്പ്യാർ ഉത്തരകേരളത്തിലും മദ്ധ്യകേരളത്തിലും സഞ്ചരിച്ചിട്ടുള്ളതായി കാണുന്നു. കോലത്തുനാടു്, വെട്ടത്തുനാടു്, ഗുരുവായൂർ, തലപ്പിള്ളി, ചേന്ദമംഗലം മുതലായ സ്ഥലങ്ങൾ ഈ സഞ്ചാരപരിപാടിയിൽ ഉൾപ്പെട്ടവയാണു്. ഇങ്ങിനെ സഞ്ചരിക്കുന്നതിനിടയിൽ ഒരിക്കൽ കോലത്തുനാട്ടിൽവച്ചു പട്ടിണികിടക്കേണ്ടിവന്ന അവസരത്തിൽ നമ്പ്യാർ നിൎമ്മിച്ചതാണത്രേ താഴെ കാണുന്ന പ്രസിദ്ധശ്ലോകം.

കോലഭൂപസ്യ നഗരേ വാസരാ ഹരിവാസരാഃ
മശകൈൎമ്മൽക്കുണൈശ്ചൈവ രാത്രയശ്ശിവരാത്രയഃ

'കോലത്തുനാട്ടിൽ പകലുകളെല്ലാം ഹരിവാസരങ്ങളും (ഊണില്ലാത്ത ദിവസങ്ങൾ),മൂട്ടയുടേയും കൊതുകിൻേറയും ഉപദ്രവം കൊണ്ടു രാത്രികളെല്ലാം ശിവരാത്രികളും (ഉറക്കമൊഴിക്കേണ്ടവ) ആകുന്നു' എന്നാണു് ഈ ശ്ലോകത്തിൻെറ അൎത്ഥം.

ഈ ദേശസഞ്ചാരംകഴിഞ്ഞു് മടങ്ങിയതിനുശേഷമാണു് നമ്പ്യാർ തിരുവിതാംകൂറിൽപ്പെട്ട കിടങ്ങൂൎക്കു പോയതു്. അവിടെ ക്ഷേത്രത്തിൽ എന്തോ ജോലിയുണ്ടായിരുന്ന അച്ഛനോടു കൂടിയാണു് അങ്ങോട്ടേക്കു പോയതെന്നു പറയപ്പെടുന്നു. കിടങ്ങൂർ താമസിച്ചിരുന്ന കാലത്തു് കുടമാളൂർ, കുമാരനല്ലൂർ മുതലായ പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കയുണ്ടായിട്ടുണ്ടു്. ഒടുവിൽ ആ സഞ്ചാരപ്രിയൻ അമ്പലപ്പുഴയെത്തിച്ചേൎന്നു. കിടങ്ങൂർ മുതലായ സ്ഥലങ്ങളിൽനിന്നു കൂത്തുപറയുന്നതിനായി അമ്പലപ്പുഴയ്ക്കുപോയ വല്ല ചാക്യാന്മാരുടേയും കൂടെയായിരിക്കാം

നമ്പ്യാർ ആദ്യമായി അവിടെ എത്തിച്ചേർന്നതെന്നു നമുക്കു ന്യായമായി അനുമാനിക്കാം. നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പ്, ഓണമ്പിള്ളി നമ്പൂരി എന്നിവരിൽനിന്നു ധാരാളം ആനുകൂല്യങ്ങൾ അവിടെവെച്ച് നമ്പ്യാർക്കു സിദ്ധിച്ചു. വിജ്ഞാനവികസനത്തിനും അവരുടെ സാഹചര്യം ചരിത്രനായകനു പ്രയോജകീഭവിച്ചിരിക്കണം. ഈ രണ്ടുപേരേയും അദ്ദേഹം തന്റെ കൃതികളിൽ അതിരററ കൃതജ്ഞതാദരങ്ങളോടുകൂടി, ഗുരുനാഥന്മാരുടെ നിലയിൽ, അനുസ്മരിക്കുന്നുണ്ട്. ഉണ്ണിരവിക്കുറുപ്പിനെ 'മന്ദാരദാരു'വായിട്ടാണ് പലേടത്തും വർണ്ണിച്ചിരിക്കുന്നതു്. നമ്പ്യാരുടെ ഒന്നാമത്തെ കൃതിയായ കല്യാണസൌഗന്ധികത്തിൽ തന്നെ,

> നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
> മന്ദാരദാരുവാം **ബാലരവിയുടെ**
> നന്ദിവരുത്തുന്ന കണ്ടങ്കരിക്കാവി–
> ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതി!

എന്നു വർണ്ണിച്ചിട്ടുള്ളതു നോക്കുക. ഒരു കവി ഏതെങ്കിലും ഒരാളെ കല്പകവൃക്ഷമായി വർണ്ണിക്കണമെങ്കിൽ, അതിന്നു തക്കതായ ഏതെങ്കിലും സഹായം ആ കവിക്ക് അദ്ദേഹത്തിൽനിന്നു സിദ്ധിച്ചിരിക്കണമെന്നുള്ളതു തീർച്ചയാണല്ലോ.

അമ്പലപ്പുഴയിലെത്തിയ നമ്പ്യാർ അധികം താമസിയാതെ ചെമ്പകശ്ശേരി രാജാവിന്റെ ഒരാശ്രിതനായിത്തീർന്നു. പണ്ഡിതപാരിജാതമായിരുന്ന ആ രാജാവാകട്ടെ നമ്പ്യാരുടെ വൈദുഷ്യവും കവിതയുംകണ്ടു സന്തുഷ്ടനായി അദ്ദേഹത്തെ യഥോചിതം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തുള്ളൽക്കഥകളിൽ പലതും ചരിത്രനായകൻ അവിടെവെച്ചാണ് എഴുതിയതു്. അവയിൽ മിക്കതിലും 'ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരായണസ്വാമി'യെ വർണ്ണിച്ചിരിക്കുന്നതു കാണാം. കാലക്രമത്തിൽ നമ്പ്യാരുടെ പേരു പുറമേയും പ്രചരിച്ചുതുടങ്ങി.

അന്നു ചെമ്പകശ്ശേരി രാജാവും തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവും തമ്മിൽ മൈത്രിയിലായിരുന്നു. ആ വഴിക്ക് നമ്പ്യാരുടെ കീർത്തി തിരുവനന്തപുരത്തും എത്തിയിരിക്കണം. എന്തുകൊണ്ടെന്നാൽ, 919-ാമാണ്ടിടയ്ക്കു കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തുപോയി താമസിച്ചിരുന്നതായി തെളിവുണ്ട്. താമസം കൊട്ടാരത്തിലായിരുന്നുതാനും. 919 കുംഭം 30-ാംനു- 'കൊട്ടാരത്തിൽ പാർക്കുന്ന കുഞ്ചൻനമ്പ്യാർക്ക് കാലിൽ ദീനമാകയാൽ മരുന്നുവിലയ്ക്കു" കൊട്ടാരത്തിൽനിന്നു ഇരുപത്തിമൂന്നു പണം ചെലവെഴുതീട്ടുള്ളതായി കണക്കുകാണുന്നു. 922-ാമാണ്ട് 'നമ്പ്യാരുടെകൂടെ നിന്ന മിതുനപ്പിള്ളി കുഞ്ചുമാതിററിക്കു ആണ്ടൊന്നിക്ക് നെൽ 72 പറയും പാൽക്കുളങ്ങര അധികാരത്തിൽനിന്നു ചെലവെഴുതി'യതിന്നു രേഖയുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവ് ചെമ്പകശ്ശേരി രാജ്യം കീഴടക്കിയതിന്നുശേഷമാണ് കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തേക്കു പോയതെന്നുള്ള അഭിപ്രായം ശരിയല്ലെന്നും, അതിനെത്രയോ മുൻപുതന്നെ അദ്ദേഹം തിരുവനന്തപുരത്തേക്കു പോകുകയും മഹാരാജാവിൻെറ പ്രീതിക്കു പാത്രീഭവിക്കയും ചെയ്തുകഴിഞ്ഞിരുന്നുവെന്നും, ഇതിൽനിന്നു മനസ്സിലാക്കാം. ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിലേക്ക് അടങ്ങിയതിന്നുശേഷം നമ്പ്യാർ തിരുവനന്തപുരത്തു സ്ഥിരതാമസമാക്കി എന്നു പറയുന്നതു ശരിയായിരിക്കും. അന്നും നമ്പ്യാരെ അമ്പലപ്പുഴക്കാരനായിട്ടാണ് കണക്കാക്കിയിരുന്നതു്. എന്തുകൊണ്ടെന്നാൽ, മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ ദിഗ്വിജയവും മററും കഴിഞ്ഞു വളരെക്കാലത്തിന്നുശേഷം—933-ൽ—അദ്ദേഹം നമ്പ്യാർക്കു് ഒരു വീരശൃംഖല സമ്മാനിക്കയുണ്ടായതിനെപ്പററി "അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർക്കു് മുകപ്പിൽ ആണിത്തലയ്ക്കൽ ചുവപ്പുകൽവെച്ച വീരചങ്ങല സമ്മാനിച്ച്" എന്നാണ് കണക്കിൽ എഴുതിക്കാണുന്നതു്. 934-ൽ, മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ ഭാഗിനേയനായ രാമവർമ്മ മഹാരാജാവും നമ്പ്യാർക്കു് ഒരു വീരശൃംഖല സമ്മാനിച്ചതായി കാണുന്നുണ്ട്.

ഇങ്ങനെ, തന്നെ സംരക്ഷിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്ന പ്രസ്തുത മഹാരാജാക്കന്മാരെ നമ്പ്യാർ തൻെറ തുള്ളല്ക്കഥകളിൽ പലസ്ഥലത്തും ഭക്തിപൂർവ്വം സ്മരിച്ചിട്ടുണ്ട്.

പാർത്താലത്ഭുതം ബാലമാർത്താണ്ഡക്ഷിതീന്ദ്രൻെറ
വാർത്താവൈഭവമെല്ലാമോർത്താലന്തമില്ലേതും

എന്നും മററും മാർത്താണ്ഡവർമ്മമഹാരാജാവിനെപ്പററിയും,

രാമതുല്യൻ മഹാവഞ്ചിരാമവർമ്മേന്ദ്രഭൂപാലൻ
കാമദൻ കോമളാകാരൻ കാമിനീമാനസേ മാരൻ

എന്നും മററും രാമവർമ്മമഹാരാജാവിനെപ്പററിയും വർണ്ണിച്ചിട്ടുള്ളതു നോക്കുക. മാതുലൻെറ ഭരണാവസാനകാലത്തും ഭാഗിനേയൻെറ ഭരണാരംഭഘട്ടത്തിലുമായി മന്ത്രിസ്ഥാനം വഹിച്ചിരുന്ന അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയും നമ്പ്യാരെ വളരെ സഹായിച്ചിരുന്നിരിക്കണം. അല്ലെങ്കിൽ തിരുവിതാംകൂറിലെ മററു മന്ത്രിമാരെപ്പററി ഒന്നും തന്നെ ശബ്ദിക്കാത്ത നമ്പ്യാർ,

വഞ്ചിക്ഷമാപാലബാലമാർത്താണ്ഡനാ-
മഞ്ചിതശ്രീകുലശേഖരാജ്ഞാകരൻ
ആർത്താവനോദാരശീലനാമയ്യപ്പ-
മാർത്താണ്ഡമന്ത്രി നിജസ്വാമിശാസനാൽ

എന്നിങ്ങനെ ആ മന്ത്രിയെ മാത്രം വർണ്ണിക്കാൻ കാരണമില്ല.

ഒടുവിൽ നമ്പ്യാർക്കു വാർദ്ധക്യം ബാധിച്ചുതുടങ്ങി. തിരുവനന്തപുരത്തെ താമസം അദ്ദേഹത്തിനു് പണ്ടത്തെപ്പോലെ തൃപ്തികരമായി തോന്നിയില്ല. കഥകളിയിൽ തല്പരനായിരുന്ന രാമവർമ്മമഹാരാജാവു് ഒരു കവിയുടെ നിലയിൽ നമ്പ്യാരെ പ്രോത്സാഹിപ്പിച്ചിരുന്നുവെങ്കിലും, ആ പ്രോത്സാഹനത്തിനു മാർത്താണ്ഡവർമ്മയുടെ കാലത്തുണ്ടായിരുന്നിടത്തോളം ഹൃദയംഗമത്വം ഉണ്ടാകാൻ വഴിയില്ലല്ലൊ. മാർത്താണ്ഡവർമ്മയുടെ കാലത്തനുവദിച്ചിരുന്ന 'രണ്ടേകാലും കോപ്പും' ചില അസൂയക്കാർ മുടക്കാൻപോലും ഭാവിച്ചു. നമ്പ്യാർ നേരിട്ടുചെ

ന്നു സങ്കടം ഉണർത്തിക്കേണ്ടിവന്നു, അതു വീണ്ടുകിട്ടാൻ. രാമവർമ്മമഹാരാജാവു നമ്പ്യാർക്കു 'പക്കത്തിൽ ചോറ്'നുവദിച്ചിരുന്നുവെന്നും പക്ഷേ, നമ്പ്യാർക്ക് ആ ഊണ് തീരെ പിടിച്ചിരുന്നില്ലെന്നും പറയപ്പെടുന്നു.

പക്കച്ചോറും കാളൻ കറിയും
ചക്കച്ചുകിണിയുമെന്നിവയല്ലാ-
തിക്കഞ്ഞുങ്ങൾക്കൊരു സുഖഭോജന-
മിക്കാലങ്ങളിലില്ലിഹ താത!

എന്ന് ചില തുള്ളലുകളിൽ നമ്പ്യാർ വർണ്ണിച്ചിട്ടുള്ളത് തന്റെ ഈ പക്കച്ചോറുണിനെക്കൂടി സൂചിപ്പിച്ചിട്ടല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്ങനെയായാലും, 940-ാമാണ്ടിടയ്ക്ക് മഹാരാജാവിന്റെ അനുമതി വാങ്ങി നമ്പ്യാർ അമ്പലപ്പുഴയ്ക്കു മടങ്ങി; 945-നോടടുത്തു പേപ്പട്ടിയുടെ വിഷമേററു ചരമഗതിയെ പ്രാപിക്കയും ചെയ്തു. മരിക്കുമ്പോൾ നമ്പ്യാർക്ക് 60–65 വയസ്സു പ്രായമുണ്ടായിരുന്നു എന്നാണ് ഐതിഹ്യം.

## ബാല്യകവനങ്ങൾ

ദേശസഞ്ചാരംചെയ്തിരുന്ന കാലത്തുതന്നെ നമ്പ്യാർ കവിതാനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നുവത്രെ. ശീലാവതി നാലുവൃത്തം, രുഗ്മിണീസ്വയംവരം പത്തുവൃത്തം, ഭഗവൽദൂത് പതിനാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം, നളചരിതം കിളിപ്പാട്ട്, ശിവപുരാണം കിളിപ്പാട്ട് എന്നു തുടങ്ങിയ കൃതികൾ അക്കാലത്ത് ഉണ്ടാക്കപ്പെട്ടവയാണെന്നാണ് പറയപ്പെടുന്നത്. അതാതുകാലത്ത് തനിക്ക് ആശ്രയമായിത്തീരുന്ന പ്രഭുക്കന്മാരെ കവിതകളിൽ പുകഴ്ത്തുന്ന പതിവ് നമ്പ്യാർ അന്നുതന്നെ തുടങ്ങിയിരുന്നു. വിഷ്ണുഗീതയിൽ 'ജയന്താലയേശ്വരനെ' (പാലിയത്തച്ചനെ) വർണ്ണിച്ചിട്ടുള്ളത് ഇതിനൊരു ദൃഷ്ടാന്തമാകുന്നു.

മററൊരു നായർ പറഞ്ഞു തുടങ്ങിനാ—
നററമില്ലെൻെറ പരാധീനമിന്നെടോ
വീട്ട നിറഞ്ഞു കടക്കാരർ വന്നിട്ട
പാട്ടകിടക്കുന്നു രാപ്പകലൊക്കവെ
വീട്ടവാനുള്ളൊരു മാർഗ്ഗവും കണ്ടീല
വീട്ട വിററാലും കടം പോകയില്ലെടോ

എന്നിങ്ങനെ ഈ വിഷ്ണുഗീതയിൽ കാണുന്ന നായാട്ടുവർണ്ണനം, പിന്നീട്ട തുള്ളലുകളിൽ പുഷ്ടിച്ചു ഫലിച്ചുകാണുന്ന ആ നിരങ്കുശത്വത്തിൻെറ അങ്കുരസ്ഥാനത്തെ വഹിക്കുന്നുണ്ടെന്നു് സൂക്ഷിച്ചുനോക്കിയാൽ കാണാം.

## തുള്ളൽപ്രസ്ഥാനം

കുഞ്ചൻനമ്പ്യാർ വേറെയും ചില കൃതികളൊക്കെ എഴുതീട്ടുണ്ടെങ്കിലും, തുള്ളൽക്കഥകളോട്ട ബന്ധപ്പെട്ട നിലയിലാണു് അദ്ദേഹത്തിൻെറ നാമധേയം പ്രസിദ്ധമായിത്തീൎന്നിട്ടുള്ളതു്. തുള്ളൽരീതിയുടെ ഉപജ്ഞാതാവുതന്നെ നമ്പ്യാരാണെന്നാണു് പരക്കെയുള്ള വിശ്വാസം. അതിലേക്കു് ഉപോദ്ബലകമായി ഒരൈതിഹ്യവും പറയപ്പെട്ടുപോരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തുപറയുമ്പോൾ പതിവായി മിഴാവുകൊട്ടാറുണ്ടായിരുന്ന ഒരു നമ്പ്യാർക്കു് ഒരിക്കൽ ആശൗചംനിമിത്തം അതിനു തരമില്ലാതെ വന്നപ്പോൾ, പകരമായി ആ കൃത്യം നിർവ്വഹിക്കുന്നതിനു് കുഞ്ചൻനമ്പ്യാർ ക്ഷണിക്കപ്പെട്ടുവെന്നും, ചാക്യാരുടെ കഥാകഥനരീതിയിലുള്ള വിരസതനിമിത്തം ഉറക്കംതൂങ്ങിപ്പോയ നമ്പ്യാൎക്കു് മിഴാവുകൊട്ടുന്നതിൽ അല്പം പിശകു പററിയതുകണ്ടു് ചാക്യാർ നമ്പ്യാരെ സദസ്സിൽവെച്ചുതന്നെ ക്രമത്തിലധികം ആക്ഷേപിച്ചുവെന്നും, അതിനു പകരം പോക്കുന്നതിനായി അന്നത്തെ രാത്രികൊണ്ടുണ്ടാക്കി പിറേറദിവസം ക്ഷേത്രത്തിൽ വെച്ചഭിനയിച്ചതാണു് 'കല്യാണസൌഗന്ധികം' തുള്ളലെന്നുമാണു് ആ ഐതിഹ്യം. ഈ കഥ കേൾക്കാൻ രസമുള്ളതുതന്നെ.

പക്ഷേ, സത്യത്തിന്റെ അംശം അതിൽ എത്രത്തോളം ഉണ്ടെന്നുള്ള കാര്യത്തിൽ മാത്രമേ സംശയമുള്ളു. "ദക്ഷൻ ആക്ഷേപിച്ചതുകൊണ്ടു് കോപിഷ്ഠനായ ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭദ്രൻ ചാടിവീണതുപോലെ, ചാക്യാരാൽ അധിക്ഷിപ്തനായ നമ്പ്യാർ പിറേറദിവസം അമ്പലപ്പുഴ കളിത്തട്ടിൽ കയറിനിന്നപ്പോൾ തുള്ളലിനു വേണ്ട സകല സാമഗ്രികളും വന്നുകൂടി എന്നു വാദിക്കുന്നതു് ഭാഷയുടെ പൂർവ്വചരിത്രത്തെക്കുറിച്ചുള്ള ദയനീയമായ അജ്ഞതയെ പ്രകാശിപ്പിക്കുകയാകുന്നു" എന്നു് പി. കെ. നാരായണപിള്ള പറയുന്നതിൽ വളരെപരമാത്ഥമുണ്ടു്. "തുള്ളലിനുവേണ്ട പലതരം വൃത്തങ്ങൾ എവിടെനിന്നു കിട്ടി? തുള്ളലിലെ കവിതാരീതി എവിടെനിന്നുണ്ടായി? ആ രീതി ജനങ്ങൾക്കു് ആദരണീയമായിത്തോന്നുവാൻ കാരണമെന്തു്?" ഇങ്ങനെയുള്ള പല ദുർഘടപ്രശ്നങ്ങൾക്കും തൃപ്തികരമായ സമാധാനം പറഞ്ഞാൽ മാത്രമേ ഐതിഹ്യവാദികൾക്കു രക്ഷയുള്ളു. അതു സാദ്ധ്യമാണോ?

ഒരു പുതിയ പ്രസ്ഥാനത്തിന്റെ ഉല്പത്തിക്കു് ആവശ്യമായ സകല പരിതഃസ്ഥിതികളും ഒത്തുവന്നപ്പോൾ തുള്ളലുണ്ടായി എന്നതാണു് വാസ്തവം. അന്നു് ഭാഷാസാഹിത്യത്തിന്റെ സ്ഥിതി എന്തായിരുന്നു? നമ്പൂതിരിമാരുടെ കുറെ ചമ്പുക്കളും ഏതാനും ആട്ടക്കഥകളും എഴുത്തച്ഛന്റെ കിളിപ്പാട്ടുകളുമല്ലാതെ സാഹിത്യം എന്നു പറയാൻ അന്നു് വളരെയൊന്നും ഉണ്ടായിരുന്നില്ല. സാധാരണന്മാർക്കു് ദുരവഗാഹമായ ചമ്പൂപ്രസ്ഥാനം നമ്പ്യാരെ വളരെയൊന്നും ആകർഷിച്ചിരിക്കാൻ ഇടയില്ല; ആട്ടക്കാർക്കും കാഴ്ചക്കാർക്കും ഒരുപോലെ ജ്ഞാനമുണ്ടായാൽ മാത്രം രസപ്രദമായിത്തീരുന്ന കഥകളി പൊതുജനങ്ങളുടെ സാഹിത്യമാണെന്നു കുഞ്ചൻനമ്പ്യാക്കു് തോന്നിയില്ല; എഴുത്തച്ഛന്റെ വഴിക്കു തിരിഞ്ഞാൽ വിജയം സമ്പാദിക്കാൻ സാധിക്കയില്ലെന്നു് നമ്പ്യാർക്കു് അനുഭവംകൊണ്ടുതന്നെ മനസ്സിലായിക്കഴിയുകയും ചെയ്തിരുന്നു; ഈ

നിലയിൽ, അന്നു പ്രചാരത്തിലിരുന്ന പ്രസിദ്ധ പ്രസ്ഥാനങ്ങൾക്കുള്ള ദോഷങ്ങളെ കഴിയുന്നത്ര പരിഹരിക്കുന്നതും. ഗുണങ്ങളെ ഒട്ടുമുക്കാലും പരിഗ്രഹിക്കുന്നതുമായ ഒരു പുതിയ പ്രസ്ഥാനം ആവിർഭവിക്കേണ്ട ആവശ്യം അപരിത്യാജ്യമായി വന്നുകൂടി. അതിനുവേണ്ടി കുഞ്ചൻനമ്പ്യാർ ചെയ്ത നിരന്തരപരിശ്രമത്തിൻെറ ഫലമാണ് തുള്ളൽപ്രസ്ഥാനം,

ചാക്യാർകൂത്തുമായി വളരെക്കാലത്തെ പരിചയമുണ്ടായിരുന്ന നമ്പ്യാർക്ക്, ആ കഥാകഥനരീതി ജനങ്ങളെ ധാരാളമായി ആകർഷിക്കുന്നതു് നേരിട്ടു കണ്ടു മനസ്സിലാക്കാൻ സാധിച്ചിരുന്നു. ഫലിതമാണ് അതിനുള്ള കാരണമെന്നും വ്യക്തമായിരുന്നു. പക്ഷേ, സംഗീതവുമായുള്ള അകൽച്ച ആ പ്രസ്ഥാനത്തിന് ഒരു വലിയ കുറവായിരുന്നു. വേഷവിധാനത്തിലും അതിനു പറയത്തക്ക മെച്ചമുണ്ടായിരുന്നില്ല. ഈ മൂന്നു ഘടകങ്ങളും യോജിപ്പിച്ചാൽ ജനസാമാന്യത്തെ കൂടുതൽ ആകർഷിക്കാൻ കഴിയുമെന്നു കുഞ്ചൻനമ്പ്യാർക്കു തോന്നിയിരിക്കണം. അങ്ങനെ, ചാക്യാരുടെ ഫലിതപ്രധാനമായ കഥാകഥനരീതി, കിളിപ്പാട്ടു മുതലായ ഗാനരീതികളിലെ സംഗീതരസം, ആട്ടക്കഥയിലെ വേഷവിധാനവും നൃത്തവാദ്യങ്ങളും—ഇതെല്ലാം യഥോചിതം കൂട്ടിച്ചേർത്തുണ്ടാക്കിയതാണ് തുള്ളൽ. വളരെക്കാലമായി പുരാണകഥകളിൽ വിശ്വസിച്ചുകഴിയുന്ന യാഥാസ്ഥിതികരായ ജനങ്ങളെ പെട്ടെന്നു് ആ പന്ഥാവിൽനിന്നു് അകററാൻ ശ്രമിച്ചാൽ, ഒരുപക്ഷേ അതു് വിപരീതഫലത്തെ ചെയ്തേക്കുമെന്നു സംശയമുണ്ടായതിനാലായിരിക്കാം, അക്കാര്യത്തിൽമാത്രം നമ്പ്യാർ ഒരു തനി യാഥാസ്ഥിതികനായിത്തീർന്നതു്. എന്നാൽ സന്ദർഭം കിട്ടുന്ന അവസരങ്ങളിലൊക്കെ ചുററും കാണുന്ന സംഭവങ്ങളെ തൻെറ കൃതികളിൽ പ്രതിഫലിപ്പിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ലെന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. പുരാണകഥാകഥനവ്യാജേന തൻെറ ചുററും കാണുന്ന കാഴ്ചകളേയും സംഭവങ്ങളേയും വളരെ തന്മയത്വത്തോടുകൂടി– ഏററവും ഹൃദയാകർഷകമായ

രീതിയിൽ— ചിത്രീകരിക്കയാണു് വാസ്തവത്തിൽ കുഞ്ചൻനമ്പ്യാർ ചെയ്തിട്ടുള്ളതു്.

തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ പരിശോധിച്ചാലും തത്സംബന്ധമായ ഉപജ്ഞാതൃത്വമല്ല, പരിഷ്കർത്തൃത്വം മാത്രമാണു് നമുക്കു നമ്പ്യാരിൽ കാണാൻ കഴിയുന്നതു്. എന്തുകൊണ്ടെന്നാൽ, അദ്ദേഹം തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള മിക്ക വൃത്തങ്ങളും അതിനു മുൻപുതന്നെ ഭാഷയിലോ സംസ്കൃതത്തിലോ നടപ്പിലിരുന്നവയാകുന്നു. 'മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൌരഭ്യം' എന്ന രീതിയിലുള്ള തരംഗിണീവൃത്തമാണു് തുള്ളലിൽ ഏററവും പ്രധാനം. 'വന്ദിച്ചേൻ ഗണനായകനാകിയ വാനോർകോനൊടു വാണിയെ മനസാ' എന്ന നിരണവൃത്തത്തിൽനിന്നു വളരെയൊന്നും ഭിന്നമല്ലാ ഈ വൃത്തമെന്നുള്ളതു് സ്പഷ്ടം. 'വരുമിഹ സമ്പ്രതി ദുര്യോധനനും പരമസഖൻ മമ പാർത്ഥൻതാനും' എന്ന 'പതിനാലുവൃത്ത'ത്തിൽ കാണുന്ന വൃത്തവും ഇതുതന്നെയാണല്ലോ. 'കണ്ണാനന്ദം ചേരുംവണ്ണം പണ്ണാദോദിത വാക്കുകൾ കേട്ടു്........................ജനനീനിലയേ ചെന്നു തദാനീം ജനനിയൊടൊക്കെച്ചെന്നറിയിച്ചാൾ' (ഭാഷാനൈഷധചമ്പു) എന്നിങ്ങനെ ചമ്പൂകാരന്മാരുടെ ഗദ്യങ്ങളിലും ഈ വൃത്തം കാണുന്നുണ്ടു്. 'നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു നാലുജാതിക്കും വിധിച്ചതല്ലോർക്കണം' എന്ന ശീതങ്കൻവൃത്തമാകട്ടേ 'താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ' എന്ന അയോദ്ധ്യാകാണ്ഡത്തിലെ കാകളിവൃത്തംതന്നെ. 'കായാമ്പൂമലർക്കുള്ളിലായാസം വളർക്കുന്ന' എന്ന വൃത്തം എഴുത്തച്ഛന്റെ കേകാവൃത്തത്തെ നടുവേ മുറിച്ചു രണ്ടാക്കിയതാകുന്നു. 'അഞ്ചിതദ്യുതി ചൂതപുഷ്പധനുസ്സെടുത്തൊരു വീരനാം' എന്ന സംസ്കൃതത്തിലെ മല്ലികാവൃത്തംതന്നെയാണു് 'ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കിയരയ്ക്കണം' എന്നിങ്ങനെ നമ്പ്യാർ തുള്ളലിൽ ഉപയോഗിക്കുന്നതു്. 'ചെമ്പകകമലായതലോചനനഞ്ചിതമഞ്ജുളശീലൻ' എന്ന 'പതിനാലുവൃ

ത്ത'ത്തിലെ വൃത്തത്തിനും 'ഉദ്ധതമതി നരപതിതന്നുടെ വാക്കുക ളിങ്ങനെ കേട്ട്' എന്ന കല്യാണസൌഗന്ധികത്തിലെ വൃത്തത്തി നും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു പ്രത്യേകിച്ചു പ റയേണ്ടതില്ല. 'ഹരിഹരസുതനയ്യൻ തിരുവടിയടിയൻെറ' എ ന്ന രീതിയിലുള്ള ഒരു വൃത്തം നമ്പ്യാർ പറയനിലും ശീതങ്കനി ലും പ്രയോഗിക്കുന്നുണ്ട്. ഇതു് അമ്പലപ്പുഴ വേലകളിയുടെ താളരീതിയിലുള്ളതാണെന്നാണറിയുന്നതു്. ഈ രിതിയെ അ നുകരിച്ചു് 'വെളളത്തേരിൽ പട കേറി മുണ്ടു കീറി തുണി കീറി' എന്നും മററും കുട്ടികൾ അവിടെ കളിയായി പാടാറുണ്ടത്രെ.

ഇവിടെ ഒരു സംഗതികൂടി സ്മരണീയമായിട്ടുണ്ട്. നമ്പ്യാ രുടെ കാലത്തിനു മുൻപുതന്നെ ഒരുതരം തുള്ളൽരീതി തകഴി ശാസ്താംക്ഷേത്രത്തിൽ നിലവിലിരുന്നിരുന്നു. "അവിടെ 'പട യണി' എന്ന അടിയന്തിരത്തിൽ ഓരോ വേഷക്കാർ പുറപ്പെട്ട മ്പോൾ ചൊല്ലുവാനായി ആദ്യം ഉദ്ദേശിച്ചിരുന്ന തുള്ളൽപ്പാട്ടു കൾ കാലക്രമേണ മലയാളത്തിലെ മുഖ്യ വിനോദമായിത്തീ രുകയാണുണ്ടായതു്. പന്ത്രണ്ടു ദിവസം നില്ക്കുന്ന ആ അടിയ ന്തിരക്കാലത്തുണ്ടാകുന്ന കളികളിൽ പറയൻ, ശീതങ്കൻ, ചോവൻ, പരദേശി എന്നിങ്ങനെ പല വേഷങ്ങളും പുറപ്പെ ടുന്നു. ശീതങ്കൻെറ കുരുത്തോലയും ഗാനരീതിയും അതിലും കാണുന്നുണ്ട്. ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നൊക്കെ യാണു് അതിനും പറയുക. ഈ 'പടേണിക്കു' തുള്ളുവാൻവേ ണ്ടി ഉണ്ടാക്കിക്കൊടുത്ത പേക്കോലങ്ങളാണു് പിന്നീടു തുള്ളലായി രൂപാന്തരപ്പെട്ടതു്.

ഭടജനങ്ങടെയിടയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതംവരൂ.

എന്നു നമ്പ്യാർ സഭാപ്രവേശം തുള്ളലിൽ പറഞ്ഞിരിക്കുന്ന തു്, ഈ പടയണി അടിയന്തിരത്തെക്കുറിച്ചാണെന്നുള്ളതു നി സ്സംശയമാണു്'' എന്നു് മി: വി. എം. കുട്ടികൃഷ്ണമേനോൻ ബി. എ., ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ട്. നമ്പ്യാരുടെ കാല

ത്തിന്നു മുൻപുണ്ടായ 'കൃഷ്ണാർജ്ജുനവിജയം പറക്കുത്തു്' എന്ന ഒരു കൃതി തൻെറ കൈവശം വന്നു ചേൎന്നിട്ടുണ്ടെന്നും, നമ്പ്യാർ പറയൽതുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങാംതന്നെയാണു് അതിലും കാണുന്നതെന്നും മഹാകവി ഉള്ളൂർ പറയുന്നു; എന്നു മാത്രമല്ലാ, കൊ: വ: 919-ലെ (തിരുവനന്തപുരം) മതിലകത്തെ അല്പശി ഉത്സവത്തിന്നു്, മാത്തുപ്പണിക്കർ തൻെറ ശിഷ്യനായ ഇട്ടിക്കോതപ്പണിക്കരോടുകൂടി തുള്ളൽ കളിപ്പിക്കുവാൻ ചെന്നിരുന്നതായി കൊട്ടാരത്തിലെ കണക്കുകൊണ്ടു കാണുന്നുവെന്നും, അതിനടുത്തകാലത്തു് അതു കൂടാതെയും പല തുള്ളൽയോഗക്കാരും അവിടെ ചെന്നിരുന്നുവെന്നുംകൂടി അദ്ദേഹം എഴുതുന്നു. 918-ൽ, അതേ ഉത്സവത്തിന്നു്, "ശൂരനാട്ടു പൂവണക്കുറപ്പിനേയും അമ്പലപ്പുഴ തകഴിയിൽ കുഞ്ഞുനാരായണക്കുറപ്പിനേയും തുള്ളലിന്ന പാർത്തി"യതായി തിരുവനന്തപുരം ഊട്ടുവയ്പിലെ ഒരു ഗ്രന്ഥവരിയിൽ കാണുന്നുണ്ടെന്നു് ശ്രീവരാഹം ഇ. വി. പിള്ള അവർകളും പറയുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിന്നു മുൻപുതന്നെ തുള്ളൽരീതി നടപ്പിലിരുന്നുവെന്നും, അദ്ദേഹം അതിനെ പരിഷ്കരിച്ചു പ്രചരിപ്പിക്കുകമാത്രമേ ചെയ്തിട്ടുള്ളു എന്നുമാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

## കവിതയ്ക്കുള്ള പ്രത്യേകത

ലളിതമായ ഭാഷ, നിർദ്ദോഷമായ ഫലിതം, മൎമ്മവേധിയായ പരിഹാസം, പരിതഃസ്ഥിതികളുടെ പ്രതിഫലനം, സരസമായ വൎണ്ണനം, ലളിതങ്ങളായ ലോകോക്തികാം എന്നിവയാണു് നമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകാം.

കാവ്യനാടകാലങ്കാരങ്ങാം മാത്രമല്ലാ, വ്യാകരണത്തിലെ ഉപരിഗ്രന്ഥങ്ങാംകൂടി നമ്പ്യാർ വായിച്ചിരുന്നുവെന്നു് ധ്രുവചരിതം തുള്ളലിൽനിന്നു തെളിയുന്നുണ്ടു്. അതു് ഒരു വെറും പ്രസ്താവനയല്ലെന്നുള്ളതിന്നു് 'ഊട്ടുള്ളേടത്തെങ്ങ്ലൃക്കില്ല്' എന്നും, 'ജസ്സു ഭിസ്സു തസ്സു ഥസ്സു' എന്നും മററും തുള്ളലുകളിൽ

അങ്ങുമിങ്ങും കാണുന്ന പ്രയോഗങ്ങൾ ഒരു നല്ല തെളിവാകുന്നു. വ്യാകരണത്തിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചവർക്കല്ലാതെ ഇതു് ഒരിക്കലും സാദ്ധ്യമല്ല. സംസ്കൃതത്തിൽ ഇത്രമാത്രം പണ്ഡിതനായിരുന്ന നമ്പ്യാർ തുള്ളലുകളിലെ ഭാഷ അത്രമാത്രം ലളിതമാക്കിയതു് കരുതിക്കൂട്ടിത്തന്നെയായിരിക്കണം. എഴുത്തച്ഛൻേറയും നമ്പ്യാരുടേയും കൃതികൾ ഒന്നിച്ചു വായിച്ചു നോക്കിയാൽ മാത്രമേ, നമ്പ്യാർ ഇക്കാര്യത്തിൽ കാണിച്ച ഔചിത്യം വേണ്ടപോലെ വെളിപ്പെടുകയുള്ളു. 'ഭടജനങ്ങടെ പടയണിക്കു'' കേരളഭാഷയായാലേ യോജിക്കയുള്ളു എന്നു നമ്പ്യാർ തന്നെ ഒരിടത്തു പറഞ്ഞിട്ടുള്ള വരികൾ മുകളിൽ ഉദ്ധരിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു തൃപ്തിവരാഞ്ഞിട്ടെന്നപോലെ,

ഭാഷയായ്പറയാനുമടിയനു സംസ്കൃതത്തിലുമൊന്നുപോൽ
ദോഷഹീനപടുത്വമല്ലമദിപ്പതുണ്ടിവിടിന്നതിൽ
ശേഷിയില്ല ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ് പറയാമതിൽ ചില ദൂഷണം വരുമെങ്കിലും

എന്നു് 'കീചകവധ'ത്തിൽ അദ്ദേഹം വീണ്ടും പ്രസ്താവിക്കുന്നു. ഇങ്ങനെ പാമരന്മാർക്കുപോലും സുഗ്രഹമാകത്തക്കവിധം ലളിതമായ ഭാഷ പ്രയോഗിച്ചതുകൊണ്ടുതന്നെയാണു് നമ്പ്യാർ 'പൊതുജനങ്ങളുടെ കവി'യായിത്തീർന്നതു്.

നമ്പ്യാരുടെ ഫലിതപ്രയോഗപാടവം സുപ്രസിദ്ധമാണു്. ദീപസ്തംഭത്തെ വർണ്ണിച്ചു് ഓരോ ശ്ലോകമുണ്ടാക്കാൻ അടുത്തുനിന്നിരുന്ന കവികളോടു മഹാരാജാവു കല്പിച്ചതനുസരിച്ചു് പലരും ദീപസ്തംഭവർണ്ണനാപരമായി വലിയ വലിയ ശ്ലോകങ്ങൾ ഉണ്ടാക്കിയതുകണ്ടു് കുഞ്ചൻ അവരെ പരിഹസിക്കാനായി,

ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏഷാം ശ്ലോകാനാമല്ലാതൊന്നും ന വിദ്യതേ

എന്ന ഒരു ചെറിയ ശ്ലോകം ഉണ്ടാക്കിച്ചൊല്ലി മഹാരാജാവിനെപ്പോലും ചിരിപ്പിച്ചതും, 'പാൽപ്പായസം കയ്ക്കുന്നു'വെന്നു തമ്പു

രാജനെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി മനസ്സാക്ഷിക്കു വിരോധമായി മൊഴികൊടുത്ത നമ്പൂരിമാരെ, 'അടിയന്നു് ഈ കസ്സു് വളരെ ഇഷ്ടമാണു്'' എന്നു പറഞ്ഞു് നമ്പ്യാർ ഇളിഭ്യരാക്കിയതും മററും ഇതിലേക്കു നല്ല തെളിവുകളാകുന്നു. തുള്ളൽകൃതികളെ അത്രമാത്രം ആകർഷകങ്ങളാക്കിത്തീർത്തിട്ടുള്ളതുതന്നെ അവയിലെ ഫലിതപ്രയോഗങ്ങളാണെന്നു തീർത്തു പറയാം.

കണ്ണൻവാഴകണക്കെ തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ മുട്ടിൽ
കണ്ണുമയങ്ങി വിശന്നു തളന്നൊരു
മണ്ണിൽ മലൎന്നു കിടന്നുഴലുന്നതു

കണ്ടു സന്തോഷിക്കാനാണത്രെ ദുര്യോധനൻ കാട്ടിലേക്കു 'ഘോഷയാത്ര' പുറപ്പെട്ടതു്. അവിടെച്ചെന്നെത്തിയപ്പോൾ ഓർത്തിരിക്കാതെ ചിത്രസേനനുമായി യുദ്ധത്തിൽ ഏൎപ്പെടേണ്ടിവന്നു. പരാജയമായിരുന്നു ഫലം. തോററോടുന്ന ദുര്യോധനസൈന്യത്തിൻെറ ചിത്രീകരണം ആരേയും ചിരിപ്പിക്കുന്നതാണു്.

"മലയുടെ മുകളിൽച്ചെന്നു കിടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ,
വലിയൊരു പുലി വന്നടിയും കൂട്ടി-
ത്തലയുംകൊണ്ടു തിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരു മാർഗ്ഗേ
വലയും കെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹ പാർക്കുന്നേരം
വലയിൽച്ചെന്നു വലഞ്ഞാനൊരുവൻ;
വലയിളകുന്നതു കണ്ടൊരു വേടൻ
കലയെന്നോൎത്തൊരു ബാണമയച്ചാൻ;
തലയിൽക്കൊണ്ടു തറച്ചതുകൊണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനിഹ വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ.''

“മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോട്ടക പാരം ദണ്ഡം,
മദ്ദളമൊരുദിശി കാട്ടിലെറിഞ്ഞി-
ട്ടദ്രിക്കീന്നഥ ധാവതി ചെയ്തു;
ഒരുഭാഗത്തെത്തോലു പിളൎന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ,
പെരുവഴിതന്നിലുരുണ്ടു തിരിച്ചാൻ
പെരുതായീടിന ചെണ്ടക്കാരൻ.”

‘കായം കിട്ടുകിലതു ബഹുലാഭം’ എന്നു കരുതി പ്രാണരക്ഷാൎത്ഥം ഓടിപ്പോയ സൈന്യത്തിൻെറ ഈ വക പരിഭ്രമങ്ങൾ ഇത്ര സരസമായി വൎണ്ണിക്കാൻ നമ്പ്യാൎക്കല്ലാതെ സാധിക്കുമെന്നു തോന്നുന്നില്ല.

പട കേറിയ കോലാഹലത്തിനിടയിൽ,

കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ലക്കിയ തോരൻമുണ്ടും പോയി
നീലിപ്പെണ്ണിനു താലികൾ പോയി

എന്നും മററും വൎണ്ണിക്കാനാണു് നമ്പ്യാൎക്കു് തിടുക്കം. ധ്രുവൻ പഞ്ചപ്രാണങ്ങളടക്കി തദേകതാനനായി തപസ്സുതുടങ്ങിയ അവസരത്തിൽ, ശ്വാസരോധംനിമിത്തം ലോകത്തിനുണ്ടായ വിഷമാവസ്ഥയെ ഫലിതം നിറഞ്ഞ രീതിയിലാണു് നമ്പ്യാർ വൎണ്ണിച്ചിട്ടുള്ളതു്.

“മാരുതസഞ്ചാരമെല്ലാമടങ്ങുക
കാരണം ദാരുണമായ ദശാന്തരേ
കൊത്തിച്ചമച്ച മരപ്പാവകൾപോലെ
മൎത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്.
ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു്;

കണ്ടിരിക്കുന്നവൻ കണ്ണും തുറന്നങ്ങു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു;
മുണ്ടുടുക്കുന്നവൻ രണ്ടു കരംകൊണ്ടു
മുണ്ടും ഞൊറിഞ്ഞു പിടിച്ചു നിന്നീടുന്നു;
കുഞ്ഞി കോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീട്ടനങ്ങാതിരിക്കുന്നു;
പാട്ടു പാടുന്നവൻ കയ്യും ചെവിക്കൽ വെ-
ച്ചൊട്ടു വായും പിളർന്നങ്ങനേ നില്ക്കുന്നു."

ഇതാണ് ആ ഭാഗം. ഇതു വായിച്ചാൽ ആരാണ് ചിരിക്കാതെയിരിക്കുക?

സ്വയംവരത്തിനു ചെന്നുകൂടിയ ഒരു കാമകിങ്കരൻ തൻെറ സാമർത്ഥ്യം കാണിക്കുന്നതിനായി മുമ്പിലിരിക്കുന്ന ആളുടെ തലയെ ചെണ്ടയാക്കി '28 കലാശ'വും കൊട്ടിക്കലാശിപ്പിച്ചുപോലും! ത്രിപുരന്മാരുടെ പടയിളക്കത്തിൽ പത്തുനൂറസുരന്മാർ തൻെറ വീടു കുത്തിത്തകർത്തപ്പോൾ "ഉത്തരത്തിൻ മുകളേറിപ്പാർത്തുപോലും കുഞ്ഞുരാമൻ, കൊത്തി വെച്ച പാവയെന്നങ്ങോർത്തുപോയാരസുരന്മാർ" എന്നാണ്, നായന്മാരുടെ ഭീരുത്വത്തെക്കൂടി സൂചിപ്പിച്ചുകൊണ്ട് നമ്പ്യാർ വർണ്ണിച്ചിരിക്കുന്നതു്. ശത്രുക്കളെപ്പേടിച്ച് ഉത്തരത്തിന്മേലേറി കൊത്തിവെച്ച പാവപോലെ അനങ്ങാതെയിരിക്കുന്ന 'കുഞ്ഞുരാമ'ൻെറ രൂപം ആരെയാണ് ചിരിപ്പിക്കാത്തതു്? നമ്പ്യാരുടെ ഫലിതപ്രയോഗത്തിനു് ഇങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും.

നമ്പ്യാരുടെ കവിതകളിൽ കാണുന്ന മറെറാരു പ്രത്യേകത മർമ്മസ്പൃക്കായ പരിഹാസമാകുന്നു.

സമുദായാംഗങ്ങളുടെ ഇടയിൽ കാണുന്ന ചാപല്യങ്ങളേയും കുചേഷ്ടിതങ്ങളേയും പരിഹസിച്ച്, തദ്വാരാ അവയെ പരിഹരിച്ച്, സമുദായ ശരീരത്തെ അരോഗദൃഢമാക്കിത്തീർക്കുന്നതിനു

വേണ്ടിയാണു് നമ്പ്യാർ പരിഹാസം പ്രയോഗിച്ചിട്ടുള്ളതു്. ധനതൃഷ്ണ, അഹങ്കാരപ്രമത്തത, അസൂയ, കാപട്യം, അവസരസേവാശീലം മുതലായ ദുർഗ്ഗുണങ്ങളെ നമ്പ്യാർ ആക്ഷേപിച്ചിട്ടുള്ളതിനു കണക്കില്ല. ഏതു കഥയിലും നമ്പ്യാർ പരിഹാസത്തിനു സന്ദർഭമുണ്ടാക്കും. ഈ സമ്പ്രദായം ചാക്യാരിൽനിന്നായിരിക്കാം അദ്ദേഹം പഠിച്ചതു്. എന്നാൽ തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ നമ്പ്യാരിലെത്തിയപ്പോൾ അതു വളരെ വികസിച്ചുവെന്നു സമ്മതിക്കണം.

കരുണയില്ലാത്ത ഭരണാധികാരികൾ, ഏഷണിക്കാരായ രാജസേവകന്മാർ, കൈക്കൂലിക്കാരും കാമകിങ്കരന്മാരുമായ ഉദ്യോഗസ്ഥന്മാർ, ബഹുഭാര്യത്വം ഒരന്തസ്സാണെന്നു കരുതിയിരുന്ന പ്രഭുക്കന്മാർ, ഭാര്യമാക്കു് ദാസ്യപ്രവൃത്തിചെയ്യുന്ന ഭോഷന്മാർ, ഭർത്താക്കന്മാരെ കുരങ്ങുകളിപ്പിക്കുന്ന ഭാര്യമാർ, കള്ളിനും കറപ്പിനും വേണ്ടി തോക്കും തുമ്പയും പണയംവെയ്ക്കുന്ന നായന്മാർ, കള്ളുകുടിച്ചു തൊള്ളതുറക്കുന്ന ഭടജനങ്ങൾ മുതലായവരെല്ലാം നമ്പ്യാരുടെ പരിഹാസശരങ്ങൾക്കു ലക്ഷ്യമായിട്ടുണ്ടു്.

കുററങ്ങളും കുറവുകളും പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് നമ്പ്യാർ അവയെ ചൂണ്ടിക്കാണിച്ചു പരിഹസിച്ചിരുന്നതു്. ഈ വിഷയത്തിൽ ആ പരിഹാസപ്രിയൻ സമുദായഭേദത്തെ വകവെച്ചിരുന്നില്ല.

കിട്ടിയതൊന്നും മതിയാവില്ലാ
പട്ടന്മാൎക്കു ബോധിക്കേണം;
പിശകിപ്പിശകി വിളമ്പിച്ചങ്ങനെ
ചിങ്ങൻപഴവും തൈരുംകൂട്ടി–
ച്ചുളുപിളെയാക്കിശ്ലേഷിപ്പിച്ചതു
വെളുവെളെ വാരി വിതച്ചു തിരിച്ചും,
പപ്പടവും പഴവും പഞ്ചാരയു–
മപ്പോളത്തന്നൊരു മുണ്ടിൽ കെട്ടിയി–

ടത്തെകയ്യിലെടുത്തുംകൊണ്ടു പു-
റത്തെയ്ക്കങ്ങു പുറപ്പെട്ടുടനേ
വെററില പുകയില കൊാംവാനായതു
വീറര പിടിച്ചു തിരിച്ചു നടക്കും.

എന്നും,

പട്ടന്മാരൊടു വസ്ത്രമെടുത്താൽ
പൊട്ടന്മാരിഹ തോല്ക്കേയുള്ളു.
എട്ടു പണം വിലയുള്ളതിനവർ പതി-
നെട്ടു പണം വിലവെച്ചു കൊടുക്കും;
അവരൊടു ചെന്നു കടം കൊണ്ടെങ്കിൽ
ഭവനം കൂടെ നശിക്കാറാകും;
പത്തിനു കാലു കൊടുക്കണമപ്പോൾ
പത്തിനു രണ്ടര പലിശയുമായി;
വീട്ടുവതിന്നു തരംകൂടാഞ്ഞാൽ
വീട്ടിൽ കേറിപ്പാടുകിടക്കും

എന്നും,

മുതുവിപ്രൻ പണമെന്നോർക്കുമ്പോൾ
പുതുവിപ്രൻ താനെന്നൊരു ഭാവം
കാശിക്കപ്പുറമെങ്കിലുമിന്നൊരു
കാശിനു വകയുണ്ടെന്നാൽ മണ്ടും;
എഴുപത്തെട്ടു വയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനനിത പോകുന്നു;
കൊടുവെയിൽ തട്ടിച്ചുട്ട കഷണ്ടിയി-
ലൊരുപിടി നെല്ലും മലരു പൊരിക്കാം.

എന്നും മററും, ബ്രാഹ്മണരുടെ അഷ്ടിപ്രിയതയേയും പണക്കൊതിയേയും കളിയാക്കുന്ന കവിതന്നെയാണു്,

നായന്മാരെക്കൊണ്ടൊരു ഫലമി-
ല്ലായുധമുള്ളവർതന്നെ ചുരുക്കം;

കള്ളുകുടിപ്പാനല്ലാതൊന്നിന്നു
കൊള്ളരുതാത്ത ജളന്മാരേററം.
തടിയന്മാരിവർ വീട്ടിലശേഷം
മടിയന്മാർ ചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിന്നു കൊള്ളാം?

എന്നും,

തള്ളമാരെപ്പൊറുപ്പിക്കാതുള്ള കള്ളക്കശ്മലൻെറ
ഭള്ളു കണ്ടാലൊന്നുരണ്ടു തൊഴിപ്പാനാരുമില്ലല്ലോ.
കള്ളു തെണ്ടിനടപ്പാനേ കാലമുള്ളു തൻെറ കയ്യി-
ലുള്ളതെല്ലാം വകയാക്കിക്കൈക്കുടഞ്ഞു പുറപ്പെട്ടു

എന്നും,

നായന്മാരിവരെന്തറിയാഞ്ഞു?
കള്ളന്മാരിവർ മൂക്കോളം ബത
കള്ളുകുടിച്ചു മദിച്ചു മയങ്ങി-
ത്തൊള്ള തുറന്നു മലൎന്നു കിടന്നുട-
നുള്ളൊരു കാലമുറങ്ങുവതിന്നോ?

എന്നും മററും നായന്മാരേയും കണക്കററു പരിഹസിക്കുന്നതു്. നാടുവാഴികളുടെ വങ്കത്തരങ്ങളെ തുറന്നു പറയുന്നതിനുപോലും നമ്പ്യാർ മടിച്ചിട്ടില്ല. അതിനും ധാരാളം ഉദാഹരണങ്ങൾ തുള്ളലുകളിലുണ്ടു്.

സമുദായത്തിൻെറ ആണിക്കല്ലു് സ്ത്രീകളായതുകൊണ്ടായിരിക്കാം, അവരെസ്സംബന്ധിച്ചു നമ്പ്യാർ കൂടുതൽ ശ്രദ്ധചെലുത്തിയതു്. ബഹുഭാര്യാത്വത്തേയും ബഹുഭർത്തൃത്വത്തേയും നമ്പ്യാർ ഒരുപോലെ വെറുത്തിരുന്നു എന്നു തുള്ളലുകളിൽനിന്നു തെളിയുന്നുണ്ടു്.

നാലഞ്ചു ഭർത്താവൊരുത്തിക്കുതാനതു
നാലുജാതിക്കും വിധിച്ചതല്ലോക്കണം.

നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ-
വാലുള്ള വാനരന്മാർക്കും ചിതം വരാ

എന്നു പറയുന്ന കവിതന്നെയാണു്,

രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും

എന്നു് അധിക്ഷേപിക്കുന്നതും. ജ്യേഷ്ഠാനുജന്മാർകൂടി ഒരുത്തിയെ ഭാര്യയാക്കിവെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം മൃഗങ്ങളെപ്പോലും വെറുക്കുന്ന ഒന്നാണെന്നുള്ള വാഗസ്ത്രം, അന്നു ബഹുഭർതൃത്വം ആചരിച്ചിരുന്ന വല്ലക്കൂട്ടരേയും ഉദ്ദേശിച്ചു പ്രയോഗിച്ചതായിരിക്കണം. *

ഭാര്യമാരുടെനേരേ എപ്പോഴും ദുർമ്മുഖം കാട്ടുന്ന ഭർത്താക്കന്മാരെപ്പററി,

കൊല്ലുന്നതിനെക്കാളും ശല്യമായിട്ടുള്ളോരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം;
എടുത്തെന്നാലതും കുററം, എടുക്കാഞ്ഞാലതും കുററം,
കൊടുത്തെന്നാലതും കുററം, കൊടുക്കാഞ്ഞാലതും കുററം,

എന്നിങ്ങനെയാണു് ശീലാവതീചരിതത്തിൽ നമ്പ്യാർ വർണ്ണിക്കുന്നതു്. അതുപോലെതന്നെ,

അച്ചിക്കു ദാസ്യപ്രവൃത്തിചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം.

എന്നു വർണ്ണിക്കുവാനും നമ്പ്യാർ മടിച്ചിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ, സമുദായത്തിൻെറ സുസ്ഥിതിയായിരുന്നു നമ്പ്യാരുടെ പരിഹാസത്തിൻെറ പരമലക്ഷ്യം.

പുറമപാട്ടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുന്നതിനു നമ്പ്യാരോളം സന്നദ്ധത കാണിച്ചിട്ടുള്ള കവികൾ നമ്മുടെ ഇട

---

* ചിലരുടെ ഇടയിൽ വളരെ അപൂർവ്വമായിട്ടാണെങ്കിലും, ഈ സമ്പ്രദായം ഇന്നും നടപ്പിലുണ്ടത്രെ.

യിൽ അധികംപേരില്ല. അയോദ്ധ്യയിലും അളകാപുരിയിലും, ലങ്കയിലും ദ്വാരകയിലും, എന്നുവേണ്ട സ്വർഗ്ഗത്തിലും പാതാളത്തിലും, എല്ലാം കേരളീയർതന്നെ. കേളച്ചാരും കാളിപ്പെണ്ണും, കേളനും കോന്നനും, ഇച്ചിരിയും ഇട്ടൂണ്ണീലിയും, പട്ടരും പണിക്കരച്ചനും, അവിടങ്ങളിലൊക്കെച്ചെന്നു ചേർന്നിട്ടുണ്ട്. അവിടത്തെ രാജാക്കന്മാരുടെ വേഷഭൂഷാദികളും ആചാരങ്ങളും കേരളത്തിൽ കാണുന്നതുതന്നെ. ദ്വാരകാപുരിയിൽ സൈന്യശേഖരം നടത്തുമ്പോൾ 'നാട്ടിലിരിക്കും നായന്മാരെ'ക്കൂടാതെ,

പട്ടാണികൾ പല കുന്തക്കാരും
കോട്ടപ്പടിയിൽ കാവല്ക്കാരും,
കാട്ടാളന്മാർ മുക്കോൽപ്പരിഷകൾ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തു സ-
ഹസ്രാധികമിഹ വന്നീടേണം.

എന്നാണ് 'സർവ്വസേനാധിപ'നായ നീലാംബരൻ പ്രഖ്യാപനംചെയ്യുന്നതു്. ദുര്യോധനൻ സേനകൾക്ക് സദ്യ നൽകിയതിനുള്ള വിഭവങ്ങൾ എരിശ്ശേരിയും പുളിശ്ശേരിയും ഓലനും കാളനും ചക്കപ്രഥമനും പാല്പായസവും മററും ആയിരുന്നത്രെ. ചിലർക്ക് 'കടൽവാഴയ്ക്കാക്കറി'യും ഉണ്ടായിരുന്നുപോലും! ഹംസം കുണ്ഡിനത്തിലേക്ക് പറന്നുപോകുന്ന വഴിയ്ക്കു് കണ്ട കാഴ്ചകളെ വർണ്ണിക്കുമ്പോൾ 'വീട്ടുകളിൽ ചില നായന്മാരുടെ മൂഢതകൊണ്ടൊരു ഘോഷം കണ്ടു'—'അച്ചികളോടു കലമ്പിച്ചിലർ കലമെച്ചിലിലിട്ടു തകർക്കുന്നതു കണ്ടു' എന്നും മററും പറയാൻ നമ്പ്യാർക്ക് ഒരു മടിയുമില്ല.

അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്തും

മററമാണ് രാവണസൈന്യം ശത്രുരാജ്യങ്ങളെ ആക്രമിക്കുവാൻ പോകുന്നതു്. നമ്പ്യാരുടെ 'രുഗ്മിണീസ്വയംവരം' വായിച്ചാൽ അതു് അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന തൃത്താലിച്ചാർത്താണെന്നേ നമുക്കു് തോന്നുകയുള്ളു; തന്റെ ചുററുപാടുകളെ വിസ്മരിച്ചു് കവിതയെഴുതാൻ കുഞ്ചൻനമ്പ്യാർക്കു കഴിഞ്ഞിരുന്നില്ലെന്നാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

സൂക്ഷ്മസ്വഭാവം വർണ്ണിച്ചു് വർണ്ണ്യവിഷയത്തിനു് തന്മയത്വം വരുത്തുക എന്നതാണു് നമ്പ്യാർക്കുള്ള മറെറാരു പ്രത്യേകത. പ്രകൃതിയിലെ കാഴ്ചകൾ, ജന്തുക്കളുടെ ആകൃതിയും പ്രത്യേകസ്വഭാവവും, എന്നിവ വർണ്ണിക്കുന്നതിൽ നമ്പ്യാർക്കു് ഒരു പ്രത്യേകപാടവംതന്നെയുണ്ടായിരുന്നു.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ്പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങിനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചുകോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങി വിങ്ങിത്തദാ.

എന്ന കദളീവനവർണ്ണനം ഒരു ഒന്നാംതരം തൂലികാചിത്രംതന്നെയായിട്ടുണ്ടെന്നു പറയാം.

ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂകണക്കെ നേത്രങ്ങളു-
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവ്വതംപോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽ പലതരം

ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വീര്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം.

വേടൻെറ ഈ വാക്ചിത്രം നമ്പ്യാരുടെ വർണ്ണനാസാമർത്ഥ്യത്തെ തെളിയിക്കുന്ന മററൊരു ദൃഷ്ടാന്തമാകുന്നു

ഒന്നുകുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു.
ചിറകിനകത്തു കടിച്ചുകിടക്കും
ചെറുപേൻ കൊതുകുകളീച്ചകൾ പുഴവും
തിറവിയ കൊക്കുകൾകൊണ്ടു കടിച്ചിഹ
കൊറുകൊറെയങ്ങു കൊറിച്ചുതുടങ്ങി;
ഒരു കാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറുകിത്തത്തി നടന്നുതുടങ്ങി.

നളനിൽനിന്നു വിമുക്തിനേടിയ ഹംസത്തിൻെറ ഈ വർണ്ണനയിൽനിന്നു്, ജന്തുക്കളുടെ പ്രത്യേകസ്വഭാവം വർണ്ണിക്കുന്നതിൽ നമ്പ്യാർക്കുള്ള പാടവം നല്ലപോലെ തെളിയുന്നുണ്ടല്ലോ. ഇതുപോലെയുള്ള രസികൻ വർണ്ണനകൾ തുള്ളലുകളിൽനിന്നു് എത്രവേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും.

തുള്ളലുകളിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ലളിതങ്ങളായ ലോകോക്തികളും ജനസാമാന്യത്തിൻെറ ഇടയിൽ ധാരാളം സ്വാധീനശക്തി ചെലുത്തീട്ടുണ്ടു്. അവയിലെ പല വരികളും പഴഞ്ചൊല്ലുകളെപ്പോലെയായിത്തീൎന്നിട്ടുണ്ടെന്നുകൂടി പറയാം. ചില ലോകോക്തികൾ താഴെ ഉദ്ധരിക്കാം.

1. മുല്ലപ്പൂമ്പൊടിയേററുകിടക്കും
   കല്ലിനുമുണ്ടാമൊരു സൌരഭ്യം
2. കനകംമൂലം കാമിനിമൂലം
   കലഹം പലവിധമുലകിൽ സുലഭം.

3. പണമെന്നുള്ളതു കയ്യിൽ വരുമ്പോരം
ഗുണമെന്നുള്ളതു ദൂരത്താകും.

4. കയ്യിൽ കിട്ടിയ കനകമുപേ-
ക്ഷിയ്ക്കും കൊരംവാനിച്ചീടേണ്ട.

5. തരുണീതരുണന്മാരന്യോന്യം
തരമായ്വരുവാൻ ദുർഘടമത്രേ.

6. ആശാനക്ഷരമൊന്നു പിഴച്ചാ-
ലമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്.

7. വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ട-
മൂട്ടിലും കിട്ടാ ദരിദ്രനെന്നോർക്കണം.

8. തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാന്മാർക്കും.

9. എമ്പ്രാനപ്പം കട്ടു ഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കക്കും.

10. നിന്നോതിക്കോൻ മുള്ളുന്നേരം
ഉണ്ണികരം മരമേറീട്ടും മുള്ളും.

നമ്പ്യാരുടെ പ്രത്യേകതകളായി ഇവിടെ വിവരിച്ച ഓരോ ഇനത്തിനും ഈ സ്യമന്തകം തുള്ളലിലും ഉദാഹരണങ്ങരം ധാരാളം കാണാം. ആ ഭാഗങ്ങരം വിദ്യാത്ഥികരം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ജനകീയകവി

സാധാരണന്മാർക്കുവേണ്ടി, സാധാരണന്മാർക്കു മനസ്സിലാകുന്ന ഭാഷയിൽ, സാധാരണന്മാരെ സംബന്ധിക്കുന്ന കാര്യങ്ങരം പറയുന്നവൻ എന്നത്ഥത്തിലാണല്ലോ ഇന്ന് 'ജനകീയകവി' എന്ന വാക്കു പ്രയോഗത്തിൽ വന്നിട്ടുള്ളത്. കുഞ്ചൻ നമ്പ്യാർ തികച്ചും ഒരു ജനകീയകവിയായിരുന്നു. അദ്ദേഹത്തി

ൻെറ കവിതയുടെ ലക്ഷ്യംതന്നെ സാധാരണജനതയായിരുന്നു. രാജാക്കന്മാരുടെ കൊട്ടാരങ്ങളിൽ നടക്കുന്ന സംഭവങ്ങളെ വർണ്ണിക്കുന്ന ഘട്ടങ്ങളിൽപോലും അവിടെയുള്ള സാധാരണജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണു് നമ്പ്യാരുടെ ശ്രദ്ധയെ അധികമായി ആകർഷിക്കാറുള്ളതു്.

പണ്ഡിതപക്ഷപാതികളായിരുന്ന മഹാരാജാക്കന്മാരുടെ 'പൊക്കച്ചോറി'നെ ആശ്രയിച്ചുപജീവിച്ച ഒരു കവി ആ മഹാരാജാക്കന്മാരേയും അവരുടെ ഉദ്യോഗസ്ഥവൃന്ദത്തേയും ആക്ഷേപിച്ചു കവിതയെഴുതിയതു് അത്ര നിസ്സാരമായി കണക്കാക്കാവുന്ന ഒരു കാര്യമല്ല; പ്രത്യേകിച്ചും അന്നത്തെക്കാലത്തു്. അതുവരെയുള്ള പതിവിനു വിപരീതമായി, സാധാരണജനതയെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പററി ധാരാളം എഴുതിയതും വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നത്രെ. നീലിപ്പെണ്ണിനേയും കണ്ടച്ചാരേയുംപററി നമ്പ്യാർ പാടി; അവരുടെ പ്രണയചാപല്യങ്ങളെപ്പററി, അവരുടെ കുടുംബകലഹങ്ങളെപ്പററി, അവരുടെ സാമ്പത്തികദുരിതങ്ങളെപ്പററി, അവരുടെ സാമൂഹ്യന്യൂനതകളെപ്പററി, അവരെ ഞെക്കിപ്പിഴിയുന്ന ഉദ്യോഗസ്ഥന്മാരെപ്പററി —ഇങ്ങനെ സാധാരണന്മാരെ സ്പർശിക്കുന്ന എല്ലാം കാര്യങ്ങളെപ്പററിയും കുഞ്ചൻനമ്പ്യാർ പാടി. സ്വർഗ്ഗമോ നരകമോ, അയോദ്ധ്യയോ ദ്വാരകയോ എന്തുതന്നെ വർണ്ണിച്ചാലും നമ്പ്യാരുടെ കണ്ണു് സാധാരണന്മാരുടെമേലായിരുന്നു. താന്താങ്ങളെ സ്പർശിക്കുന്ന വിഷയങ്ങളെപ്പററി ആരെങ്കിലും എന്തെങ്കിലും പറയുമ്പോഴാം ആളുകളുടെ ശ്രദ്ധ അങ്ങോട്ടേക്കു തിരിയുക സാധാരണമാണല്ലോ. തുള്ളലുകാം ജനങ്ങളെ കൂടുതലായി ആകർഷിച്ചതു് എന്തുകൊണ്ടാണെന്നു് ഇതിൽനിന്നു സ്പഷ്ടമാകും.

സാധാരണന്മാരുടെ അടുക്കലേക്കു് ഇറങ്ങിച്ചെന്നു് അവരുടെ ഇടയിൽ ഒരാളായിത്തീരുകയല്ല, മാനസികമായും സാംസ്കാരികമായും അവരെ ഉയർത്താൻ ശ്രമിക്കുകയാണു് നമ്പ്യാർ

ചെയ്തതു്. അതെങ്ങനെയാണു് അദ്ദേഹം സാധിച്ചതെന്നു് നാം കണ്ടുകഴിഞ്ഞതല്ലോ.

## സ്യമന്തകം മൂലകഥ

ഭാഗവതം ദശമസ്കന്ധം അൻപത്താറാമദ്ധ്യായത്തിൽ നാല്പത്തഞ്ചു ശ്ലോകങ്ങളിലായി വിവരിച്ചിട്ടുള്ള 'സ്യമന്തകോപാഖ്യാന'മാണു് ഈ തുള്ളലിലെ മൂലകഥ. ആ കഥ ഇങ്ങനെ സംഗ്രഹിക്കാം.

സത്രാജിത്തു് എന്നു പേരായ ഒരു യാദവൻ കഠിനമായ തപസ്സുചെയ്തു് സൂര്യഭഗവാനെ സംപ്രീതനാക്കി. സൂര്യൻ ആ യാദവൻെറ ഭക്തിപാരമ്യത്തിൽ സന്തുഷ്ടനായി അദ്ദേഹത്തിനു് 'സ്യമന്തകം' എന്ന രത്നം സമ്മാനിച്ചു. ആ രത്നംവെച്ചു സൂക്ഷിക്കുന്ന സ്ഥലം ഐശ്വര്യസമൃദ്ധമായിത്തീരുമെന്നതിനു പുറമേ, ദിവസംതോറും എട്ടെട്ടുഭാരം സ്വൎണ്ണം അതിൽനിന്നു ലഭിക്കുകയും ചെയ്യുമെന്നു പറഞ്ഞിട്ടാണു്, സൂര്യൻ അതു സത്രാജിത്തിനു സംഭാവനചെയ്തതു്. സത്രാജിത്തു് അതുംകൊണ്ടു ദ്വാരകയിലെത്തി. യദുക്കളുടെ രാജാവിനുവേണ്ടി ശ്രീകൃഷ്ണൻ ആ രത്നം സത്രാജിത്തിനോടാവശ്യപ്പെട്ടു. അമിതമായ ദ്രവ്യേച്ഛകൊണ്ടാണു് ശ്രീകൃഷ്ണൻ അതാവശ്യപ്പെട്ടതെന്നു തെററിദ്ധരിച്ചു് രത്നവുംകൊണ്ടു് സത്രാജിത്തു മടങ്ങിപ്പോയി.

അങ്ങനെയിരിക്കെ ഒരുദിവസം സത്രാജിത്തിൻെറ സഹോദരനായ പ്രസേനൻ ആ രത്നവും അണിഞ്ഞുകൊണ്ടു് കുതിരപ്പുറത്തുകയറി നായാട്ടിനു പുറപ്പെട്ടു. കാട്ടിൽവെച്ചു് ഒരു സിംഹം പ്രസേനനെ കൊന്നു് രത്നവുംകൊണ്ടു കടന്നുകളഞ്ഞു. യാദൃച്ഛികമായി അവിടെയെത്തിയ ജാംബവാൻ ആ സിംഹത്തെ കൊന്നു രത്നം കൈക്കലാക്കുകയും വീട്ടിൽകൊണ്ടുപോയി അതു കുട്ടികാംക്കു കളിക്കാൻ കൊടുക്കുകയും ചെയ്തു.

പ്രസേനൻ മടങ്ങിവന്നുകാണായ്കയാൽ സത്രാജിത്തു വളരെ വ്യസനിച്ചു. വളരെയൊക്കെ അന്വേഷിച്ചിട്ടും യാതൊരു

വിവരവും കിട്ടായ്കയാൽ, ശ്രീകൃഷ്ണൻ അനുജനെ കൊന്നു സ്യമന്തകം കൈയ്ക്കലാക്കിയതായിരിക്കാമെന്നു് സത്രാജിത്തു് ഊഹിച്ചു. കണ്ണാകണ്ണികയാ ഈ വിവരം നാട്ടിൽ പരന്നു. ഈ ദുഷ്കീർത്തി ഇല്ലാതാക്കുന്നതിനായി ശ്രീകൃഷ്ണൻ ഏതാനും യാദവന്മാരോടുകൂടി പ്രസേനനെ അന്വേഷിച്ചു പുറപ്പെട്ടു. കാട്ടിലെത്തിയപ്പോൾ ഒരിടത്തു് പ്രസേനനും കുതിരയും, അതിനപ്പുറത്തായി ഒരു സിംഹവും ചത്തുകിടക്കുന്നതായി കണ്ടു. അവിടെക്കണ്ട കാലടികളെത്തുടൻകൊണ്ടു മുന്നോട്ടുപോയ ശ്രീകൃഷ്ണൻ ജാംബവാൻെറ ഗുഹയിലെത്തിച്ചേർന്നു. അവിടെ ഒരു കുട്ടി സ്യമന്തകരത്നംകൊണ്ടു കളിച്ചുകൊണ്ടിരിക്കുന്നതുകണ്ടു് അതെടുക്കാനായി അദ്ദേഹം മുന്നോട്ടുചെന്നു. പരിചയമില്ലാത്ത ഒരു മനുഷ്യനെ കണ്ടു ധാത്രി ബഹളം കൂട്ടുകയാൽ ജാംബവാൻ ഓടിയെത്തി.

ആഗതനായ പുരുഷൻ ശ്രീകൃഷ്ണനാണെന്നറിയാതെ ജാംബവാൻ ഇരുപത്തെട്ടുദിവസം അദ്ദേഹവുമായി യുദ്ധം ചെയ്തു. ഒടുവിൽ അഹങ്കാരം ശമിച്ച ജാംബവാൻ കണ്ണുതുറന്നു നോക്കുകയും, ആളെ മനസ്സിലാക്കി പശ്ചാത്തപിച്ചു് സ്യമന്തകം മാത്രമല്ല, തൻെറ മകളായ ജാംബവതിയെക്കൂടി ശ്രീകൃഷ്ണനു സമ്മാനിക്കയും ചെയ്തു. ശ്രീകൃഷ്ണൻ ദ്വാരകയിലെത്തി സത്രാജിത്തിനെ വരുത്തി പരമാർത്ഥം മുഴുവൻ വിവരിച്ചു് രത്നം അദ്ദേഹത്തിനു കൊടുത്തു. താൻ പറഞ്ഞുപരത്തിയ അപവാദത്തിൽ പശ്ചാത്തപിച്ച സത്രാജിത്തു് അതിനു് പരിഹാരമെന്നവണ്ണം തൻെറ മകളായ സത്യഭാമയെ ശ്രീകൃഷ്ണനു വിവാഹംകഴിച്ചുകൊടുത്തു. സ്ത്രീധനമെന്നനിലയിൽ സ്യമന്തകവും സമ്മാനിച്ചു. പക്ഷേ, സത്രാജിത്തിനു 'സ്യമന്തകരത്ന'ത്തിലുള്ള മമത നല്ലപോലെ മനസ്സിലാക്കിയ ശ്രീകൃഷ്ണൻ, 'രത്നം നിങ്ങൾതന്നെ സൂക്ഷിച്ചാൽമതി. നാം ബന്ധുക്കളായസ്ഥിതിക്കു് അതു് ആരു സൂക്ഷിച്ചാലും ഫലം ഒന്നുതന്നെയാണല്ലോ' എന്നുപറഞ്ഞു് ആ രത്നം സത്രാജിത്തിനുതന്നെ തിരികെ കൊടുത്തു.

ഫലിതത്തിനും തന്മയത്വത്തിനുംവേണ്ടി ഇടയ്ക്കിടയ്ക്കു ചില പൊടിക്കൈകഠം പ്രയോഗിച്ചിട്ടുണ്ടെന്നല്ലാതെ കുഞ്ചൻനമ്പ്യാർ ഈ മൂലകഥയിൽ പറയത്തക്ക യാതൊരു മാററവും വരുത്തിയിട്ടില്ല. 1. സത്രാജിത്തിൻെറ തപോനുഷ്ഠാനവിധികഠം; 2. സ്യമന്തകരത്നവുമായി ദ്വാരകയിലേക്കുചെന്ന സത്രാജിത്തിനെ കാണുവാൻ പുരസ്ത്രീകഠം കൂട്ടുന്നതിരക്ക്; 3. നായാട്ടുബഹളം; 4. ശ്രീകൃഷ്ണനെപ്പററിയുള്ള അപവാദം നാട്ടിൽ പ്രചരിച്ച സമ്പ്രദായം; 5. ജാംബവാൻെറ ഗുഹയിൽക്കണ്ട രാമായണകഥാചിത്രീകരണം; 6. ശ്രീകൃഷ്ണൻെറ വിവാഹമഹോത്സവം— ഇതെല്ലാം സന്ദർഭാനുഗുണമായി നമ്പ്യാർ വളരെ വിസ്തരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഭാഗങ്ങളിലാണ് നമ്പ്യാരെ അദ്ദേഹത്തിൻെറ തനിനിറത്തിൽ നമുക്കു കാണാൻകഴിയുന്നതു്.

ഒരു ചെറിയ ഉദാഹരണംകൊണ്ടു് ഇതു തെളിയിക്കാം. നായാട്ടിനു പോയ പ്രസേനൻ തിരികെ വരാതായ ഘട്ടത്തിൽ മൂലത്തിൽ ഇത്രമാത്രമേ പറഞ്ഞുകാണുന്നുള്ളു.

കാണാഞ്ഞിട്ടനുജൻതന്നെസ്സത്രാജിത്തഴലാന്നതേ<br>
'കാട്ടിൽപോയൊരനുജനെ ശ്രീകൃഷ്ണൻ കൊന്നതായ്‌വരാം<br>
രത്നംകൊതിച്ചെ'ന്നിതു കേട്ടോതി നാട്ടാർ നിഗൂഢമായ്.

മൂന്നു വരികളിലടങ്ങിയ ഈ ആശയം നമ്പ്യാരുടെ കൈയിൽ കിട്ടിയപ്പോഠം മുന്നൂറിലധികം വരികളായി പരന്നു. 'എന്പ്രാനപ്പം കട്ടുഭുജിച്ചാലമ്പലവാസികളൊക്കെക്കക്കും'—'നിന്നോതിക്കോൻ മുള്ളുന്നേരം ഉണ്ണികഠം മരമേറീട്ടും മുള്ളും' എന്നും മററുംപറയാതെ ഈ ഭാഗം അവസാനിപ്പിക്കാൻ നമ്പ്യാർക്കു സാദ്ധ്യമല്ല.

ഇങ്ങനെയുള്ള ഭാഗങ്ങളിൽ ബഹുഭാഷിയായിത്തീരുക എന്നതു് നമ്പ്യാരുടെ സഹജമായ സ്വഭാവമാണ്. എങ്കിലും, ഇക്കാര്യത്തിൽ എഴുത്തച്ഛൻ നമ്പ്യാർക്കു മാർഗ്ഗദർശിയായിത്തീർന്നി

ട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭാഗവതം കിളിപ്പാട്ടിൽ ഈ ഭാഗം വിവരിച്ചിട്ടുള്ളതു് ഇങ്ങനെയാണു്,

"കാനനേ നായാട്ടിനായ്പോയൊരു പ്രസേനൻ താൻ
വന്നതില്ലതിനാലേ തിരഞ്ഞു സത്രാജിത്തും
കാടതിൽത്തിരഞ്ഞെങ്ങും കാണാഞ്ഞു ദുഃഖത്തോടും
വീടതിൽവന്നു പറഞ്ഞീടിനാൻ രഹസ്യമായ്.
'മുന്നമെന്നോടു മണി ചോദിച്ചിതൊരു പുമാൻ
തന്നീടുകെന്നു കൊടുത്തീലന്നു ഞാനുമപ്പോാം.
എന്നുടെ സഹജനെക്കൊന്നവൻ മണിയതു-
മിന്നു കൊണ്ടങ്ങുപോയി മററാരുമല്ല നൂനം;
ബാലനായുള്ള നാളിൽ ശീലിച്ച തൊഴിലെല്ലാം
കാലമേറവേ നൂണാം ചൊല്ലീലും പോകയില്ല.
ബാലനായീടുംനാളേ കവന്നു നടന്നോരു
ശീലമുള്ളാളുകളാമിച്ചെയ്യുതേന്നേ വരൂ.
വിത്തത്തിലാഗ്രഹങ്ങാം വിത്തേശനെന്നാകിലും
ചിത്തത്തിൽ മതിവരാ ഉത്തമരെന്നാകിലും.
നല്ലോരു വിളകളെ വേലിതാനിനിമേലിൽ
തെല്ലുമേ മടിയാതെ തിന്നീടുമെന്നേ വേണ്ടു.
രക്ഷിച്ച പുലത്തേണ്ടുമാളുകാം മുതിന്നിട്ടു
ഭക്ഷിച്ചുതുടങ്ങിയാൽ പിന്നെയെന്തൊന്നുചെയ്വു?
ഇങ്ങനെയിരിക്കുന്ന രാജ്യത്തു വസിക്കയിൽ
മംഗലമിനി മുതിയെന്നതേവർക്കും പാർത്താൽ.'
ഇത്തരമോരോതരം ശങ്കായുക്തങ്ങാം ചേർത്തു
ചിത്തസന്ദേഹാലേകകണ്ണത്തിൽ സത്രാജിതൻ
ചൊല്ലിനാനതുപിന്നെ മറേറവൻ മറേറവനോ-
ടെല്ലാടമിതുപോലെ പരന്നിതപവാദം."

ഇതു മൂലത്തിൽനിന്നു വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, കുഞ്ചൻനമ്പ്യാരുടെ രീതിയോടു കുറെയൊക്കെ അടുത്തിട്ടുണ്ടെന്നും കാണാൻ പ്രയാസമില്ല.

## ഉലകുടെ പെരുമാറം

കുഞ്ചൻനമ്പ്യാർ സ്യമന്തകത്തിൽ ഒരു 'ഉലകുടെപെരുമാ' ളിനെപ്പററി പറയുന്നുണ്ടല്ലോ. ഘോഷയാത്ര, നളചരിതം മുതലായ മററു ചില തുള്ളലുകളിലും ആ രാജാവിനെപ്പററി പ്രസ്താവിച്ചുകാണുന്നുണ്ട്. ആരാണ് ഈ ഉലകുടെപെരുമാറം? നമ്പ്യാക്ക് ബഹുമതനായ ഒരു രാജാവായിരുന്നു അതെന്നുള്ളതു തീച്ച തന്നെ. ഘോഷയാത്രയിൽ ഉലകുടെ പെരുമാളിന്റെ ഭരണകാലത്തു രാജ്യം മുഴുവൻ സമ്പൽസമൃദ്ധമായിരുന്നു എന്നു വിസ്തരിച്ചു വണ്ണിച്ചിട്ടുണ്ട്. തന്റെ പുരസ്കത്താവായ ചെമ്പകശ്ശേരി രാജാവിനെയാണ് 'ഉലകുടെ പെരുമാറം' എന്ന പദംകൊണ്ടു നമ്പ്യാർ വിവക്ഷിച്ചിട്ടുള്ളതെന്നു ചിലർ പറയുന്നു; തിരുവിതാംകൂർ മാത്താണ്ഡവമ്മ മഹാരാജാവാണ് നമ്പ്യാരുടെ വണ്ണനാവിഷയമെന്നു മററു ചിലർ വാദിക്കുന്നു. അന്തർഗ്ഗൂഢമായി നമ്പ്യാർ അങ്ങനെ ഉദ്ദേശിച്ചിട്ടുണ്ടോ എന്നു നമുക്കറിഞ്ഞുകൂടാ. വാച്യമായ നിലയിൽ നമ്പ്യാരുടെ വിവക്ഷ അതൊന്നുമല്ലായിരുന്നു എന്ന് 'ഘോഷയാത്ര'യിലെ ചില വരികളിൽനിന്നു തെളിയുന്നുണ്ട്.

"ധമ്മപ്പെരുമാറം പണ്ടു നടന്നൊരു
ധമ്മത്തിന്നൊരു പിഴകൂടാതെ
തൻമകനതിലൊരു പത്തുമടങ്ങു സു-
ധമ്മസമൃദ്ധി വരുത്തി വസിച്ചാൻ"

എന്നും,

"മായവിതന്നുടെ മകനാം മന്നവ-
നായതനയനൻ വാണൊരുകാലം"

എന്നും,

"മധുരയിൽ മന്നവനെന്നോടു ചെയ്തൊരു
മതികപടങ്ങളശേഷമിദാനീം

മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നിഹ മരുവീടുകയോ?''

എന്നും,

''മാതുലരെവരെ വെട്ടിക്കൊന്നൊരു
പാതകിയാമവനവനി വെടിഞ്ഞു്
പ്രേതപുരത്തിലിരിക്കണമെന്നതി-
നേതുമെനിക്കൊരു സംശയമില്ല''

എന്നും ഘോഷയാത്രയിൽ കാണുന്ന വരികൾ ഉലകുടെപെരുമാളിനെപ്പററി ചിലർക്കുള്ള മേല്പറഞ്ഞ അബദ്ധധാരണകളെ മാററാൻ മതിയായ സൂചനകളടങ്ങിയവയാകുന്നു. ഈ വരികളിലടങ്ങിയ കഥകൾ ഒന്നുംതന്നെ ചെമ്പകശ്ശേരി രാജാവിനേയോ മാർത്താണ്ഡവർമ്മ മഹാരാജാവിനേയോ ഒരു വിധത്തിലും പരാമർശിക്കുന്നവയല്ലല്ലോ.

പന്നെ, ആരാണു് ഈ ഉലകുടെ പെരുമാൾ?

ആ ചോദ്യം പിന്നെയും ശേഷിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ 'ഉലകുടെപെരുമാൾപാട്ടു്' അഥവാ 'തമ്പുരാൻപാട്ടു്' എന്ന പേരിൽ ഒരുതരം പാട്ടും, ആ പാട്ടുപയോഗിച്ചു് ഒരുതരം 'കോലംതുള്ള'ലും നടപ്പിലുണ്ടു്. അതിലെ കഥ ഇവിടെ ഉദ്ധരിക്കാം.

'പണ്ടു് 'വൈകക്കര' എന്ന സ്ഥലത്തു് പാണ്ഡ്യമഹാരാജാവിൻെറ ബന്ധുക്കളായി അഞ്ചുരാജാക്കന്മാരും അവരുടെ സഹോദരിയായി 'മാലയമ്മ' എന്നൊരു രാജകുമാരിയും താമസിച്ചിരുന്നു. ഈ രാജാക്കന്മാരുടെ ഭരണമാഹാത്മ്യംകണ്ടു് അസൂയാലുവായിത്തീർന്ന പാണ്ഡ്യമഹാരാജാവു് അവരെ ഒരു കപടയുദ്ധത്തിൽ വെട്ടിക്കൊന്നു. 'മാലയമ്മ'മാത്രം ശേഷിച്ചു. ആ രാജകുമാരിയെ 'തമ്പുപ്പെരുമാൾ' എന്ന ഒരു രാജാവു വിവാഹം ചെയ്തു. ആ ദമ്പതിമാർക്കു് വൈകക്കരഭദ്രകാളിയുടെ അനുഗ്രഹ

ത്താൽ ഒരു പുത്രസന്താനം ജനിച്ചു. ആ കുട്ടിയാണു് പിൽക്കാലത്തു് **ഉലകുടെ പെരുമാൾ** എന്ന പേരിൽ പ്രസിദ്ധനായിത്തീൎന്നതു്

ഈ പെരുമാൾ പതിനാറാമത്തെ വയസ്സിൽ രാജ്യാഭിഷിക്തനായി. അന്നുമുതല്ക്കുതന്നെ കുലദേവതയായ ഭദ്രകാളിയെ തീവ്രമായ നിഷ്ഠയോടുകൂടി ആരാധിച്ചുതുടങ്ങി. ഒടുവിൽ ദേവി പ്രത്യക്ഷപ്പെട്ടു് ഉടവാൾ, മാല, കിരീടം മുതലായ പല പരിച്ഛദങ്ങൾ ആ ഭക്തനു സമ്മാനിച്ചു. ദേവിയുടെ അനുഗ്രഹംകൊണ്ടു പൂൎവ്വാധികം ധീരനായിത്തീൎന്ന ഉലകുടെ പെരുമാൾ, തന്റെ അഞ്ചു മാതുലന്മാരെ വെട്ടിക്കൊന്ന മധുരമഹാരാജാവിന്റെ നേരെ യുദ്ധത്തിനു പുറപ്പെടുകയും ആ രാജാവിന്റെ ആറു സഹോദരന്മാരെയും സേനയേയും കൊന്നൊടുക്കുകയും ചെയ്തു. പരാജിതനായ പാണ്ഡ്യൻ തന്റെ പരദേവതയായ സുന്ദരേശ്വരസ്വാമിയെ ഭജിച്ചു്, ചില വിശിഷ്ടവരങ്ങൾ വാങ്ങി വീണ്ടും യുദ്ധത്തിനു സന്നദ്ധനായിവന്നു. ആ യുദ്ധത്തിൽ ഉലകുടെപെരുമാളുടെ വാൾ മുറിഞ്ഞുപോയി. അങ്ങനെ ഒരു അപശകുനം കണ്ടാൽ പിന്നീടു് യുദ്ധം തുടരരുതെന്നായിരുന്നു ദേവിയുടെ അരുളപ്പാടു്. അതനുസരിച്ചു കഥാനായകൻ യുദ്ധത്തിൽനിന്നു വിരമിച്ചു; എങ്കിലും ഒരു ഉത്തമക്ഷത്രിയനു് അത്യന്തം അസഹ്യമായ അപജയാവമാനത്തെ ഭയന്നു് ഉത്തരക്ഷണത്തിൽ ആത്മഹത്യചെയ്കയാണുണ്ടായതു്. മാലയമ്മയും മററും പ്രാണത്യാഗംചെയ്തു് ആ വീരയോദ്ധാവിനെ പിൻതുടൎന്നു.''

പതിനേഴുകൊല്ലക്കാലം അദ്വിതീയമായ പരാക്രമത്തോടും അനിതരസാധാരണമായ പ്രജാപാലനപാടവത്തോടുംകൂടി ഉലകുടെ പെരുമാൾ നിൎവ്വഹിച്ച ലോകസേവനം ഈ പാട്ടിൽ ഏററവും തന്മയത്വത്തോടുകൂടി ചിത്രണം ചെയ്യപ്പെട്ടിരിക്കുന്നു. അക്കാലത്തു് ഒരു രണ്ടാം രാമരാജ്യത്തിന്റെ മേന്മ 'വൈകക്കര' ദേശത്തിനു ലഭിച്ചു എന്നാണു് പാട്ടിൽ വൎണ്ണിച്ചിട്ടുള്ളതു്.

വീരാരാധകരായ നാട്ടുകാർ പില്ക്കാലത്തു് ഉലകുടെപെരു മാളെ ഒരു ദിവ്യമൂർത്തിയായി സങ്കല്പിച്ചു്, ആ മൂർത്തിക്കു് സന്നിധാനക്ഷേത്രങ്ങൾ സ്ഥാപിച്ചു് അവയിൽ ഊട്ടു്, പാട്ടു് മുതലായ ആഘോഷങ്ങൾ നടത്തിത്തുടങ്ങി. അമ്പലപ്പുഴ ദേശത്തിലെ പടയണിയിൽ ശാസ്താംപാട്ടിനു പുറമേ, ഗായകന്മാർ ഉലകുടെപെരുമാൾപാട്ടും ഉപയോഗിച്ചിരിക്കാം. പരിതഃസ്ഥിതികൾ സൂക്ഷ്മദൃഷ്ട്യാ നിരീക്ഷണം ചെയ്യുന്നതിൽ സർവ്വഥാ ജാഗരൂകനായിരുന്ന കുഞ്ചൻനമ്പ്യാർക്കു് ഉലകുടെപെരുമാളുടെ ജീവചരിത്രം ഏററവും ആകർഷകമായി തോന്നിയിരിക്കുമെന്നുള്ളതിനു സംശയമില്ല. അങ്ങിനെയായിരിക്കാം 'ഉലകുടെ പെരുമാളു'ടെ കഥ ഘോഷയാത്രയിലും മററം കടന്നുകൂടിയതു്; എങ്ങിനെയായാലും 'മധുരയിൽ മന്നവനെന്നൊരു ചെയ്തോരു മതികപടങ്ങൾ'— 'മാതുലരെവരെ വെട്ടിക്കൊന്നൊരു പാതകിയാമവൻ' എന്നും മററമുള്ള വരികളുടെ അർത്ഥം, ഈ **'ഉലകുടെപെരുമാൾ പാട്ടി'**ലെ കഥയുമായി യോജിപ്പിച്ചാൽ മാത്രമേ സുഗ്രഹമായിത്തീരുന്നുള്ളു.

സ്യമന്തകം തുള്ളലിൽ 'ഉലകുടെപെരുമാളെ'പ്പററി വളരെയൊന്നും വിസ്തരിച്ചു പറഞ്ഞിട്ടില്ല. 'പണ്ടു സ്യമന്തകം നിമിത്തമുണ്ടായ അപവാദം ശ്രീകൃഷ്ണൻ വളരെ ശ്രമിച്ചു തീർത്ത കഥ കേട്ടിട്ടില്ലേ?' എന്നു് ഒരു മന്ത്രി ചോദിച്ചതിനു് 'ഞാനതു കേട്ടിട്ടില്ലല്ലോ' എന്നു ഉലകുടെപെരുമാൾ മറുപടി പറഞ്ഞപ്പോൾ, ആ മന്ത്രി വിസ്തരിച്ചു പറഞ്ഞ രീതിയിലാണു് നമ്പ്യാർ തുള്ളലിൽ കഥ വിവരിച്ചിട്ടുള്ളതു്. 'എന്നതുകൊണ്ടു പറഞ്ഞേൻ ഞാനും യത്നംകൊണ്ടു വരുത്താമെല്ലാം' എന്നു പറഞ്ഞുകൊണ്ടാണു് മന്ത്രി കഥ അവസാനിപ്പിക്കുന്നതു്. അങ്ങനെ ഒരു സന്ദർഭമുണ്ടാക്കി 'ഉലകുടെപെരുമാ'ളെ ഒന്നു സ്മരിക്കമാത്രമേ ഇതിൽ ചെയ്തിട്ടുള്ളു. എങ്കിലും, ഈ ഉലകുടെപെരുമാളും ഘോഷയാത്രയിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ഉലകുടെപെരുമാളും ഒരാൾ തന്നെയാണെന്നുള്ളതിനു സംശയമില്ല.

## തുള്ളൽവൃത്തങ്ങൾ

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽ മൂന്നു തരമുണ്ടു്. ശീതങ്കൻ, പറയൻ, എന്നീ പേരുകൾ അമ്പലപ്പുഴയിലെ വേലകളിയിൽനിന്നു പകർന്നതായിരിക്കാമെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വളരെ പതിഞ്ഞമട്ടിൽ പാടേണ്ടതു് പറയൻ തുള്ളലാണു്. ശീതങ്കനു് അതിനെക്കാൾ അല്പം വേഗംകൂടും. കൂട്ടത്തിൽ വേഗം പാടാവുന്നതു് ഓട്ടൻതുള്ളലാകുന്നു. അതുകൊണ്ടു തന്നെയായിരിക്കാം അതിനു് ആ പേരു കിട്ടിയതു്. സ്യമന്തകം, ഓട്ടൻതുള്ളൽ എന്ന ഇനത്തിൽ പെട്ടതാകുന്നു. പ്രസ്തുത കൃതിയിൽ തരംഗിണി, അർദ്ധകേക, കൃശമദ്ധ്യ, ശിതാഗ്ര, ഹംസപ്ളുതം കാകളി, പര്യസ്തകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, സുമംഗല, മല്ലിക, എന്നീ വൃത്തങ്ങളാണു്, പ്രാധാന്യേന പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. ഇവയിൽ അർദ്ധകേകയും കാകളിയും, മണികാഞ്ചിയും മിശ്രകാകളിയും കിളിപ്പാട്ടുവൃത്തങ്ങളാകുന്നു; സുമംഗലയും മല്ലികയും സംസ്കൃതവൃത്തങ്ങളും. ഈ എല്ലാ വൃത്തങ്ങളുടേയും ലക്ഷണവും ഉദാഹരണവും താഴെ ചേർക്കുന്നു.

1 ദ്വിമാത്രം ഗണമെട്ടെണ്ണം യതിമദ്ധ്യം **തരംഗിണി**

ഉദാ— i ഗുണഗണനിലയൻ നിത്യവുമെന്നെ-
ഗ്ഗുണപതിഭഗവാൻ കാത്തരുളേണം

ii ഒട്ടും താഴ്ചവരാതെ ഗമിച്ചുട-
നൊട്ടംതേടി നടന്നീടുകയും

iii തനിച്ചു കാട്ടിൽ ജനിച്ച ഘോഷം
നിലപ്പതിന്നും പ്രയാസമല്ലോ.

2 മൂന്നും രണ്ടും രണ്ടു, മൂന്നും രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറു ഗണം പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും,

നടുക്കു യതി, പാദാദിപ്പൊരുത്ത,മിതു **കേകയാം;**
കേകാപാദത്തെയർദ്ധിച്ചാ**ലർദ്ധകേകയ**തായിടും.

ഉദാ:-വൃത്രാരിസഹജന്നു മിത്രമായ് വസിക്കുന്ന
സത്രാജിത്തൊരു ദിനം മിത്രനെസ്സേവിപ്പാനായ്

3 അടിയൊന്നിലെഴുത്തേഴു നാലിലോ അഞ്ചിലോ ലഘു
മററുള്ളതെല്ലാം ഗുരുവാം**കൃശമദ്ധ്യാ**ഖ്യയാമിതു്

ഉദാ:-സത്രാജിത്തുനേരം സത്യഭാമയെ നല്കി
പിന്നെ സ്യമന്തകവും കന്യാധനമായ് നല്കി

അർദ്ധകേകയ്ക്കും കൃശമദ്ധ്യയ്ക്കും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നും കാണുന്നില്ല. വൃത്തമഞ്ജരിയിൽ അവ വ്യത്യസ്ത വൃത്തങ്ങളായി നിർദ്ദേശിച്ചുകാണുന്നു.

4 ജഗണാദ്യം ചതുർമ്മാത്രഗണം നാലു **ശിതാഗ്ര**യാം

ഉദാ:-പെരുത്ത വൻപുലിയുരത്തു വന്നാൽ
കഴുത്തറപ്പാൻ കരുത്തു പോരും

5 ത്രിമാത്രം ദ്വ്യക്ഷരഗണമാറെണ്ണം ഗുരുവൊററയും
ആദ്യം ഗണം ലഘുമുഖമിതു **ഹംസപ്ലുത**ാഭിധം.

ഉദാ:-പരമപുരുഷന്നുടെ വരവു കാണ്മാൻ
തരുണികളൊരുമിച്ചു പുറപ്പെടുന്നു.

വൃത്തമഞ്ജരിയിലെ ലക്ഷണം ഉദാഹരണത്തിൽ അത്ര യോജിക്കുന്നില്ല. പക്ഷേ, 'കരമതിലകപ്പെട്ട കനകക്കട്ടെ പരിചൊടു കളയുന്നതുചിതമല്ല' എന്ന വരികൾ ഹംസപ്ലുതത്തിനുദാഹരണമായി ആ ഗ്രന്ഥത്തിൽതന്നെ ഉദ്ധരിച്ചുകാണുന്നുണ്ടു്.

6 മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടു ചേർന്നുള്ളീരടിക്കു ചൊല്ലാം **കാകളി**യെന്നു പേർ

ഉദാ:- സൂര്യവംശേ പണ്ടു ജാതനായുള്ളൊരു
ശ്രീരാമഭക്തനെന്നങ്ങു കേട്ടില്ലയോ?

7 കാകളിക്കാദ്യപാദാദൗ രണ്ടോ മൂന്നോ ഗണങ്ങളെ
അഞ്ചഞ്ചു ലഘുവാക്കീടിലുളവാം **കളകാഞ്ചി**കേയം.
ഇതിൻപാദങ്ങൾ കീഴ്മേലായ് ചേർത്താൽ **പര്യസ്തകാ**
(**ഞ്ചി**യാം

ഉദാ:-വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
കുടിലഗതികലരുമുരഗേശനെന്നാകിലും

8 കാകളിയ്ക്കുള്ള പാദങ്ങൾ രണ്ടിലും പിന്നെയാദിമം
ഗണംമാത്രം ലഘുമയമായാലോ **മണികാഞ്ചി**യാം

ഉദാ:–വനഭുവി ഫലങ്ങളെത്തെണ്ടി മേവുംവിധൗ
ഘനകുതുകമോടവൻ കണ്ടു മൃഗേന്ദ്രനെ.

9 ഇച്ഛപോലെ ചിലേടത്തു ലഘുപ്രായഗണങ്ങളെ
ചേർത്തും കാകളി ചെയ്തീടാമതിൻപേർ **മിശ്രകാകളി**

ഉദാ:– i സകലകപികുലതിലകഭൂതനാം ജാംബവാൻ
സപദി നിജഗുഹയിൽനിന്നങ്ങു പോന്നേകദാ

ii മനുജനെന്നാകിലും ദനുജനെന്നാകിലും
മദമൊട്ടടനിവിടെ വരുമമരനെന്നാകിലും.

10 ജഭം ഭരത്തൊടു **സുമംഗലാ**ഭിധം

ഉദാ:-ഉറച്ച കോപമൊടകത്തുനിന്നഥ
പുറത്തുവന്നുടനെതിർത്തു ജാംബവാൻ

11 രം സജം ജഭരേഫമിഗ്ഗുണയോഗമത്ര ഹി **മല്ലിക**

ഉദാ:–നന്ദനന്ദന സുന്ദരാനന നന്ദനീയഗുണാംബുധേ!
കുന്ദസുന്ദരമന്ദഹാസ മുകുന്ദ മാധവ പാഹി മാം

ഈ മല്ലികാവൃത്തം മാത്രാപ്രധാനമായും നമ്പ്യാർ പ്രയോഗിച്ചുകാണുന്നുണ്ട്.

ഉദാ:–രാക്ഷസപ്പടയിൽ കടന്നതിവികടമായി നടന്നും
വൃക്ഷപടലി തകർത്തും ചില രാക്ഷസൗഘമമർത്തും

DHARMARAM COLLEGE
19389
BANGALORE

# സ്യമന്തകം ഓട്ടൻതുള്ളൽ

## (ഒന്നാം കളം)

വാരണമദഹരനന്ദനനാകിയ
വാരണവദനൻ നിഖിലജനാശുഭ-
വാരണനിപുണൻ സമദാസുരരിപു-
വാരണസേവിതചരണസരോജൻ
കാരണഭൂതൻ വിമലസരോജദ-
ളാരുണനയനൻ ചാരണനമിതൻ
പ്രണതജനാഭയദാനവിധാനൻ
പ്രണതപരായണനാകിയ ദേവൻ
ഗുണഗണനിലയൻ നിത്യവുമെന്നെ-
ഗ്ഗണപതിഭഗവാൻ കാത്തരുളേണം.
വേണീവിജിതകളേണി, നതജന-
വേണീചടുലലയതാകിയ ഭഗവതി
വാണീദേവി മനോഹരയാകിയ
വാണി ജനിപ്പാനെന്നുടെ നാവിൽ
വാണീടേണം സന്തതവും കള-
വാണീമണിയാം ദേവി! നമസ്തേ.
വീണാപാണേ! നിൻ പദകമലേ
വീണോരടിയനു വരമരുളേണം.

ഏണീശാബ വിലോചനയാളേ!
വീണാലാപിനി! നിൻ കൃപയാലേ
വാണീഭംഗിതരംഗിണി തന്നുടെ
വേണീമധുരതയാൽ മധുപോലും
കേണീടേണമതിന്നായടിയൻ
ക്ഷോണീതലമതിൽ വീണതിവേലം
പാണികൾ കൂപ്പി വണങ്ങീടുന്നേൻ.

സംഗീതമപി സാഹിത്യം
സരസ്വത്യാഃ സ്തനദ്വയം
ഏകമാപാതമധുര-
മന്യദാലോചനാമൃതം.

മംഗലയാകിയ ഭാരതി തന്നുടെ
തുംഗകുചങ്ങളിലൊന്നിൽ നിറഞ്ഞൊരു
സംഗീതാമൃതസാരം തന്നേ
ഭംഗിയൊടങ്ങു വിളങ്ങീടുന്നു;
മററതിലൻപൊടു സാഹിത്യാമൃത-
മററമകന്നു വസിച്ചീടുന്നു;
മുററും കേൾക്കുന്നേരംതന്നേ
പററുന്നു രസമൊന്നിലമന്ദം;
മററതു പിന്നെ വിചാരിക്കുമ്പോ-
ളേററം തെളിവു വരുത്തീടുന്നു.
എന്നതു കൊണ്ടീ രണ്ടു കുചങ്ങളിൽ-
നിന്നു ഗളിക്കും പീയൂഷത്തെ
ഇന്നടിയത്തിനു ബുദ്ധി കുളുപ്പാൻ
തന്നരുളേണമൊരല്പംപോലും.

വൃന്ദാരകകുലവന്ദിതനാകിന
നന്ദതനൂജൻ സുന്ദരവദനൻ
വൃന്ദാവനതലലീലാലോലൻ
മന്ദാരകകുസുമാഞ്ചിതമാലൻ
മന്ദേതര രുചിമാലതമാലൻ
വൃന്ദാരകപശുപാലനശീലൻ
മന്ദേതരമദദാനവകാലൻ
ഇന്ദീവരദളലോചനനീലൻ
ഇന്ദ്രോപമകലിതാചലലീലൻ
നന്ദിതപശുപവധൂജനജാലൻ
നന്ദജനനനുപമപീതദുകൂലൻ
പാർത്ഥന്റെ സാരഥിയായിക്കനിവൊടു
തേർത്തടമേറിപ്പടകളിലുടനേ
പാർത്ഥിവരാമരിജാലമൊടുക്കി-
പ്പാർത്തലമങ്ങു കവിഞ്ഞു വിളങ്ങിന
കീർത്തി നടത്തീട്ടഖിലജനാനാം
ആർത്തികളെല്ലാം തീർത്തരുളീടിന
മൂർത്തി നമുക്കിഹ കീർത്തി വരുത്താൻ
പീർത്തൊരു കരുണ വരുത്തീടേണം;
ധൂർത്തു പെരുത്തൊരു കുരുകുലമെല്ലാം
പാർത്തിരിയാതെയമർത്തതുപോലെ
നമ്മുടെ വൈരിസമൂഹമമർത്താൻ
അംബരതടിനീപുരവരമമരും
കംബുകശാപരിശോഭിതകരനാ–
മംബുജനയനൻ കനിവൊടു നമ്മെ-
ക്കൺമുനകൊണ്ടു കടാക്ഷിക്കേണം.

കാട്ടിലണഞ്ഞൊരു വേട്ടയ്ക്കായി-
പ്പാട്ടിലിണങ്ങിന പടയൊടുകൂടി
ചട്ടയുമിട്ടൊരു വേലുമെടുത്തഥ
ചട്ടററീടിന പച്ചപ്പട്ടും
കെട്ടിയുടുത്തൊരു വാലും തൂക്കി-
ച്ചുട്ടററീടിന കുതിരയുമേറി
കാട്ടുമൃഗങ്ങടെ കൂട്ടമശേഷം
വെട്ടി വധിച്ചു വിശിഷ്ടതയോടെ
വാട്ടമകന്നിഹ തകഴിയിൽ മരുവും
വിഷ്ടപനായകനാകിയ ശാസ്താ-
വിഷ്ടം നൽകിപ്പുഷ്ടി വരുത്തി
ത്തുഷ്ടി നമുക്കു വരുത്തീടേണം.

ജംഭാരിപുരത്തിന്റെ സംഭോഗകരമായ
സംഭാരമെല്ലാം കൂട്ടി സമ്പാദിച്ചുണ്ടായൊരു
ചെമ്പകശ്ശേരി നാട്ടിലിമ്പമായ് വാണരുളും
തമ്പുരാനെന്റെ ദേവനാരായണഭൂപാലൻ
കെല്ലോടു കരുണയാലെപ്പേരും കാത്തീടേണ-
മിപ്പാരിലശുഭങ്ങളെപ്പേരും കളഞ്ഞെന്നെ
സല്പാത്രമാക്കിപ്പരിപാലിക്ക വണങ്ങുന്നേൻ.

അംഭോജാലയനായ വിരിഞ്ചനു-
മംഭോജായതനയനൻ വിഷ്ണുവു-
മംഭോജാകരബന്ധു ദിനേശനു-
മംഭോജാകരവൈരി ശശാങ്കനു-
മംഭോജാത്മജയാകിയ ലക്ഷ്മിയു-
മംഭോവായുമഹീദഹനൻ ബത

സംഭാവിതമാം ഭൂതമശേഷം
ജംഭാരാതിയുമമരന്മാരും
കുംഭജനാദി മഹാമുനിവരരും
കുംഭിവരാനനനാമവനും ശര-
സംഭവനായ കുമാരൻ താനും
കുംഭോദരമുഖഭൂതഗണങ്ങളു-
മൻപൊടു നമ്മുടെ കവിഗുംഫത്തെ-
സ്സംഭാവിച്ചു തുണച്ചീടേണം.

ഗുരുചരണാംബുജയുഗളം നമ്മുടെ
കരളിൽ പരിചൊടു മരുവീടേണം
ഗുരുപരിചരണംകൊണ്ടു ലഭിക്കാം
സുരവരമന്ദിരവാസം പോലും.
ധരണിസുരന്മാർമകുടമഹാമണി-
വരനല്ലോ മമ ഗുരുവായ് വന്നതു
സരസഗുണാകരനഖിലനരാണാം
ദുരിതനിവാരണകാരണഭൂതൻ
തൻതിരുവടിയുടെ കൃപയുണ്ടെന്നാ-
ലെന്തു നമുക്കിഹ വശമല്ലാത്തു?
അന്തണരെല്ലാം സന്തതമെന്നെ-
ച്ചിന്ത തെളിഞ്ഞിഹ കാത്തീടേണം.
ചെന്തളിരടികളിലടിയൻ വിരവൊടു
ശാന്തന്മാരെ വണങ്ങീടുന്നേൻ.
മന്ദേതരഗുണമന്ദിരനെൻഗുരു
നന്ദിതനാകിയ ബാലരവിക്കു്
നന്ദി വരുത്തും പരദൈവതമേ!
സുന്ദരി കണ്ടങ്കരിപുരമമരും

വൃന്ദാരകകുലവന്ദിതചരണേ!
വന്ദേ ഭഗവതി നന്ദിതഭുവനേ!
മന്ദാശയനാമടിയനെ വിരവൊടു
നന്ദിച്ചാശു തുണച്ചീടേണം.
"ഷീയതേ ബാലിശസ്യാപി
സുക്ഷേത്രപതിതാ കൃഷിഃ
ന ശാലേഃ സ്തംബാകരിതാ
വപ്തുൎഗ്ഗുണമപേക്ഷതേ."
കുറവില്ലാതുള്ളക്ഷരവിദ്യക-
ളറിവാൻമാത്രം ബുദ്ധിയുമില്ല;
അറിവുള്ളതിനെസ്സഭയിൽ ചെന്നാൽ
പറവാൻ വാക്കിനു കൌശലമില്ല;
ചിലവക നാടകകാവ്യാദികളിൽ
ചിലവും കവിതാമാൎഗ്ഗവുമില്ല;
ചില വസ്തുക്കൾ ചമയ്ക്കാമതിനൊരു
വിലപിടിയാ ചിലർ കേൾക്കുന്നേരം;
അങ്ങിനെയുള്ളൊരു മാനുഷനാകില-
മിങ്ങിനെയുള്ള മഹാജനസഭയിൽ
ചെന്നൊരു വിദ്യ പ്രയോഗിച്ചാലതു
നന്നെന്നുള്ളതു വന്നു ഭവിപ്പതു
സജ്ജനസഭയുടെ സൽഗ്ഗുണഗണ്യത;
ഇജ്ജനമതിനാളായിട്ടല്ല.
വളമേറിന കണ്ടത്തിൽ വിതച്ചാൽ
വിളവൊരു പത്തിനു സംശയമില്ല;
വളമില്ലാത്ത പറമ്പിൽ വിതച്ചാ-
ലളവേ വിത്തും കിട്ടുകയില്ല;

കണ്ടത്തിൻെറ ഗുണംകൊണ്ടേ വിള-
വുണ്ടാവുള്ള വിതച്ചതിലധികം;
കൊണ്ടിഹ ചെന്നു വിതയ്ക്കുന്നവനെ-
ക്കൊണ്ടൊരു കാര്യം വരുവാനില്ല;
നല്ല കൃഷിക്കാരൻ താൻ വിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ളു;
നല്ലൊരു വയലിലതുഴുതു വിതച്ചാൽ
നെല്ലൊരു നാഴിക്കൊരു പറ വിളയും.
എന്നു കണക്കേ കേൾക്കുന്നവരറി-
യുന്ന ജനങ്ങൾ മഹത്തുകളെങ്കിൽ,
ഇന്നവനെന്നില്ലവൻടെ വാക്കുകൾ
നന്നെന്നും വരുമിതിന്നുടെയർത്ഥം.
അക്ഷരമെന്നാലമ്പതുമൊന്നുമ-
തിൽപരമെങ്ങാൻ കേൾപ്പാനുണ്ടോ?
പ്രാകൃതമെന്നും സംസ്കൃതമെന്നും
വ്യാകരണം പതിനെട്ടു പുരാണം
സൂത്രം നാടകകാവ്യശ്ലോകം
ശാസ്ത്രം പലവക ചമ്പു ബൃഹൽക്കഥ
ഗദ്യഗ്രന്ഥം പദ്യഗ്രന്ഥം
ഗണിതം വൈദ്യം വൈദികതന്ത്രം
ഇത്തരമനവധി പുസ്തകജാലസ-
മസ്തവുമമ്പത്തൊന്നിലടങ്ങും.
അക്ഷരമീവക കൂട്ടിച്ചേർത്തി-
ലക്ഷതമാകിയ രസമുളവാക്കി
പ്രാസവുമർത്ഥവുമിടചേർത്തിലു-
ള്ളാസ്യരസങ്ങളുമങ്ങുളവാക്കി

തീൎക്കും നല്ലൊരു കവിയുടെ കവിതകൾ
കേൾക്കും പരിഷകളെത്ര രസിക്കും?
കണ്ണുങ്ങൾക്കു സഹിക്കാത്തുള്ളൊരു-
വണ്ണമതാക്കിച്ചൊല്ലും ദുഷ്കവി.
ഇത്ഥം സൽക്കവി ദുഷ്കവി ഭേദം
സിദ്ധമതായ്വരുമെന്നിതിനൎത്ഥം.

ശിക്ഷയിലൊരു സാദൃശ്യം ചൊല്ലി-
ത്തൽക്ഷണമിഹ ഞാൻ ബോധിപ്പിക്കാം:
പൃത്ഥ്വിയുമപ്പും വഹ്നി മരുത്തും
വിഭുവാമാകാശം ഇവയഞ്ചും
സാധനമഖിലശരീരം തീൎപ്പാൻ
സാധുവതാകിയ ബ്രഹ്മാവിന്നും
ചട്ടി കലം കുടമെന്നിവയെല്ലാം
കൊട്ടിത്തീൎക്കും കുശവന്മാൎക്കും.
ചട്ടമിതെല്ലാമൊരുപോലിരുവരു-
മൊട്ടും ഭേദവുമില്ല നിനച്ചാൽ.
മണ്ണും വേണം ജലവും വേണം
മണ്ണതു ചുടുവാൻ തീയും വേണം.
ആയതു തീൎത്താൽ വെള്ളം വലിവാൻ
വായുവുമതിലുള്ളാകാശവുമാം.
ഭൂതമതഞ്ചും കുശവനു വേണം
ബ്രഹ്മാവിന്നുമതുതന്നേ സാധനം.
ഇന്ദ്രാദികളാമമരന്മാരും
ചന്ദ്രദിവാകരചാരണഗണവും
മനുജന്മാരും ദനുജന്മാരും
മനു മുതലായ മഹീശന്മാരും

ഫണികളുമനവധി പലപല ഭുവനേ
പണിക്കൂടാതെ ചമയ്ക്കും ബ്രഹ്മൻ;
ആയതുപോലേ വരുമോ കുശവൻ-
നായർ ചമയ്ക്കും കലവും കുടവും?
സാധനമൊന്നെന്നാലുമതിങ്ങിനെ
ഭേദവിശേഷം വരുവാൻ സംഗതി;
ഇത്ഥം സൽകവിദൃഷ്ടവിഭേദം
സിദ്ധമതായ് വരുമെന്നിതിനർത്ഥം.
"പണ്ടു സ്യമന്തകമെന്നതു കാരണ-
മുണ്ടായോരപവാദകളങ്കം
പണി പല ചെയ്തു സമസ്തമൊഴിച്ചു
കരുണാകരനതു കേട്ടിട്ടില്ലേ?"
അരുളിച്ചെയ്താനലകടപെരുമാ-
"ളതു ഞാനേതും കേട്ടിട്ടില്ല;
അക്കഥ നമ്മോടറിയിക്കേണം
സൽക്കഥ കേട്ടാൽ ദുരിതം നീങ്ങും."
എന്നതു കേട്ടു തെളിഞ്ഞാസ്സചിവൻ
വന്ദിച്ചങ്ങു പറഞ്ഞു തുടങ്ങി:-
ലക്ഷ്മീകുചതടകുങ്കുമരേഖാ
ലക്ഷ്മീലളിതഭുജാന്തരനാകിയ
ലക്ഷ്മീപതി നിജ ഭക്തജനാനാം
ലക്ഷ്മീവിതരണശീലൻ ഭഗവാൻ
ലക്ഷ്മീഭഗവതി രുഗ്മിണിയോടും
ലക്ഷ്മീവാനൊരുമിച്ചു വസിച്ചു;
മന്ദിരപൂർത്തികൾ കീർത്തിപ്പാൻ മമ
മന്ദത കൊണ്ടതിദുർഘടമല്ലോ;

മന്ദരശൈലമഹാശിഖരങ്ങളു-
മന്നരിനോടെതിരാകരുതേതും;
ചന്ദനവാടിയിലിട ചേൎന്നീടിന
സാന്ദ്രാലയശതമുണ്ടൊരു ഭാഗേ,
ചന്ദ്രിക തട്ടിയലിഞ്ഞൊഴുകീടിന
ചന്ദ്രോപലമയമതിലുകളതുലം;
ചന്ദ്രാനനമാർ പതിനാറായിര-
മിന്ദ്രാവരജമനോഹാരിണിമാർ
സാന്ദ്ര മനോഹര ഗാനാരംഭേ
മന്ദമണഞ്ഞു പുണൎന്നു പുണൎന്നും
കുന്ദകുരണ്ടകമാലകൾ ചൂടി_
കന്ദുകതാഡനലീലകളാടി
ഇന്ദിശ മലഹരി ബലഹരി പാടി
ഇന്ദളമെന്നിവ സരസം പാടി.

അങ്ങാടിയതുതന്നിലെങ്ങാനുമൊരു ദിശി
പാടേ കനകപ്പൊടി കൂടെയിട കലൎന്നു
മുത്തുമണി പലതുമുത്തുംഗകാന്തിയോടേ
വിങ്ങുന്ന പാതിരാവിലെങ്ങും നടക്കുന്നേരം
കണ്ടാലതിങ്കലൊട്ടുമുണ്ടാകയില്ല രുചി
കാണാതപഹരിക്ക കാണിപോലുമില്ലെന്നു
പ്രാണികൾക്കെല്ലാമുണ്ടു പ്രാണാപായത്തിൽ ഭയം
നാട്ടമകന്നു നിശി കാട്ടുകൾതോറും നല്ല
ചോട്ടമിറക്കിച്ചില കേഴമിഴിമാർ താനേ
പേടിയും വെടിഞ്ഞങ്ങു താനേ നടക്കുന്നേരം
വേടക്കുലങ്ങളെല്ലാമോടിയകന്നീടുന്നു.
അത്രയുമല്ലതിലും ചിത്രമിതെത്ര പാരം

പെട്ടെന്നുറങ്ങുന്നേരം ചട്ടററവായു താനും
പെട്ടന്നിളകുന്നില്ല തട്ടാതെ പോയീടുന്നു;
ഏവം നിജപുരിയിൽ ദേവൻ സുഖിച്ചു ബല-
ദേവൻ തന്നോടുകൂടേ മേവുന്ന കാലമങ്ങു
വൃത്രാരിസഹജനു മിത്രമായ്വസിക്കുന്ന
സത്രാജിത്തൊരുദിനം മിത്രനെസ്സേവിപ്പാനായ്
കാലേ കുളിച്ചു ചില മൂലമന്ത്രം ജപിച്ചു
ചാലേ സമുദ്രംതന്റെ കൂലേ വസിച്ചു രവി
തന്നെ സ്തുതിച്ചാനവനന്നേരമാടലോടെ.

“അംഭോജാകരതോഷണം ത്രിജഗതാ-
മാനന്ദസംപോഷണം
ഗംഭീരാമയശോഷണം രിപുവര
ശ്രീമന്മഹാഭീഷണം
ഡംഭാഹമ്മതിദൂഷണം സുരഗിരേ-
രേകം മഹാഭൂഷണം
സംഭിന്നാരിഷു രോഷണം പ്രതിദിനം
വന്ദാമഹേ പൂഷണം.”

“അംബരചാരിൻ! അംബുജധാരിൻ!
ഉരുതരദുരിതമഹാമയഹാരിൻ!
മണ്ഡനധാരിൻ! ഖണ്ഡിതവൈരിൻ!
ദിനമനു നിഖിലചരാചരഹാരിൻ!
കാമവിസാരിൻ! കോമളധാരിൻ!
ജയ ജയ ദിനകര വാതാഹാരിൻ!

ഒട്ടൊഴിയാതെ ചരാചരമെല്ലാ-
മൊട്ടു പുലർച്ചു തുടങ്ങുന്നേരം

ഒട്ടും താഴ്ച വരാതെ ഗമിച്ചുട-
നോട്ടം തേടി നടന്നീടുകയും
വാട്ടമകന്നു പിടിച്ചു കളിച്ചും
വേട്ടകളാടി നടന്നു രസിച്ചും
പാട്ടിലിരുന്നു രസിച്ചു മുടിച്ചും
തണ്ടാർമലർശരമേററു വലഞ്ഞും
തണ്ടാർമിഴികളെയങ്ങു തിരഞ്ഞും
തേടി നടന്നു നടന്നു വലഞ്ഞും
തണ്ടിലിരുന്നു ശരീരമുലഞ്ഞും
ഭക്ഷണമാശു കഴിച്ചു കിടന്നും
ഭിക്ഷകളേററു വിശന്നു തളർന്നും
രക്ഷകൾ ചെയ്‌വതിനങ്ങു തുനിഞ്ഞും
രൂക്ഷമതാം ചില കുന്നു കടന്നും
ദുഷ്ടവിചേഷ്ടിതമൊക്കെ ലഭിച്ചും
ശിഷ്ടജനത്തെയടിച്ചു പിടിച്ചും
കഷ്ടമഹോ ചിലർ കള്ളു കുടിച്ചും
പുഷ്ടമിറച്ചിയെടുത്തു കടിച്ചും
നിന്തിരുവടിയുടെ ചരിതമിതെല്ലാം
സന്തതമഖിലം കാണാകുന്നു.

സൃഷ്ടിക്കുന്നു ഭവാനിഹ ലോകേ
പുഷ്ടതയാ പരിപാലിക്കുന്നു;
ദുഷ്ടരെയൊക്കെയൊടുക്കീടുന്നു
വിഷ്ടപമൊക്കെ ഹനിച്ചീടുന്നു.
ജനനം ചെയ്തുമവനം ചെയ്തു
മഖിലചരാചരഹനനം ചെയ്‌വതും

അനവരതം ദിനനാഥ! കൃപാലോ
നന്ദ കലയാമി ഭവാനിഹ നൂനം.
ശങ്കരനായതു നിന്തിരുവടി താൻ
ശങ്കയെനിക്കിഹ തോന്നുന്നില്ല
പങ്കജനാഭൻ നിന്തിരുവടി താൻ
പങ്കജഭവനും നിന്തിരുവടി താൻ
വൃന്ദാരകപതിയാദിയതാം സുര-
വൃന്ദമശേഷം നിന്തിരുവടി താൻ
നിൻ കഴലിന്നിഹ കൂപ്പീടുന്നേൻ
നിൻകൃപയെങ്കലുദിച്ചീടേണം.”
എന്നിവ പലവക ചൊല്ലി നമിച്ചും
ഇന്ദ്രിയമഖിലമടക്കി ജയിച്ചും
ഘോരമതായ തപസ്സിലുറച്ചും
വാരിജബന്ധു മനസ്സിലുറച്ചും
പഞ്ചപാവകമദ്ധ്യഗനിന്ദ്രിയ-
പഞ്ചകത്തെ ജയിച്ചു നിതാന്തം
ചഞ്ചലത്തെ വെടിഞ്ഞൊരു നേരം
നെഞ്ചകത്തുമുദിച്ചു ദിനേശൻ
അഞ്ചിതായത ലോചനനാമവ-
നഞ്ചു നാളിനകത്തൊരു ഭേദം
തഞ്ചിനാനൊരു കാന്തിവിശേഷം
പഞ്ചസായകനോടു സമാനൻ.
നെഞ്ചിലെപ്പൊഴുമഞ്ചിതമാകിന
വാഞ്ഛിതം മമ നൽകണമിപ്പോൾ.
കന്ദമൂലഫലങ്ങൾ ദലങ്ങളി-
ലൊന്നിലും രുചിയില്ലവനന്നു്.

മന്ദവാതമതെന്നിയേ മററവ-
യൊന്നും വേണ്ട ഭുജിപ്പതിനായി
ഡംബരങ്ങളകന്നിതു ദേവാ-
ലംബനം രവിയെന്നുമുറച്ചു.
"ദേവദേവ ദിവാകര! പാലയ
കേവലാഗമമാകിയ മൂത്തേ!
ദേവസേവിതനായ ഭവാനുടെ
സേവ ചെയ്‌വതിനാരിഹ പോരും?"
ഇത്തരം പല വാക്കു പറഞ്ഞതി-
ഭക്തിയോടെ വണങ്ങി വണങ്ങി
ആത്തമോദം തപസ്സു തുടങ്ങിനാ-
നാത്തി തീക്കണമെന്നവനപ്പോൾ.
അന്നേരം ദിനനാഥനവന്റെ
മുന്നിൽപ്പുരിചൊട്ടു കാണായ്വന്നു
മന്ദസ്മിതവും തൂകി നികാമം
മന്ദമൊരക്ഷരമരുളിച്ചെയ്തു;
"ഹന്ത കുമാരക! ചൊല്ലേണം നീ
ചിന്തയിലെന്തു നിനക്കഭിലാഷം?
സന്താപങ്ങളകന്നീടേണം
സന്തതമോദം വന്നീടേണം
ആത്തികളൊക്കെയകററീടേണം
കീത്തി നിനക്കു നടന്നീടേണം
ചിത്തഗുണങ്ങളിണങ്ങീടേണം
പൂത്തികളാശു വിളങ്ങീടേണം."
ഇത്തരമുള്ള ദിവാകരവചനം
സത്വരമവിടെക്കേട്ട ദശായാം

അത്തലകന്നിഹ സത്രാജിത്തും
ഉത്തരമിത്ഥമുണർത്തിച്ചു മുദാ:—
"ദുർഗ്ഗതികൊണ്ടു ഗൃഹത്തിലിരിപ്പാൻ
ദുർഘടമെന്നതറിഞ്ഞീടേണം
സർവ്വമറിഞ്ഞൊരു നിന്തിരുവടിയോടു
സാംപ്രതമെന്തിനുണർത്തിക്കുന്നു?
പാരിടമൊക്കെയടഞ്ഞു നിറഞ്ഞൊരു
കൂരിരുളൊക്കെയടക്കിക്കളവാൻ
കാരണമായൊരു തേജസ്സുണ്ടു്
ചാരുതരം ത്വയി കാണാകുന്നു;
അടിയനുമൊന്നതു തന്നരുളേണം
മടിയരുതേതും കരുണാസിന്ധോ!
അടിമലർക്കൂപ്പുന്നോർക്കഭിലാഷം
വടിവൊടു നിന്തിരുവടി നൽകുന്നു."
ഇത്തരമുള്ളൊരു സത്രാജിത്തിൻ
ചിത്തമനോരഥസാരമറിഞ്ഞു
ഉത്തമനാകിയ സൂര്യൻ ഭഗവാൻ
ഉത്തരമൊന്നിദമരുളിച്ചെയ്തു:-
"ഭോ! ഭോ! സത്രാജിദത്രാജിത പദകമലാ-
ലംബനം സാംപ്രതം തേ
ദാതും ചേതോനുകൂലം കിമപി പടുതരം
നൈവ ലോകേ വിലോകേ;
കാമം കാമപ്രദായീ വപുഷി വിജയതേ
കോപി ചിന്താമണിർമ്മേ
സ്വർണ്ണാനാമഷ്ടഭാരം ദിനമനു ജനയേ-
ദേഷ, ദാസ്യാമി ചൈനം."

ഇത്തരമുള്ളൊരു പദ്യം ചൊന്നാ-
നുത്തമനാകിയ സൂര്യൻ ഭഗവാൻ;
അർത്ഥമിതിന്നറിവാൻ പണിയെങ്കിൽ
അർത്ഥം ഭാഷയിലീങ്ങറിയിക്കാം;
കൈകൊണ്ടൊട്ടറിയിച്ചീടേണം
മെയ്‌കൊണ്ടൊട്ടു നടിക്ക്യേം വേണം.
എന്നതുകൊണ്ടുമറിഞ്ഞില്ലെങ്കിൽ
ചൊന്നതിനർത്ഥം ചൊല്ലുന്നുണ്ട്.
സത്രാജിത്തേ! കേട്ടാലും നീ
ചിത്രം ചിത്രം നിന്നുടെ ധൈര്യം
വല്ലവിമാരുടെ വല്ലഭനാകിയ
മല്ലവിലോചനനല്ലാസേന
വാണീടുമ്പോൾ നിങ്ങൾക്കെല്ലാം
കാണീപോലും ഖേദവുമില്ല;
എന്നതിലേററവുമൊന്നു തരുന്നതി-
നെന്തിഹ വേണ്ടിതി ചിന്തിതമിങ്ങു.
പണ്ടേയുണ്ടെൻറംഗം തന്നിൽ
കണ്ടാലും നീ കുണ്ഠിതമെന്ന്യേ
ഹന്ത സ്യമന്തകമെന്ന മഹാമണി
കാന്തികൾകൊണ്ടതികാന്തമിതല്ലോ.
നിത്യം നിത്യം പൂജിക്കേണം
ചിത്താനന്ദം സേവിക്കേണം
എട്ടെട്ടു ഭരം പൊന്നു ദിനംപ്രതി
മുട്ടാതേ തരുമിമ്മണിരാജൻ;
എന്നാലിതു നീ മേടിച്ചാലും!
തന്നീടുന്നേനിന്നിതുതന്നെ.

ശിക്ഷയിലിന്നിതു സൂക്ഷിച്ചങ്ങിനെ
രക്ഷിക്കേണമിതെന്നരുൾചെയ്തു.

സ്യമന്തകം മണി കൊടുത്തു സൂര്യൻ
സമന്ത്രമങ്ങിനെ മറഞ്ഞനേരം
അമന്ദവേഗമൊടവൻ നടന്നു
ക്രമേണ കാനനതലം കടന്നു
ഗളത്തിലമ്മണി വിളങ്ങിയപ്പോൾ
കുളുത്ത ശോഭകൾ നിറഞ്ഞു കണ്ടു;
പുരത്തിലങ്ങവനടുക്കുമപ്പോൾ
കടുക്കനേ ചിലരകന്നു നിന്നു.
തെരുക്കനെച്ചിലരൊരുക്കിയെല്ലാ-
മുരുത്തിരിപ്പിന്നൊരുമ്പെടുന്നു;
ദിനേശനുണ്ടിഹ വരുന്നു താനേ
ജനേശനെപ്പുനരണഞ്ഞു കാണ്മാൻ
ജനങ്ങളിങ്ങനെ നിനച്ചു തൽക്ഷണ-
മനേകസംഭ്രമമകന്നു നിന്നു.
അർക്കനെഴുന്നള്ളുന്നതു കാണ്മാൻ
വെക്കം ചെന്നു നിറഞ്ഞു ജനങ്ങൾ
ദിക്കുകളിൽ ചില തിക്കു തുടങ്ങി
പൊക്കത്തിൽ ചിലരേറി നിരന്നു;
അച്ചികളെല്ലാം കാഴ്ചയിതെന്നി-
ട്ടുച്ചത്തിൽ ചില വാക്കു തുടങ്ങി:—
“ഇച്ചിരിയമ്മേ! നിച്ചിരിയത്തി!
ഇച്ചിരിയൊട്ടും നന്നല്ലേടി!
കൊച്ചുകളോടു കളിച്ചിരിയാമൽ
കാഴ്ചയിലിച്ഛ നിനക്കുണ്ടെങ്കിൽ

കാച്ചിയ പുടവയുടുക്കരുതായോ?
പച്ചപ്പുഴവും തേക്കരുതായോ?
കുഞ്ഞിപ്പെണ്ണിന്നു കഞ്ഞി കുടിപ്പാൻ
കുഞ്ഞു കരഞ്ഞിട്ടാവതുമില്ല;
മഞ്ഞത്തുകിലും കഞ്ഞിപ്പുടവയു-
മാഞ്ഞുപിടിച്ചൊരു കുഞ്ഞച്ചാരും
കുഞ്ഞിക്കാവും അവളുടെ മകളും
പാഞ്ഞിത പോണു കാഴ്ചകൾ കാണ്മാൻ.
മായച്ചിക്കൊരു നായർ വരാനു-
ണ്ടായതു കൊണ്ടവൾ പോരുന്നില്ലാ.
മായം വേണ്ടയിതേറെ മടിച്ചാൽ
തായം തെററുമതോർത്തീടേണം.
ചക്കിക്കുണ്ടൊരു ചക്കരവായൻ
ചക്കച്ചാരെന്നക്കരവീടൻ
തക്കം നോക്കിയടുക്കുന്നേരം
വെക്കമൊടവനെപ്പോക്കണമെന്നും;
നീലിപ്പെണ്ണവൾ താലിയണിഞ്ഞും
ചേല ഞെറിഞ്ഞും മാലയണിഞ്ഞും
കേളച്ചാരുടെ കോലം കണ്ടും
കാലം പോയതറിഞ്ഞില്ലവളും.''
ഇങ്ങിനെയോരോ വാക്കുകളോരോ-
ന്നംഗനമാരു പറഞ്ഞുതുടങ്ങി
തെക്കൻ കത്തിയെടുത്തൊരു തോളിൽ
തൂക്കിക്കൊണ്ടൊരു കൂക്കുവിളിച്ചു
ചെക്കനെയങ്ങു മറിഞ്ഞഥ നോക്കി-
ച്ചിക്കെന്നങ്ങു നടന്നുതുടങ്ങി.

പൌരന്മാരതുനേരമതെല്ലാം
നാരായണനോടറിവിപ്പാനായ്
ദ്വാരകതന്നിൽ ചെന്നൊരു സമയേ
നാരായണനെക്കാണ്മാറായി;
വൃഷ്ണികുലത്തിന്മകുടമഹാമണി
കൃഷ്ണൻതിരുവടി താനതുനേരം
വല്ലഭയാകിയ രുക്മിണിയോടും
നല്ല വിശേഷം ചൊല്ലി രസിച്ചു
ശീതളമായൊരു മണിയറതന്നിൽ
ചൂതും പടവുമെടുത്തു നിരത്തി
ചൂതായുധസമനാകിയ ഭഗവാൻ
ചൂതും പൊരുതു കളിച്ചു രസിച്ചു.
ഇരുമൂന്നാറു കളിച്ചാലിന്നീ-
ക്കരുവതെനിക്കിഹ വെട്ടാമെന്നും
പെട്ടെന്നിപ്പൊളൊരെട്ടു കളിച്ചാൽ
പെട്ടു പിരിച്ചതു വെട്ടാമെന്നും
പകിട കളിച്ചതു കപടംതന്നെ
പകിടികളെന്നോടു കൂടായെന്നും
തോലി പിണഞ്ഞു നമുക്കെന്നാലെൻ
താലിയിലൊന്നു തരുന്നേൻ പണയം.
ഇത്തരമോരോ വാക്കുകൾ ചെയ്തു
ചിത്തവിനോദത്തോടു വസിക്കും
പുരുഷോത്തമനെച്ചെന്നു വണങ്ങി
പുരജനമേവമുണർത്തിച്ചു മുദാ.
“രാകാശശിവദന! ദേവ ശൌരേ! ജയ
ലോകാഭിരാമഗുണ! ദേവ ശൌരേ!

ലക്ഷ്മീരമണ! ജയ ദേവ ശൌരേ!
അക്ഷീണഭുജബല ദേവ ശൌരേ!
ലീലാരസികതനോ! ദേവ ശൌരേ! വന-
മാലാവലിഭൂഷണ ദേവ ശൌരേ!
ആദിത്യദേവനിങ്ങെഴുന്നരുളി താനേ
മോദേന ഗോപുരത്തിൽ പാൎത്തീടുന്നു;
കാന്തിപടലംകൊണ്ടീ രാജധാനിയിലുള്ള
കാന്താരമഖിലം വിളങ്ങീടുന്നു;
നിന്നടിമലർ വന്നു കൂപ്പുവാനായവ-
നിന്നിഹ വന്നിടുന്നു മോദമോടെ;
എന്നാലവനെയിന്നു കാണിക്കേണം
നന്നായിട്ടൊരു ദിക്കിൽ പാൎപ്പിക്കേണം."
എന്നീ വാക്കുകൾ കേട്ടു മുകുന്ദൻ
മന്ദസ്മിതമൊടുമൊന്നരുൾ ചെയ്തു
"എന്നുംദിനകരനല്ല വരുന്നതു
മന്ദന്മാരതു ബോധിച്ചാലും!
അംബരമാൎഗ്ഗം തന്നിൽ വിളങ്ങുമൊ-
രംബരമണിയുടെ ബിംബമൊരുന്നാൾ
അവനിതലത്തിലിറങ്ങുകയില്ലെ-
ന്നറിയരുതായോ ഭോഷന്മാരേ?
സത്രാജിത്തു തപസ്സു തുടങ്ങി-
ട്ടത്ര വസിക്കുന്നെന്നതു കേട്ടു
മിത്രവരംകൊണ്ടവന്നുടെ കാന്തിക-
ളിത്ര വിളങ്ങിയതെന്നറിയേണം."
ഇത്തരമൊന്നരുൾചെയ്ത ദശായാം
സത്രാജിത്തുമണഞ്ഞു വണങ്ങി

വൃത്രാരാതിസഹോദരനോടാ-
വൃത്താന്തങ്ങളുണർത്തിച്ചു മുദാ;
ചെന്താർമാനിനിതന്നുടെ കണവൻ
ചിന്ത തെളിഞ്ഞൊന്നരുളിച്ചെയ്തു;—
“യാദവ! നിന്നുടെ ഭാഗ്യംകൊണ്ടു്
സാദരമാശു ലഭിച്ചിതു മണിയും.
ഭൂമിയിലുള്ള ജനങ്ങൾക്കിമ്മണി
കാൺമാൻപോലും പണിയാകുന്നു.
അക്രൂര നിങ്കലുദിച്ചൊരു കരുണയ-
തോക്കുംതോറും ചിത്രം! ചിത്രം!
പരമമഹാധനമാകിയ രത്നം
പരിപാലിപ്പാനെളുതല്ലേതും.
ചോരന്മാരുണ്ടനവധി പാർത്താ-
ലാരെന്നാലും സൂക്ഷിക്കേണം;
നിങ്കലൊരമളി വരാതെയിരിപ്പാ-
നെങ്കിലതെങ്കലിരുന്നീടട്ടേ!
ആശയതിങ്കൽ നമുക്കില്ലേതും
നാശം വരും,മതുകൊണ്ടു പറഞ്ഞു.
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമതൊക്കെ നിനക്കു തരുന്നേൻ.”
ഇത്തരമൊന്നരുൾചെയ്തതു കേട്ടതി-
നുത്തരമൊന്നവനരിയാടാതെ
ചിത്തംകൊണ്ടു ചിരിച്ചുതുടങ്ങി
സത്വരമങ്ങു നടന്നുതുടങ്ങി;
“ദ്രവ്യത്തിങ്കലെയാഗ്രഹമെന്നതു
ഭവ്യന്മാർക്കുമില്ലയ്ക്കരുതേതും

വിത്തത്തിൽ കൊതിയുണ്ടാമെന്നാ-
ലിത്രയതെന്നൊരു നിയമം വേണം;
കാററം മഴയും വെയിലും മഞ്ഞും
ഏററംകൊണ്ടുടനാടലിനോടേ
ഏററമുറക്കം മാററിപ്പരിചൊട്ടു
നോററു കിടന്നുടനേററമിരന്നും
പണിപെട്ടിട്ടു നമുക്കു ലഭിച്ചൊരു
മണി പെട്ടെന്നു പിടിച്ചു പറിപ്പാൻ
മടികൂടാതരുൾചെയ്തൊരു വചനം
കടുതാഴ്ന്നുടനോക്കുംതോറും.
സ്വർണ്ണമശേഷം തരുവനിതെന്നൊരു
കർണ്ണാനന്ദം ചൊല്ലുകയത്രേ;
പാട്ടിലണഞ്ഞ ധനത്തിലൊരല്പം
കാട്ടുകയില്ലീ യജമാനന്മാർ;
'പെട്ടി തുറപ്പാനിന്നെളുതല്ലാ
പൂട്ടിയ പുരുഷൻ വീട്ടിൽ പോയി,
നാളെ വരേണം വേണമതെങ്കിലൊ-
രാളെയയച്ചാലതു മതിതാനും;'
ഇങ്ങിനെയുള്ളൊരു ശഠത പറഞ്ഞി-
ട്ടിങ്ങു ലഭിപ്പാൻ കൂടുകയില്ല.''
ഇത്ഥം മനസി നിനച്ചുംകൊണ്ടു
സത്രാജിത്തും ഭവനം പുക്കാൻ.
നിത്യവുമമ്മണി വച്ചൊരു പീഠേ
ഭക്തി മുഴുത്തഥ പൂജകൾചെയ്തു
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമെടുത്തു സുഖിച്ചു വസിച്ചു.

പ്രസേനനെന്നൊരു സഹോദരൻ താൻ
പ്രസാദമോടവനടുത്തു വന്നു
വണങ്ങിയമ്മണിഗുണങ്ങൾ കൊണ്ടവ-
നിണങ്ങി നിന്നഥ പറഞ്ഞു കിഞ്ചന
"കനത്ത കൌതുകമെനിക്കു ചേതസി
ജനിയ്ക്കുകൊണ്ടിതു നിനച്ചിടുന്നു
മനക്കരുന്നതിലനുഗ്രഹം മയി
നിനക്കു കിഞ്ചന ജനിച്ചിടേണം;
നിരാകുലം മമ തരേണമിമ്മണി
ച്ചിരേണ വാഞ്ഛിതമെനിക്കു ചേതസി
സരോജവല്ലഭവരേണ വന്നതു
കരേണ ഞാനതു ധരിക്കണം
ഗളത്തിലമ്മണി വിളങ്ങണം മമ
കുളത്ത ശോഭകൾ നിറയ്ക്കണം
നെടുത്ത കാനനമടക്കി വാഴും
മൃഗങ്ങളെപ്പലതൊടുക്കണം
മുടക്കിയമ്പുകൾ തൊടുക്കണം മൃഗ-
മടുപ്പതും ചിലതൊടുക്കണം."
സാദരമിങ്ങനെ സോദരവചനം
യാദവനമ്പൊടു കേട്ടു ദശായകം
ഖേദം മനസി ജനിച്ചതടക്കി-
സ്സോദരനമ്മണിയുടനേ നല്കി
അപ്പോഴമ്മണി മേടിച്ചവനും
ശില്പമെടുത്തു കഴുത്തിലണിഞ്ഞു
പച്ച വിളങ്ങിന കച്ച മുറുക്കി
പച്ചപ്പട്ടുമുടുത്തഥ കെട്ടി

പച്ചപ്പരിചയുമസിയുമെടുത്തൊരു
പച്ചക്കുതിരമേലേറി നടന്നു;
വേട്ടയ്ക്കിളമയെഴുന്നള്ളുന്നതു
കേട്ടതുനേരം നായന്മാരൊരു
കൂട്ടമിരുന്നു പറഞ്ഞു തുടങ്ങി
കൂട്ടിവിളിച്ചു പറഞ്ഞു തുടങ്ങി:—
"നായാട്ടെന്നതു കേൾക്കുംനേരം
നായന്മാർക്കൊരുത്സവമല്ലോ
മായം ചിലവക ബോധിക്കേണം
തായം കൊണ്ടതു സാധിക്കേണം
നായ്ക്കളനേകംകൂട്ടം വേണം
നായാടികളിലുമൊരുവക വേണം
വലയും കെട്ടിയുറപ്പിക്കേണം
മലയും കാടുമിളക്കീടേണം
കലഹിക്കുന്ന മൃഗങ്ങളെയൊക്കെ-
ക്കൊലചെയ്യാനൊരു വിരുതും വേണം;
കണ്ടച്ചാരു മരിച്ചേപ്പിന്നെ
ദണ്ഡിപ്പെല്ലാം കൂടെമറന്നു;
വേട്ടക്കളരിയിലെത്തുംപോഴും
കോട്ടമിതൊന്നും നമ്മുടെ കണ്ട-
ജ്യേഷ്ഠനിരുന്നന്നുണ്ടായില്ല;
നമ്പൻനായെക്കൊണ്ടൊരു കൂട്ടം
വമ്പെന്നാലതു മതിയായില്ല
വമ്പടയൊക്കെക്കൂട്ടിക്കൊണ്ടു
മുമ്പിൽ നടപ്പാൻ ചോരാ താനും;

പണ്ടു പടയ്ക്കു മുറിഞ്ഞെപ്പിന്നെ
തിണ്ടലെനിക്കോ നേരായില്ല;
കേളച്ചാരു കൊടുത്തു വളത്തൊരു
കാളൻ നായവനെങ്ങു തിരിച്ചു?
ചീളന്നെത്തിപ്പന്നിത്തടിയൻ-
വേള കടിച്ചു പൊളിപ്പാൻ പോയി
കേളച്ചാരുടെ കാളൻനായുടെ
ശീലം നിങ്ങളറിഞ്ഞിട്ടില്ല;
ചാലേ പന്നികൾകോലംകണ്ടാൽ
വാലും തറെറ പറക്കും കള്ളൻ.

കരിമ്പനെന്നൊരു നായുണ്ടവനൊരു
തരിമ്പു പേടിയുമില്ലൊരു നേരവും
ഉരമ്പി നല്ലൊരു വരമ്പു പററി-
ത്തരംവരുമ്പോൾ കടിയും കൂട്ടും;
വെളുമ്പനൻപൊട്ടു മൃഗങ്ങളോടേ
കലമ്പുവാൻ മതി ബലം കെടാതെ.
പെരുത്ത വൻപുലിയുരത്തു വന്നാൽ
കഴുത്തറപ്പാൻ കരുത്തു പോരും;
കടുവായോടൊരു കടി കൊണ്ടന്നേ
നെടുവാലൻ തന്നുടലു മുറിഞ്ഞു
അടവിയിലിന്നൊരു നടനം ചെയ്യാ-
നുടനേ നിന്നാ പടുവല്ലേതും
ചാത്തച്ചാരുടെ ചാത്തൻ നായും
തൊമ്മച്ചാരുടെ തൊമ്മൻനായും
കണ്ടച്ചാരുടെ കണ്ടൻനായും
കോരച്ചാരുടെ വീരൻനായും

എന്നിവ നായ്ക്കളനേകം വേണം
നിന്നു പിണാങ്ങുമിണങ്ങരു വേണം
പടയ്ക്കു നല്ലവനിടയ്ക്കുമാകാ-
യിടയ്ക്കു നല്ലവൻ പടയ്ക്കുമാകാ;
പടയ്ക്കൂട്ടുകളും കണക്കു തന്നെ
കടുത്ത വേട്ടയ്ക്കൊരുമ്പെടേണം;

വെളുക്കുമപ്പോൾ കുളിച്ചു നല്ല
വെളുത്ത മുണ്ടും ഞൊറിഞ്ഞുടുത്തു
വെളുത്ത വെണ്ണീറെടുത്തണിഞ്ഞു
കുളുത്ത ചോറും ചെലുത്തി നന്നായ്
തളത്തിലേറിച്ചുരിഞ്ഞുറങ്ങും
ജളതപമേറിന തടിച്ച നായർ
പടയ്ക്കു ചെന്നങ്ങടുക്കുമപ്പോൾ
പടയും കുടയും വടിയും പൊടിയും
പൊട്ടുപൊടെ വെടിയും ചാക്കും മുറിവും
വാക്കും തെറിയും പോരപ്പുഴയും
തീരാപ്പുഴിയും കണ്ടൊരു നേരം
തൊണ്ടനവന്റെ തുടകളു രണ്ടും
കിടുകിടനെന്നു വിറച്ചു വിറച്ചും
ഉടലു തളർന്നും പേടി വളർന്നും
പടലു തടഞ്ഞിട്ടവിടെ മറിഞ്ഞും
വെക്കം വീട്ടിലടുക്കള തന്നിൽ
പുക്കൊരു വമ്പൻ കതകുമടച്ചു
കഴല പനിച്ചു കിടക്കേയുള്ളു.

കിട്ടച്ചാരൊരു വേട്ടയ്ക്കിടയിൽ
കാട്ടിൽച്ചെന്നൊരു കോട്ടിലുറച്ചു.

കൂട്ടം പന്നികൾ ചാട്ടം കണ്ടി-
ട്ടോട്ടംകൊണ്ടിഹ വീട്ടിൽ പോന്നു.
അഷ്ടി കൊതിച്ചു വസിച്ചീടുന്നോ-
രെഷ്ടിയുമെന്തിനു പോന്നീടുന്നു?
കണ്ണൻപഴവും ചോറും കറിയും
പൊണ്ണത്തടിയാ കാട്ടിൽ കിട്ടാ;
സുന്ദരനെന്നൊരു ഭാവത്തോടേ
സിന്ദൂരക്കുറിയിട്ടും കൊണ്ടു്
വേട്ടയ്ക്കെന്തിനു താൻ പോരുന്നു?
കാട്ടിലിരിപ്പതു വേശ്യകളെന്നോ?
കള്ളാ! ചെന്നു കളത്രം തന്നുടെ
പിള്ളയെടുത്തു കളിപ്പിച്ചാലും!
തുള്ളി വരുന്ന കുരങ്ങു കണക്കേ
തുള്ളി വരുന്നൊരു കോന്തച്ചാരുടെ
പിള്ളേരുടയൊരു നായാട്ടങ്ങിനെ
വള്ളികളേറിയിരുന്നു വിറയ്ക്കും
തള്ള പിരിഞ്ഞൊരു കുഞ്ഞുകളൊന്നിനു
കൊള്ളരുതെന്നതു കേട്ടിട്ടില്ലേ?
ചേന്നച്ചാർക്കു തിടുക്കം വന്നു
തന്നുടെ മകളവൾ പെററതുകൊണ്ടു്
ഉള്ളിയരച്ചും മുക്കടി വെച്ചും
വെള്ളം വെച്ചും കൊള്ളി പിടിച്ചും
ഉള്ളൊരു നേരമടങ്ങിയിരിപ്പാൻ
കള്ളപ്പാഴന്നെളുതല്ലേതും;
കൊട്ടാരത്തിൽ കൊച്ചു പണിക്കരു
വേട്ടയ്ക്കായിപ്പോകണമെന്നാൽ

മുമ്പിലൊരൻപതകമ്പടി വേണം
പിന്നൊച്ചിലവക വേറേ വേണം
പെട്ടിയെടുപ്പാൻ പട്ടരു വേണം
കാലു തിരുമ്മാൻ നായരു വേണം
വേലക്കോരന്നമരികേ വേണം
സഞ്ചിയെടുപ്പാൻ പൊതുവാൾ വേണം
ചന്തംകൂട്ടി വനത്തിൽ ചെന്നാൽ
എന്തൊരു കാര്യം ചിന്തിക്കുന്നു!
കാട്ടിൽ ചെന്നു മഹാഷ്ടം പറവാൻ
കൂട്ടിക്കൊണ്ടിഹ പോകയുമില്ല;
കല്പിക്കുന്നതുമെന്തിനു പാഴിൽ
കല്പന വന്നതു ബോധിച്ചില്ലേ?"
തങ്ങളിലിങ്ങിനെയോരോ വാക്കുകൾ
അങ്ങു പറഞ്ഞു നിറഞ്ഞാപ്പടയിട
തിങ്ങിയിടഞ്ഞു നടന്നു തുടങ്ങി
ഭംഗിയിണങ്ങിന കോപ്പും കൂട്ടി
തപ്പു മദ്ദളമിടക്കയുടുക്കുകൾ
തിത്തി വീണ മുഖവീണാ മുരശ്ശും
ചേങ്ങിലാ തിമില നല്ല മൃദംഗം
ചെണ്ട കടുന്തുടി വെണ്ടകജാലം
ഡിണ്ഡിമമംക്യമിടയ്ക്കയുടുക്കുകൾ
മഡ്ഡു, ഝല്ലരികൾ ഝർഝരവാദ്യം
ഇത്തരം വിവിധവാദ്യസമൂഹം
പത്തു ലക്ഷമിവയൊക്കെ മുഴക്കി
തിത്തിമത്തതത്തരികിടകിടതക
തികധകിടധിമിതത്തധരികിട

കിടതകിജംഝോം കിടതകിധോം
ധിത്താഝഝനകിടതകിധത്തിം
ധക്കധരിക്കധരിക്കധകഝണ്ണ
കഝണ്ണതക്കതിക്കതക്കട്ടേതക്കിടകിടതിക്കിതാം
ഇത്തരമുള്ളൊരു ഘോഷം പലവക
സതൂരമങ്ങു തുടങ്ങീടുന്നു.

വില്ലും നല്ല ശരങ്ങളും ചുരികയും
ചക്രങ്ങൾ ശൂലങ്ങളും
ചൊല്ലേറും ചില കത്തി വാളു ചവളം
തോക്കും മുനക്കത്തിയും
ഉല്ലാസത്തൊടെടുത്തടുത്തിതുടനേ
മെല്ലെപ്പടക്കൂട്ടമ-
ങ്ങെല്ലാം കൂക്കിവിളിച്ചു കാട്ടിനരികേ
വേട്ടയ്ക്കൊരുമ്പെട്ടുതേ.

പടയിളകീടിന സമയേ ശിവശിവ!
ഭടജനമുടനേ ഝടിതി ചവിട്ടി
ധരണിതലങ്ങളിടിഞ്ഞു പൊടിഞ്ഞും
പൊടിപടലങ്ങളുമവിടെ നിറഞ്ഞു
അഖിലമെഴുന്നു നിരന്നു പരന്ന-
ങ്ങംബരസീമനി രവികിരണങ്ങളു-
മൊക്കെ മറച്ചുടനവിടെയടങ്ങാ-
ഞ്ഞമരപുരത്തിനകത്തു കടന്നാ-
ഗ്ഗംഗാജലവും ചെന്നു കലക്കി.
വട്ടപ്പുരിച തുടക്കിടുമപ്പോൾ
ചടുപടനെന്നൊരു കടുതരഘോഷം

എട്ടു ദിഗന്തം പൊട്ടിച്ചീടിന
കൊട്ടും വെടികളുമൊട്ടൊഴിയാതെ
കേട്ടു ദശായാമഷ്ടമഹാഗജ-
ക്കൂട്ടവുമുടനേ ഞെട്ടീടുന്നു;
മലകളുമാശു കുലുങ്ങീടുന്നു,
ജലധികളാശു കലങ്ങീടുന്നു;
വിടപികളൊക്കെയുലഞ്ഞീടുന്നു;
തടിനികളൊക്കെയലഞ്ഞീടുന്നു;
ധരണി ധരിപ്പാനെളുതല്ലാഞ്ഞി-
ട്ടുരഗാധിപതി വലഞ്ഞീടുന്നു;
കമഠാധീശൻ തന്നുടെയുടലും
ചടുപടനെന്നു തകൎന്നീടുന്നു.
ചാടിച്ചിലരു പിടിച്ചു കളിച്ചും
കൂടെച്ചിലരു പിടിച്ചു തടുത്തും
വടികൾ വലിച്ചും തടികളൊടിച്ചും
ചടലിലടിച്ചും പൊടികൾ തുടച്ചും
ശിലകൾ പൊടിച്ചും വലകൾ പടുത്തും
വഴികൾ തടുത്തും വികടമടുത്തും
നായാട്ടിന്നിഹ നായന്മാരവർ
കാട്ടിൽചെന്നു നിറഞ്ഞൊരു സമയേ
നായാടികളും കാടുമിളക്കി-
ട്ടിക്കുകളിൽ ചില വലയും കെട്ടി
തക്കമറിഞ്ഞു തിരഞ്ഞു മൃഗങ്ങളെ
വക്കാണത്തിനടുത്തൊരു സമയേ
സത്രാജിത്തിൻറനുജനുമപ്പോൾ
തത്ര ജനത്തോടൊന്നരുൾചെയ്തു

"വേടന്മാരിതു ബോധിക്കേണം
കാടുകളൊക്കെയുറപ്പിക്കേണം;
കാട്ടീന്നൊരു മൃഗമോടിപ്പോയാൽ
കോട്ടം നിങ്ങൾക്കെന്നറിയേണം;
പേടി കുറഞ്ഞ ഭടന്മാരിൽ ചില-
രോടിയണഞ്ഞു പിണങ്ങീടേണം;
വേടന്മാരൊടുകൂടി നടക്കണ-
മാടൽ മനസ്സതിലുള്ളവരെല്ലാം;
അമ്പൊടു കുന്തക്കാരൊരുമിച്ചു
മുമ്പിൽ നടന്നു പിണങ്ങീടേണം;
വമ്പടയൊക്കെയുറപ്പിക്കേണം
വമ്പു പറഞ്ഞാലെളുതാകില്ല;
വമ്പുലി വന്നിഹ ചാടീടുന്നതു-
മമ്പൊടു കരുതി നടന്നീടേണം."

പ്രസേനനിങ്ങിനെ ഗഭീരമായി
സ്വസേനയോടഥ പറഞ്ഞനേരം
പടജ്ജനങ്ങൾ വനത്തിലപ്പോ-
ളടുത്തു കാടുകളിളക്കി മെല്ലെ
തുടങ്ങി നായാട്ടനേകമപ്പോ-
ളൊടുക്കമില്ലാ മൃഗങ്ങളപ്പോൾ
പൊടുക്കനേ ചില പരിഭ്രമിച്ചും
കടുക്കനെച്ചില തിരിഞ്ഞുറച്ചും
നടുക്കമോടുടനൊളിച്ചൊളിച്ചും
നെടുത്ത പല്ലുകളിളിച്ചിളിച്ചും
കടുത്ത മാനുകളകന്നകന്നും
തടിച്ച പന്നികളകന്നകന്നും

തനിച്ചു കാട്ടിൽ ജനിച്ച ഘോഷം
നിനപ്പതിന്നും പ്രയാസമല്ലോ.
കൊമ്പിന്മേൽ ചില കൊമ്പുകളുള്ളോരു
അമ്പതു ലക്ഷം കലകളണഞ്ഞു
ഒന്നിച്ചനവധി പന്നിക്കൂട്ടം
തിന്നു പിണഞ്ഞു ചെന്നായ്ക്കൂട്ടം
കടമാനും ചില മറിമാനും പല-
നെടുമാനും ചില കുറുമാനുകളും
പുള്ളിപ്പുലിയും വൻപുലി ചെമ്പുലി
വള്ളിപ്പുലിയും വരിയൻ പുലിയും
ഘനതരമാകിന വനമഹിഷങ്ങളു-
മെട്ടടിമാൻ പല കേഴക്കൂട്ടം
ന്യംകുകൾ രംകുകൾ ഗന്ധമൃഗങ്ങളു-
മളവില്ലാതൊരു കലമാനുകളും
ചമരിമൃഗങ്ങളനേകക്കൂട്ടം
കടുവാ കരടികൾ കേഴക്കൂട്ടം
രൂക്ഷതരക്ഷുകൾ ഭല്ലൂകങ്ങളു-
മക്ഷതബലമാന്നാനക്കൂട്ടം
സിംഹം പലവക വികടകരാളം
വ്യാളസമൂഹം നരകരടികളും
മുയലുകളും ചില മയിലുകളും ബഹു
കുറുനരിയെന്നിവ ജന്തുസമൂഹം
ഒക്കെച്ചോടിക്കാട്ടുകൾ തോറും
തക്കത്തിൽ ചില പോട്ടിലൊളിച്ചും
വെക്കം ചിലവകയോടിയണഞ്ഞും
നായ്ക്കളടുത്തു കടിച്ചു പൊളിച്ചും

വെട്ടുകൾ കുത്തുകൾ നീട്ടുകളെന്നിവ
വക്കാണങ്ങളനേകവിധങ്ങൾ
വെടികൊണ്ടങ്ങു മൃഗങ്ങൾ മറിഞ്ഞും
കടികൊണ്ടങ്ങു ജനങ്ങൾ മറിഞ്ഞും
കരടികളെത്തിയടിച്ചു കടിച്ചും
കടുവാക്കൂട്ടമടുത്തു പിടിച്ചും
വ്യാഘ്രങ്ങളുമതിശീഘ്രമടുത്തും
ഊററത്തിൽ ചിലർ പന്നികൾതന്നുടെ
തേററകളേററു മരിച്ചുതുടങ്ങി
ഏററമടുത്ത ഭടന്മാരെല്ലാം
തോററുമടങ്ങി നടന്നു തുടങ്ങി.

അപ്പോളതിബലനാം യദുബാലൻ
കെല്പോടണഞ്ഞഥ വില്ലുമെടുത്തു
അത്ഭുതമായ് ശരമാരി ചൊരിഞ്ഞു
ഉൽഭടവേഗമശേഷമൃഗങ്ങടെ
ദർപ്പമടക്കി മടക്കിച്ചിലവഴി
ചാപമെടുത്തു തൊടുത്തഥ വേഗാൽ
കോപമൊടാശു കടന്നു വനാന്തേ,
മത്തഗജങ്ങടെ മസ്തകസീമനി
പത്തും മുപ്പതുമമ്പുകളുടനേ
ഒത്തു തറച്ചാനുത്തമവീരൻ.
ഇത്തരമുള്ള ഗജങ്ങളുമെല്ലാ-
മത്തൽപിണഞ്ഞിഹ ചത്തു മറിഞ്ഞു.
ശരമേററൻപൊടു ശരഭസമൂഹം
പരവശമായി മരിച്ചീടുന്നു.

പന്നിക്കൂട്ടമതൊന്നിച്ചനവധി
വന്നതശേഷം കൊന്നീടുന്നു.
'കല വന്നിങ്ങൊരു വലയിൽ ചാടി
പലരും കൂടിക്കൊല ചെയ്യേണം.
പന്നിക്കുന്തമെനിക്കുണ്ടെന്നാൽ
പന്നികളെച്ചില കൊന്നീടുന്നേൻ
കുന്തമെനിക്കു മുറിഞ്ഞതുകൊണ്ടുട-
നന്തരമിപ്പോളുണ്ടായ് വന്നു;
മെല്ലെക്കരടി വരുന്നതു കണ്ടി-
ട്ടല്ലലൊടും പുനരോടും നേരം
കല്ലു തടഞ്ഞു മറിഞ്ഞുടനെന്നുടെ
പല്ലുകളൊട്ടു കൊഴിഞ്ഞും പോയീ.
കടുവായെന്നതു കേട്ടൊരു നേരം
ഝടിതി നടന്നിതു ഞാനും പരിചൊടു
പടലിൽ പോന്നു കടന്നു കിടന്നു
കടുവായച്ചതി കണ്ടതുമില്ല.'

ഇങ്ങിനെയോരോ ജളത പറഞ്ഞും
തങ്ങളിലൊട്ടു വിളിച്ചു തെളിച്ചും
നായന്മാരിഹ കാടുകൾ തോറും
നായാട്ടാടി നടക്കുന്നേരം
കൊമ്പുകൾകൊണ്ടു ശിലാതലമെല്ലാ-
മമ്പൊടു കുത്തിയടത്തുപൊടിച്ചും
തുമ്പിക്കൈകൊണ്ടഖിലമരങ്ങടെ
കൊമ്പുകളാശു പിടിച്ചുമൊടിച്ചും
സംഭ്രമമോടു വനത്തിൽ നടക്കും
കുംഭികൾതന്നുടെ കുംഭതടങ്ങളി-

ലൂടനേ ചാടിയടുത്തു കടിച്ചും
ഉടുത്തുടെയുള്ളൊരു ചോര കുടിച്ചും
കഠിനരവംകൊണ്ടടവികളെല്ലാം
കിടുകിടനെന്നു കലുക്കി നടന്നും
വികടതടാകലകടുതരമാകിന
മുഖമതുയർത്തിയെടുത്തൊരു നോക്കും
കടുതരമാകിന കണ്ണിലുടിച്ചെല്ലൊരു
തീക്കനെല്കളുടെ കൂട്ടംകൊണ്ടും
കാടും പടലുകളൊക്കെ ദഹിച്ചും
കുടിലനഖങ്ങളിലൂടനേ ചിലവക
കടുവാ കരടികളെന്നിവ കോർത്തും
സംഹാരാനലഭീഷണനാമൊരു
സിംഹത്തടിയൻ ഝടിതിയടുത്താൻ.

രുണ്ടും രുണ്ടും കഠോരാരവ പരകരിണോ
മസ്തകം മണ്ടമാനോ
ലുണ്ടും ലുണ്ടഞ്ച കണ്ഠധ്വനി കഠിനതയാ
കുണ്ടതാം ഭൂമിമൂണ്ടൻ
ശ്രുണ്ടും ശ്രുണ്ടഞ്ച കണ്ഠേതരമഗനിലയോ
ഹന്ത കണ്ഠീരവോസാ-
വാനണ്ടേ മണ്ടകാരീ വികട ഇവ ശനൈർ
വണ്ടയൻ കണ്ടനാളം.

കല്ലു കടിച്ചു പൊടിച്ചീടുന്നൊരു
പല്ലുകളൊക്കെ വളഞ്ഞു പിരിഞ്ഞും
സ്ഫുടതരമാകിന സടകഠം കടഞ്ഞും
വിടപികളോടഥ ഝടിതി തടഞ്ഞും

കൊടിമരമോടിംഹ പടപൊരുതീടിന
നെടിയൊരു വാലുമുയൎത്തിക്കൊണ്ടും
അടവി തകൎത്തു തിമിൎത്തു നടന്നും.
മൃഗപടലത്തെയമൎത്തുപിടിച്ചും
മൃഗയജനത്തെയെടുത്തു പിടിച്ചും
തുടുതുടെയുള്ളൊരു ചോരയണിഞ്ഞും
യദുസുതനോടതിഘോരമണഞ്ഞാൻ
ഭാസുരനാമൊരു കേസരിവീരൻ.
പഞ്ചാനനനെക്കണ്ടൊരുനേരം
നെഞ്ചിനകത്തൊരു ഭീതി വളൎന്നു
ചഞ്ചലമാകിന ഭടജനമെല്ലാം
തഞ്ചമിളച്ചവർ പാഞ്ഞുതുടങ്ങി.
വാളും പരിച കടുത്തില തോക്കുക-
ളാദികളാകുമൊരായുധമെല്ലാം
കൈകളിൽനിന്നു കളഞ്ഞു കളഞ്ഞും
കാടുകളിൽ ചിലരോടിയൊളിച്ചും
യജമാനനനെയുപേക്ഷിച്ചവരും
അളവേ പുരിപുക്കഞ്ഞു വസിച്ചാർ.

സിംഹം ഝടിതിയടുത്തു പിടിച്ചു
പ്രസേനനേയും കുതിരയുമെല്ലാം
കഠോരമാകിന കരയുഗളം കൊ-
ണ്ടടിച്ചു കൊന്നങ്ങവനിയിലിട്ടാൻ.
സ്യമന്തകം മണി പറിച്ചുകൊണ്ടട-
നമന്ദസാഹസമവൻ നടന്നു.

പെരുത്ത കാനനതലത്തിലമ്പൊടു
കരുത്തനങ്ങനെ ചരിക്കുമപ്പോൾ,
സകലകപികുലതിലകഭൂപനാം ജാംബവാൻ
സപദി നിജഗുഹയിൽനിന്നങ്ങു പോന്നേകദാ
വനഭുവി ഫലങ്ങളെത്തേണ്ടി മേവുംവിധൌ
ഘനകുതുകമോടവൻ കണ്ടു മൃഗേന്ദ്രനെ
വികടമണിഘൃണിപടലവിലസിതശരീരനാം
മൃഗപതിയൊടെത്തി നേർത്തീടിനാൻ ജാംബവാൻ
കുതുകമൊടുടൻ കളിച്ചൊന്നടിച്ചീടിനാൻ
അതു പൊഴുതു തവിടുപൊടിയായി സിംഹേന്ദ്രനും.
മണിയതുമെടുത്തുടൻ പുക്കു ഗുഹാന്തരേ
മഹിതഗുണശാലിയാം വാനരാധീശനും;
ഉചിതതരകാന്തിയുള്ളോരു രത്നമതും
കൊച്ചിനു കളിപ്പതിന്നായി നല്കീടിനാൻ
എട്ടെട്ടു ഭാരം ധനം വിളഞ്ഞീടുന്ന
ചട്ടററ രത്നത്തിനൊട്ടല്ല സങ്കടം
പെട്ടെന്നു കുഞ്ഞുങ്ങളങ്ങുമിങ്ങും വലി-
ച്ചിട്ടും വലിച്ചും കളിക്കുമാറാകയാൽ.
സത്രാജിത്തുനേരം സോദര-
നത്ര വരാഞ്ഞതുകൊണ്ടകതാരിൽ
ചിത്തവിഷാദം പൂണ്ടുടനവന്റെ
വൃത്താന്തങ്ങൾ തിരഞ്ഞൊരു സമയേ
സത്യമൊരുത്തരുമുരചെയ്യാഞ്ഞി-
ട്ടുത്തൽ മുഴുത്തു വനത്തിൽ നടന്നു
കാട്ടിൽ നടന്നു തിരഞ്ഞു തിരഞ്ഞൊരു
കോട്ടിലുമവനെക്കാണാഞ്ഞിട്ടു്

പെട്ടെന്നുടലു തളൎന്നു മനസ്സും
കെട്ടു കരഞ്ഞു പുരംപുക്കു ചിരാൽ.
ഉദകക്രിയകൾ കഴിച്ചൊരു വിജനേ
വദനം താഴ്ത്തി വസിക്കുന്നേരം
ബന്ധുജനങ്ങളുമുളവേ ചെന്നവ-
നന്തികസീമനി നിന്നു പറഞ്ഞു:
"സന്താപിച്ചു കരഞ്ഞു വിരഞ്ഞാ-
ലെന്തൊരു ഫലമിനി വരുവാനുള്ളൂ?
ചിന്തിച്ചാലതു ഞങ്ങൾക്കേറെയൊ-
രന്തരമിന്നിഹ തോന്നുന്നില്ല.
ഈശ്വരകല്പിതമെന്നതു പാൎത്താൽ
വിശ്വജനത്തിനൊഴിക്കാവൊന്നോ?
കൎമ്മത്താലെ വരുന്നതുമെല്ലാം
ശൎമ്മമിതെന്നു നിനച്ചീടേണം;
ജനനമിതെന്നും മരണമിതെന്നും
മനുജന്മാൎക്കു വിധിച്ചതിതെല്ലാം;
അനുജവിനാശം കല്പിതമെന്നാ-
ലനുഭവിയാതെയിരുന്നീടാമോ?
വീരനിവണ്ണം വരുവാനെന്തൊരു
കാരണമെന്നതു തോന്നീലേതും;
ക്ലേശിച്ചാലിതു തുമ്പുണ്ടാമെ-
ന്നാശ നമുക്കു വളൎന്നീടുന്നു."

ഇത്തരമുള്ളൊരു ബന്ധുജനാനാം
ചിത്തശ്രമഹരവചനം കേട്ടഥ
നേത്രജലങ്ങളടക്കിക്കഥമപി
സത്രാജിത്തു പറഞ്ഞുതുടങ്ങി:—

"എല്ലാമെന്നുടെ ദുരിതം തന്നെ
വല്ലാതുള്ളോരവസ്ഥ ഭവിച്ചു;
നല്ല ജനത്തൊടുകൂടി വസിപ്പാ-
നില്ല നമുക്കൊരു ഭാഗ്യമതോർത്താൽ.
ബാലനെയങ്ങു വനത്തിലയച്ചതു
മൂലമെനിക്കിതു വന്നു ഭവിച്ചു;
കാലമടുത്താലെവിടെയിരുന്നെ-
ന്നാലും വരുവതു വന്നേ പോവൂ;
എന്നു മനസ്സിലുറച്ചെന്നാകിലു-
മിന്നിതുകൊണ്ടൊന്നോർപ്പാനുണ്ടു്.
വന്നതു വന്നു നമുക്കിനി മേലിൽ
നിന്നു പൊറുപ്പാനെളുതല്ലേതും;
സഹജവിനാശമതിന്നൊരു തുമ്പു-
ണ്ടിന്നതു ചൊന്നാൽ തല പോയേക്കും;
എന്തിനതെല്ലാം ശങ്കിക്കുന്നു?
എന്നുടെ കർമ്മമിതെന്നേ വേണ്ടു."
"ചൊല്ലുക ചൊല്ലുക സത്രാജിത്തേ!
ഖിന്നതയേതും വേണ്ട മനസ്സിൽ
തുമ്പുള്ളതിനെ മറച്ചീടേണ്ടാ
വമ്പില്ലാഞ്ഞാൽ പിന്നെയടങ്ങാം;
ജീവസമന്മാരാകിയ ഞങ്ങളൊ-
ടീവക പറവാൻ മടിയെന്തയ്യോ!"
ഇത്തരമുള്ളൊരു ബന്ധുജനങ്ങടെ
നിർബന്ധംകൊണ്ടവനരചെയ്തു—.
"ചൊല്ലരുതെന്നതുകൊണ്ടല്ലേതും
ചൊന്നതുകൊണ്ടിനിയെന്തൊരു കാര്യം?

പെട്ടെന്നൊരുവക ബോധിക്കേണം
പെട്ടതിതെല്ലാം മണിയുടെ മൂലം;
മൂഢതകൊണ്ടു പറഞ്ഞീടുന്നു
ശുദ്ധമിതെന്നു ധരിച്ചീടേണം.
കൃഷ്ണനൊരുന്നാളിമ്മണിമേലൊരു
തൃഷ്ണ ഭവിച്ചു കുറഞ്ഞൊരു നേരം
ഇപ്പൊ നമുക്കു തരേണമിതെന്നൊരു
കല്പന ഞാനതു കൂട്ടാക്കീലാ.
ഊണുമുറക്കമിളച്ചു ലഭിച്ചതു
വേണമെനിക്കെന്നോതീടാമോ?
തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാന്മാൎക്കും;
വെട്ടും കുത്തും പരിശയ്ക്കത്രേ
കിട്ടും വിരുതു പണിക്കൎക്കെന്നും;
ഇത്തരമുള്ള പഴഞ്ചൊല്ലോട-
ഞ്ഞൊത്തീടുന്നീ വാൎത്തകളെല്ലാം.
വിത്തത്തിൽ കൊതിയുണ്ടാമെന്നാ-
ലിത്രയതെന്നൊരു നിയമം വേണ്ടേ?
എന്നതുകൊണ്ടിഹ ശങ്കിപ്പാൻ വഴി
വന്നു നമുക്കുടനെന്നേ വേണ്ടു.
വന്ദിക്കേണ്ടു ജനങ്ങളെയെല്ലാം
നിന്ദിക്കുന്നതു കഷ്ടംതന്നെ;
സുകൃതമശേഷമൊടുങ്ങുകകൊണ്ടീ
പ്രകൃതികളൊക്കെ നമുക്കു വരുന്നു;
സുകൃതികളെക്കൊണ്ടരുതരുതേതും
സുകൃതവിനിന്ദകളെന്നറിയേണം.”

ഇത്ഥം കിമപി പറഞ്ഞു വിശേഷം
സത്രാജിത്തു വസിച്ചോരു സമയേ
മിത്രജനങ്ങളുമാദരവോടേ
യാത്ര പറഞ്ഞു തിരിച്ചു നടന്നു.
അവരതിഗൂഢം ചിലരൊടു ചൊല്ലി;
അവരും ചിലരൊടു ചെന്നു പറഞ്ഞു;
അവരപ്പോളതു പലരൊടു ചൊല്ലി;
അവരതുമൊക്കെ നടന്നു പറഞ്ഞു.
ഇരുവരുംകൂടി നടക്കുന്നേരം
പരിതമിതൊന്നേ കേൾപ്പാനുള്ളു;
കുരള പറഞ്ഞു നടന്നു വരുന്നൊരു
വിരുതന്മാൎക്കൊരു വകയുണ്ടായി.
ചെവിയിൽ ചിലരു പറഞ്ഞു തുടങ്ങി
ചിലരതു കേൾപ്പാൻ ചെന്നുതുടങ്ങി
ചെവി ചൊത്തിച്ചിലർ നിന്നു തുടങ്ങി
ചിലരതുകേട്ടു ചിരിച്ചു തുടങ്ങി.
ബാലന്മാരും വൃദ്ധന്മാരും
യൌവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
വൃഷളികളും ചില വിഷരൂപികളും
ചിത്തഗുണത്തിന്നൊത്തതുപോലേ
തത്ത്വമിളച്ചു പറഞ്ഞു തുടങ്ങി:
[“കാലത്തിന്റെ പകച്ചു നിനച്ചാൽ
മാലോകൎക്കു പൊറുപ്പാൻ മേലാ.
വേലികൾതന്നേ വിളവു മുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു?]

കപ്പലകത്തൊരു കള്ളനിരുന്നാ-
ലെപ്പോഴുമില്ലൊരു സുഖമറിയേണം;
വീട്ടിലിരിപ്പാൻ തരമില്ലാഞ്ഞാൽ
കാട്ടിലിരിക്കാം പണ്ടൊരു കാലം;
കാട്ടിൽ ചെന്നും കൊന്നു പറിക്കും-
കൂട്ടമതിപ്പോളുണ്ടായ് വന്നു.
നാലു പണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും;
നല്ല മനോഗുണമുള്ള ജനത്തെ-
ക്കൊല്ലാനിന്നൊരു മടിയില്ലേതും;
പത്തമ്പതു പറ നെല്ലുണ്ടെന്നുടെ
പത്തായങ്ങളിലളവേ കണ്ടതെ-
ടുത്തു കൊടുത്തെൻ വിത്തും കൂലിയു-
മെത്താനൊരു വഴി കണ്ടതുമില്ല;
പത്തായത്തിനുറപ്പും പോരാ
കാത്തുകിടപ്പാനാളും പോരാ;
കട്ടു നടക്കും ദുഷ്ടജനത്തിനു
കിട്ടിയതെല്ലാം കൊള്ളാംതാനും.
തുമ്പ കിളച്ചും ചേമ്പുകൾ നട്ടും
തുവരകൾ വഴുതും വാഴകൾ വച്ചും
നമ്പൂരാരുടെ പുറകെ നടന്നി-
ട്ടിമ്മിണി മുതലു നമുക്കുണ്ടായതു
പാടേ കട്ടു മുടിച്ചെന്നാകിൽ
പാളയെടുത്തു നടക്കേയുള്ളു;
നെല്ലേതാനും പൊലികടമുള്ളതു-
മെല്ലാമിങ്ങു വശത്തായില്ല.

ഒരു മേനികളും പല മേനികളും
സ്വരൂപിച്ചോട്ടു കളത്തിലുമായി
പലിശ കൊടുപ്പാനുള്ളോരു നെല്ലും
പലതരമാക്കിയളന്നും വച്ചു;
ഇപ്പോഴും നമ്മുടെ വീട്ടിൽ കള്ളനു
കപ്പാൻ നല്ലൊരു തരമായ് വന്നു.
ഏതാനും ചില കാളകളുള്ളതു-
മേതൊരു ദിക്കിൽ സൂക്ഷിക്കേണ്ടു?
കാളകളേയും മൂരികളേയും
കള്ളനു കപ്പാൻ വിരുതേറീടും.
എള്ളു വിതച്ചിട്ടുള്ളതുമെല്ലാം
കള്ളന്മാരുടെ വായിൽതന്നെ;
കള്ളന്മാരതു കട്ടു ഭുജിച്ചാൽ
പള്ളു പൊറുപ്പാനാവതുമില്ല.''

മംഗലഗുണനാം ഭഗവാനെക്കൊ-
ണ്ടിങ്ങനെ ചിലരു ദുഷിച്ചീടുന്നു.
ഉള്ളിലസൂയ മുഴുത്തിട്ടുള്ളവർ
ഭള്ളു നടിച്ചു ദുഷിച്ചു തുടങ്ങി:
''സത്രാജിത്തൊരു മണിയും കൊണ്ടതി
ശ്രദ്ധയാ ഹരിമുന്നിൽ ചെന്നു
കൃഷ്ണനവററിൽ തൃഷ്ണയുമുണ്ടായ്
സത്രാജിത്തു കൊടുത്തതുമില്ല;
പെട്ടെന്നനുജൻ മണിയും കൊണ്ടൊരു
കാട്ടിൽ ചെന്നു മരിച്ചുംപോയി;
ചിത്തംകൊണ്ടു വിചാരിക്കുമ്പോൾ
കൊത്തും കോളുമതൊത്തു ചമഞ്ഞു.

ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോ മാറീടുന്നു?
ആയിരവൎഷം കുഴലിലിരുന്നൊരു
നായുടെ വാലു വളഞ്ഞേ തീരൂ.
കൊച്ചുകളോടു പിടിച്ചു പറിച്ചും,
മച്ചിലൊളിച്ചഥ പാലു കുടിച്ചും,
അച്ചികളങ്ങു കളിക്കുന്നേരം
കച്ചകളൊക്കെയെടുത്തു മറച്ചും,
പച്ചപ്പാലും മോരും തൈരും
നിത്യവുമങ്ങിനെ കട്ടു ഭുജിച്ചും,
പൂച്ചയ്ക്കൊട്ടു കൊടുത്തും പലവക
പിച്ചു കളിച്ചു നടന്നവനല്ലേ?
കണ്ണൻ കണ്ണനിതെന്നെല്ലാരും
തിണ്ണം തേടിന ഭക്തിയുമോൎത്താൽ
വെണ്ണകൾ കട്ടു നടന്നപ്പോഴേ
കള്ളനിതെന്നൊരു പേരവനുണ്ടു്.
മത്തു വലിച്ചുകുംഭത്തേലൊരു
കുത്തു കൊടുത്താപ്പാലു കുടിച്ചും
ഇത്തരമുള്ളൊരു കള്ളം കാട്ടി-
ട്ടുത്തമയാകിയ ജനനിയൊരുന്നാൾ
സത്വരമവനെയണഞ്ഞു പിടിച്ചവ-
ളുരലൊടു കൂട്ടിക്കെട്ടീട്ടില്ലേ?
പൂതനയെന്നൊരു പെണ്ണിനെയും കൊല
ചെയ്തു നിങ്ങൾ ധരിച്ചിട്ടില്ലേ?
മാതുലനായൊരു കംസനെ വെന്നൊരു
കൈതവമെല്ലാം ബോധിച്ചില്ലേ?

കാട്ടുകൾതോറും കാലികൾ മേപ്പാ-
നാടലകന്നു കടന്നു നടന്നും,
പേടമൃഗാക്ഷികളോടിട കൂടി
കൂട്ടുന്നവരെത്തന്നെ ചതിച്ചും,
കൂട്ടരുമായിക്കൂടി നടക്കും
കാട്ടുകൾ പലതും കാട്ടീടുന്നൊരു
കട്ടതരനാകിയ കണ്ണൻതന്നുടെ
നാടകമെല്ലാം കേട്ടിട്ടില്ലേ?
എടയന്മാരുടെ ജാതിക്കുണ്ടോ
എടയെന്നുള്ളതുമുണ്ടാകുന്നു?
തടിയുമെടുത്തു ഞെളിഞ്ഞു നടക്കും
തടിയന്മാരവർ കാട്ടുകൾതോറും
എടയാ! നില്ലെന്നോതുന്നേരം
തുടയും തുള്ളിച്ചു് ഝടിതി പറക്കും.
കപ്പാന്തളെല്ലാരു തക്കം നോക്കീ-
ട്ടെപ്പോഴും പണി ചെയ്യേയുള്ളു.
പെണ്ണുങ്ങൾക്കിഹ കണ്ണനെയോർത്താ-
ലുണ്ണണമെന്നുമുറങ്ങണമെന്നും
തങ്ങടെ തങ്ങടെ വീടുകളെന്നും
ചങ്ങാതികളെക്കാണണമെന്നും
അമ്മ പറഞ്ഞാൽ കേൾക്കണമെന്നും
നമ്മെച്ചിലരെപ്പേടിയതെന്നും
നാണമിതെന്നുമടക്കമിതെന്നും
കാണിക്കൊരു കുറി കാണ്മാനില്ല.
രാവെന്നുണ്ടോ പകലെന്നുണ്ടോ
കാടെന്നുണ്ടോ വീടെന്നുണ്ടോ,

കയ്യേച്ചെന്നു പിടിക്കുമൊരുത്തി
മെയ്യിൽച്ചെന്നു മലയ്ക്കുമൊരുത്തി
മടിയിൽച്ചെന്നു വസിയ്ക്കുമൊരുത്തി
അടിയിൽച്ചെന്നു കിടക്കുമൊരുത്തി;
മെല്ലെയിരുന്നു കളിച്ചു ചിരിച്ചും-
വല്ലവിമാരെപ്പാട്ടിലണപ്പാൻ
നല്ലതിനല്ല തുനിഞ്ഞീടുന്നു
മെല്ലെക്കൊന്നു കഴുത്തു പറിക്കും;
മല്ലാക്ഷികളെക്കൊല്ലരുതെന്നാ
മല്ലാരാതിക്കില്ല വിചാരം."

ഇത്തരമോരോ ദുർവ്വാക്കുകളെ-
ച്ചിലരു പറഞ്ഞു ദുഷിച്ചു തുടങ്ങി
അച്ചികളും ചിലരങ്ങു വിളിച്ചു-
ക്കൊച്ചുകളോടു പറഞ്ഞു തുടങ്ങി:—
"ഉണ്ണികളൊന്നു ധരിച്ചീടേണം
കണ്ണനനേകം വിദ്യകളുണ്ടു്.
എന്നതുകൊണ്ടവനന്തികസീമനി-
നിന്നു കളിക്കരുതെന്നറിയേണം.
കാലേലുള്ള ചിലമ്പും മണിയും
ചാലേ വന്നു പിടിച്ചുപറിക്കും
കണ്ഠത്തിൻ ചില മോതിരമുള്ളതു
കൊണ്ടുനടപ്പാനെളുതല്ലേതും;
കണ്ടവരോടു പിടിച്ചുപറിപ്പാ-
നുണ്ടൊരു വിരുതക്കൃഷ്ണനു പാർത്താൽ.
സത്രാജിത്തിൻറനുജനെയെത്തി-
ക്കുത്തിക്കൊന്നാൻ മണിയുടെ മൂലം;

അരയിൽ കെട്ടിയ മണികൾ പറിപ്പാൻ
പരിചൊട്ട നിങ്ങളെയങ്ങു വിളിക്കും
അപ്പവുമടയും പഴവും കാട്ടി-
ശ്ശില്ലമണച്ചു മയക്കിക്കൊള്ളും;
അച്ചതി കണ്ടാൽ പോന്നീടേണം
അച്ഛൻ വേണ്ടതു തരുമിഹ വന്നാൽ.”
അച്ചികൾ തമ്മിൽ പേരു വിളിച്ചി-
ട്ടിച്ഛയ്ക്കൊത്തു പറഞ്ഞു തുടങ്ങി:-
“ചിരുതപ്പെണ്ണേ! കരുതിക്കോ നീ
ചരതം നിന്നുടെ കോപ്പുകളെല്ലാം
എന്തൊരു കഷ്ടമിടയ്ക്കാത്താലി ക-
ഴുത്തിൽ നിന്നതഴിപ്പാൻ മേലാ;
കള്ളന്മാരവർ രാവും പകലും
ഭള്ളു പറഞ്ഞു നടന്നീടുന്നു;
ഇളയച്ചിക്കൊരിളക്കവുമില്ല
കയ്യതിലുള്ളതു കളയാറായി;
കേളച്ചൊരു നിനക്കുണ്ടാക്കിയ
താലികളെല്ലാമെങ്ങെടി പെണ്ണേ?
കാലികൾ മേച്ചു നടക്കും കൂട്ടം
തോലി പിണയ്ക്കുമതോർത്തീടേണം.
“കുമ്മണിയമ്മേ! നമ്മുടെ നാട്ടിൽ
പൊൻമണി കെട്ടി നടപ്പാൻ മേലാ
മണി കണ്ടാലും തുണി കണ്ടാലും
മടികൂടാതെ പിടിച്ചു പറിക്കും.
യജമാനന്മാർ കട്ടു തുടന്നാൽ
മററു ജനത്തിനു മടിയുണ്ടാമോ?

നിന്നോതിക്കോൻ മുള്ളുന്നേരം
ഉണ്ണികൾ മരമേറീട്ടും മുള്ളും.
എമ്പ്രാനപ്പം കട്ടു ഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കെക്കെം.
ഇട്ടിപ്പെണ്ണേ! കേട്ടായോ നീ
കഷ്ടം കഷ്ടമിതോർക്കുംതോറും
കലിയുഗമെന്നതു നന്നേ മുഴുത്തു
കപടമിതൊന്നേ കേൾപ്പാനുള്ളു.''

ഇങ്ങിനെ പലരും പലവിധമായി-
ത്തങ്ങളിലിതുകൊണ്ടാനകളിച്ചും
അംഗനമാരുടെ കോപ്പുകളെല്ലാ-
മങ്ങൊരുദിക്കിൽ ശ്രദ്ധമൊളിച്ചും
വളയും തളയും മണിമോതിരവുമി-
ടയ്ക്കാത്താലി മടക്കാത്താലികൾ
പൂത്താലികളും മാലകൾ നൂലുകൾ
മിട്ടുകും കുഴലും കടകം കാതില
ത്തുക്കം മണികൾ പതക്കം തോൾവള
ത്തുടലുംകൂട്ടമരഞ്ഞാണുകളും
അരമണിക്കൂട്ടം മണി കിങ്ങിണി പൊൻ
മണിയും മിന്നുമിരട്ടക്കുഴലും
പവിഴക്കുഴലും മുത്തുക്കുലയും
കുരലാരം പല കാശ്താലികളും
മററും പല പല കോപ്പുകളെല്ലാം
പെട്ടിയിലിട്ടവർ പൂട്ടിക്കെട്ടി
പെട്ടെന്നുടനേ നാട്ടുകടത്തി-
പ്പാട്ടിലുറപ്പിച്ചാരതു കാലം.

ഭവനങ്ങളിലും നഗരങ്ങളിലും
മാടപ്പുരയിലുമങ്ങാടിയിലും
മാളികകളിലും മച്ചിട്ടറയിലു-
മാനക്കൊട്ടിലിലണിയറകളിലും
നെല്ലുംരകളിലുമറപ്പുരകളിലും
നാടകശാലകൾ നടുമുററത്തും
പെരുവഴികളിലും തെരുവിലുമെല്ലാ-
ബ് ഭുവനങ്ങളിലും ഗഗനങ്ങളിലും
ഇക്കഥ തന്നേ കേൾപ്പാനുള്ളു.
വിപ്രന്മാരു കുളപ്പുര തന്നിൽ
സന്ധ്യാവന്ദനസമയത്തിങ്കൽ
സംസ്കൃതമായിട്ടിക്കഥതന്നേ
തങ്ങളിലങ്ങു പറഞ്ഞു തുടങ്ങി:-
"സത്രാജിത് കില മിത്രവരാദതി
ചിത്രതരം മണിമത്ര സ ലേഭേ
യത്ര ഗൃഹീതേ പുത്രഫലഞ്ച ക-
ളത്രഫലഞ്ച സുമിത്രഫലഞ്ച പ-
വിത്രഫലഞ്ച ജഗത്രയമംഗല
പാത്രമയം ഖലു തത്ര സുഖാദതി-
മാത്രമുവാപ ചരിത്രമുദാരം.
കഷ്ടതരം കില ശിഷ്ടതരം പരി-
പുഷ്ടഗുണം ശിശുശിഷ്ടതരാന്മണി
വൃഷ്ടിസമൂഹ വിശിഷ്ടരുചോ ഘന
കഷ്ടനിവാരണമിഷ്ടതരം ഹരി-
രിഷ്ടഗുണോവതി ദിഷ്ടചരാജം.
സത്യം കിമിദമസത്യം വാ കിമു
സത്യധനോ നനു നിത്യമിഹാസൌ.
ബഹുലഗുഃണാഭ്യാം ബഹുകരണേഭ്യാം

വിഗതഭയേഭ്യോ മനുജഹിതേഭ്യോ
നിപുണതരേഭ്യോ ലളിതപദേഭ്യോ
ലപിതതമേഭ്യോ ജഗതി ഹിതേഭ്യോ
ദനുജഹരേഭ്യോ ദലിതപരേഭ്യോ
പരപുരുഷേഭ്യോ ഹന്ത നമോസ്തു.
ചരിതമഹായജനേഭ്യോ നിതരാം.''
സംസ്കൃതമായിച്ചൊല്ലുകകൊണ്ടതു
പലരുമറിഞ്ഞതുമില്ലന്നേരം;
പങ്കജനയനൻ തങ്കലിവണ്ണം
ശങ്ക പലക്കുമതുണ്ടായ്വന്നു.

അച്യുതനെക്കാണുന്നതു നേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി,
അണയത്തങ്ങു വിളിക്കുന്നേരം
മണിയും പൊത്തിപ്പാഞ്ഞു തുടങ്ങി;
കയ്യേച്ചെന്നു പിടിക്കുന്നേരം
അയ്യോയെന്നു കരഞ്ഞു തുടങ്ങി;
തിന്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
'അമ്മ കലമ്പും മേടിച്ചാ'ലെ-
ന്നാകുഞ്ഞുങ്ങൾ പറഞ്ഞു തുടങ്ങി.

'എന്തിഹ നമ്മെശ്ശങ്കിപ്പാനൊരു
ബന്ധമിതെ'ന്നരുൾ ചെയ്യുന്നേരം
'പ്രസേനനെത്താൻ കൊലചെയ്തില്ലേ?
സ്യമന്തകം മണി മോഷ്ടിച്ചീലേ?
ഞങ്ങടെ മണിയും മോതിരമെല്ലാ-
മങ്ങു പറിപ്പാൻ കൂട്ടുകയില്ലാ;
അച്ഛനുമമ്മയുമൊന്നു പറഞ്ഞു
അച്യുതനരികേ ചെല്ലുന്നാകിൽ

തച്ചു പറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം,
തുണിപോയാലതുമുണ്ടാക്കീടാം,
പ്രാണൻ പോയാലുണ്ണികളേ! പുന-
രുണ്ടാകില്ലെന്നമ്മ പറഞ്ഞു.
പണ്ടേതന്നേ പാലും തൈരും
വെണ്ണയുമെല്ലാം കക്കുമ്പോൾ നീ.
എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദുഷിച്ചീടുന്നു."

ഇത്തരമെല്ലാം ബാലന്മാരുടെ
വാക്കുകൾ കേട്ടൊരു നേരം കൃഷ്ണൻ
ചിത്തംകൊണ്ടു വിചാരിച്ചരുളി:
"സത്രാജിത്തിൻ കപടമിതെല്ലാം.
പാപികളോടു ഹിതത്തെച്ചൊന്നാ-
ലാപത്തായിത്തന്നേ തീരും!
പാമ്പിന്നു പാലു കൊടുത്തെന്നാകിൽ
കമ്പിരിയേറി വരാറേയുള്ളു.
പരമാൎത്ഥത്തെ വിചാരിക്കാതേ
പരിഹാസത്തെ നടത്തീടരുതു്;
പരിചൊടു സൎവ്വജനങ്ങളുമിപ്പോൾ
പരിപന്ഥികളുമതായിത്തീൎന്നു.
നമ്മെക്കൊണ്ടും ദൂഷണമിങ്ങനെ
നിൎമ്മിച്ചോ ബത പലരും കൂടി?
കൎമ്മഫലങ്ങളൊഴിക്കാവല്ല
ഇമ്മണി മൂലമെനിക്കും വന്നു."

ഒന്നാം കളം കഴിഞ്ഞു.

## രണ്ടാം കളം

"എന്നാലമ്മണി പോയൊരു കാരണ-
മൊന്നു തിരഞ്ഞേ മതിയാവുള്ളൂ.
മന്ദന്മാരിതു ബോധിക്കാഞ്ഞാ-
ലൊന്നും തീരാ ദുഷ്കീർത്തികളും."
ഇത്തരമൊക്കെ മനസ്സിൽ നിരൂപി-
ച്ചുത്തമപുരുഷൻ ഭഗവാനൊരുനാൾ
പത്തൻപതു യദുവീരന്മാരൊടു-
മൊത്തു പുറപ്പെട്ടടവികൾ തോറും
സത്വരമാരാഞ്ഞങ്ങെഴുന്നള്ളി
സ്വസ്ഥതയോടു നടക്കും കാലം
ചത്തുകിടക്കും കുതിരയുമവിടെ-
സ്സത്രാജിത്തിൻറനുജൻതന്നെയു-
മംഗംതന്നിൽ കേസരി തന്നുടെ
തുംഗനഖങ്ങൾ പതിഞ്ഞു കലങ്ങി
തിങ്ങി വരുന്നൊരു ചോരയണിഞ്ഞും
കണ്ണു തുറിച്ചു മരിച്ചു കിടപ്പതു
കണ്ണൻ തിരുവടി കണ്ടാനപ്പോൾ;
കാടുകൾതോറും കേസരിതന്നുടെ
ചോടുകൾ നോക്കി ഗമിച്ചാൻ പിന്നെ;
അവിടെച്ചത്തു മറിഞ്ഞു കിടക്കും
സിംഹത്താനെക്കണ്ടാനുടനേ.

വാനരവരനുടെ ചുവടുകൾ നോക്കി-
ക്കാനനഭാഗേ ചെല്ലുന്നേരം
പാതാളത്തോടു സദൃശമതായി-
ബ്ഭീതിക്കങ്ങൊരു ഭാജനമായി

കൂരിരുളിന്നൊരു കുലഗൃഹമായി
ക്രൂരമൃഗങ്ങൾക്കാലയമായി
കുലഗിരിരന്ധ്രപ്രതിനിധിയായി
ചടുചടെ പടുതരഭീഷണമായി
കണ്ടാനൊരു ഗുഹ കാട്ടിൻനടുവിൽ;
യാദവവീരന്മാരൊടുമെല്ലാം
സാദരമരുളിച്ചെയ്തു മുകുന്ദൻ:—
"നിങ്ങളുമെല്ലാമിവിടെ വസിപ്പിൻ!
അങ്ങു കടപ്പാൻ ഞാനേ വേണ്ടു;
ഘോരമതായ ഗുഹാന്തരമെല്ലാ-
മാരാഞ്ഞിങ്ങു വരുന്നേനുടനെ;
ദിവസം പലതു കഴിഞ്ഞെന്നാലും
അതുകൊണ്ടൊന്നു കുഴങ്ങീടേണ്ട."
എന്നരുൾചെയ്താഗ്ഗുഹയുടെയുള്ളിൽ
ചെന്നു കടന്നു നടന്നു തുടങ്ങി.
മുന്നിൽ പരിചൊടു കാണായ്വന്നു
മിന്നി വിളങ്ങും മണിഗോപുരവും
ഉന്നതമാകിന മതിലുകൾ പലവക
തന്നിൽചേർന്ന മഹാമണികിരണം-
കൊണ്ടാക്കൂരിരുളോടിയൊളിക്കും
ഘണ്ടാപഥമതിനുള്ളൊരു ദൈർഘ്യം
കണ്ടാലധികമനോഹരമല്ലോ.
ഇത്ഥം വിലസിന മണിഗോപുരമതി-
ലുത്തമപുരുഷൻ ചെന്നു കടന്നു
തത്ര വലത്തേബ്ഭിത്തിതലത്തിൽ
ചിത്രമെഴുത്തുകൾ കണ്ടാൻ ദേവൻ;

ചിത്രം തത്ര വിചിത്രാകാരം
ചിത്തവിനോദം രാമചരിത്രം.
പൂൎവ്വചരിത്രം കണ്ടു മുകുന്ദനു
പൂൎവ്വസ്മരണയുമുണ്ടായ്വന്നു.
ചിത്രം കണ്ടു രസിച്ചതി മന്ദം
സുന്ദരവദനനെഴുന്നള്ളുമ്പോൾ
കുണ്ഠത തീൎന്നു പിണങ്ങീടും ദശ-
കണ്ഠൻ തന്നുടെ നിധനം കണ്ടാൻ,
കണ്ഠം പലകുറി നിശിതശരൗഘം
കൊണ്ടു മുറിച്ചങ്ങിടണതു കണ്ടാൻ,
ഇന്ദ്രതുല്യനഥ ലക്ഷ്മണനപ്പോ-
ളിന്ദ്രജിത്തിനെ വധിക്കണെ കണ്ടാൻ,
ജൃംഭമാനഗുണനാകിയ രാമൻ
കുംഭകൎണ്ണനെ വധിപ്പതു കണ്ടാൻ.
കുംഭനികുംഭാദികളെയുമെല്ലാ-
മമ്പുകൾകൊണ്ടു വധിക്കണെ കണ്ടാൻ,
രാക്ഷസരും പല കപികളുമായി
രൂക്ഷത പെരുകിന യുദ്ധം കണ്ടാൻ,
സുഗ്രീവൻ ദശകണ്ഠൻതന്നുടെ
മകുടം തച്ചു പറിക്കണെ കണ്ടാൻ,
നീലൻ ചെന്നാശു കപാരണരെ-
ച്ചാലെ കെട്ടി മുറുക്കണെ കണ്ടാൻ,
ഝടിതി കുരങ്ങുകൾ ലങ്കാപുരിയിൽ
പടവീടുകളും കെട്ടുണ കണ്ടാൻ,
നിരയും ഗിരികളെടുത്തു സമുദ്രേ
ചിറയും കെട്ടി മുറുക്കണെ കണ്ടാൻ,

വരുണൻ വന്നിഹ ചരണാംഭോജേ
ശരണം ചൊല്ലി നമിക്കണെ കണ്ടാൻ,
ആഗ്നേയാസ്ത്രമെടുത്തു തൊടുത്തഥ
സാഗരശോഷണഘോഷം കണ്ടാൻ,
ദർഭകൾകൊണ്ടു പരത്തി വിരിച്ചതി-
ലത്ഭുതമാകിന ശയനം കണ്ടാൻ,
രാവണസോദരനായ വിഭീഷണ-
നാവൊളമങ്ങു നമിക്കണെ കണ്ടാൻ,
ഹനുമാൻ വന്നാച്ചൂഡാമണിയും
മനുകുലവരനു കൊടുക്കണെ കണ്ടാൻ,
ധൃഷ്ടതയോടേ ലങ്കാനഗരം
ചുട്ടുപൊടിക്കണെ ഘോഷം കണ്ടാൻ,
അക്ഷകുമാരകനിധനം കണ്ടാൻ,
വൃക്ഷലതാദികൾനാശം കണ്ടാൻ,
ചൂഡാമണി ചേടിപ്പതു കണ്ടാൻ,
മോതിരമങ്ങു കൊടുപ്പതു കണ്ടാൻ,
സിംഹികയെക്കൊല ചെയ്യണ കണ്ടാൻ,
മൈനാകത്തെയമപ്പതു കണ്ടാൻ,
പർവ്വതമുകളീന്നാശു കപീന്ദ്രൻ
ഉർവ്വി കലുക്കിയുയർന്നതു കണ്ടാൻ,
ഗുഹയിൽച്ചെന്നു കടപ്പതു കണ്ടാൻ,
സീതാദേവിയെയാരാഞ്ഞക്കപി
ഖേദത്തോടു നടപ്പതു കണ്ടാൻ,
ദിക്കുകൾ നാലിലുമക്കപിവീരരെ-
യർക്കകുലേശനയപ്പതു കണ്ടാൻ,

ചാതുർമ്മാസ്യമിരുന്നതു കണ്ടാൻ,
സുഗ്രീവനെ വാഴിപ്പതു കണ്ടാൻ,
ബാലിയെയും കൊല ചെയ്യണ കണ്ടാൻ,
സാലച്ഛേദവുമുടനേ കണ്ടാൻ,
ദുന്ദുഭിഗാത്രമിളക്കണ കണ്ടാൻ,
സുഗ്രീവനുമായ് സഖ്യം കണ്ടാൻ,
ഹനുമാനൊന്നു തൊഴുന്നതു കണ്ടാ-
നനുജനുമായി നടപ്പതു കണ്ടാൻ,
പമ്പയുമുടനെ കടന്നതു കണ്ടാ-
നമ്പൊടു ശബരീമോക്ഷം കണ്ടാൻ,
അരുണകബന്ധ വിനാശം കണ്ടാ-
നരുണജസഹജവിനാശം കണ്ടാൻ,
രൂക്ഷത പെരുകിന രാക്ഷസരാജൻ
പക്ഷിയെ വെട്ടി മുറിക്കണ കണ്ടാൻ,
ഭിക്ഷുശരീരം പൂണ്ടവനുടനേ
ഭിക്ഷയെടുപ്പാൻ ചെല്ലണ കണ്ടാൻ,
സീതാലക്ഷ്മണസഹിതൻ രാമൻ,
വീതായാസമിരുന്നതു കണ്ടാൻ,
വിരവൊടു ഖരനെക്കൊല്ലണ കണ്ടാ-
നവനുടെ പടയുമൊടുക്കണ കണ്ടാൻ,
രാവണസോദരി തന്നുടെ മൂക്കും
മുലയും ചെത്തിയയപ്പതു കണ്ടാൻ,
ലളിതാകൃതിയാമവളെക്കൊണ്ടൊരു
കളിയാടുന്നതുമവിടെക്കണ്ടാൻ,
ഗോദാവരിയുടെ തീരേ രാമൻ
മോദത്തോടു വസിപ്പതു കണ്ടാൻ,

പക്ഷീശ്വരനൊടു സഖ്യം കണ്ടാൻ,
രാക്ഷസനിഗ്രഹസമയം കണ്ടാൻ,
കുംഭജമുനിയെ വണങ്ങണ കണ്ടാ-
നമ്പിൽ വിരാധവധത്തെക്കണ്ടാൻ,
ശരഭംഗാശ്രമവാസം കണ്ടാ-
നോരോ മുനിപദനമനം കണ്ടാൻ,
അത്രിമഹാമുനി നമനം കണ്ടാൻ,
ചിത്രകൂടാചല വാസം കണ്ടാൻ,
ദശരഥമരണം കേട്ടു കുളിച്ചുവ-
ന്നുദകക്രിയയും ചെയ്യണ കണ്ടാൻ,
ഭരതൻ പോന്നു തൊഴുന്നതു കണ്ടാൻ,
തരസാ ഗംഗ കടക്കണ കണ്ടാൻ,
വിരവൊടു ചെന്നു ഗുഹാശ്രമസവിധേ
ജടകൾ ധരിച്ചു വിശേഷം കണ്ടാൻ,
സരയു കടന്നു നടന്നതു കണ്ടാൻ,
പുരിയിലിരുന്നരുളുന്നതു കണ്ടാൻ,
അഭിഷേകത്തെ മുടക്കണ കണ്ടാൻ,
മന്ഥരയോടി നടക്കണ കണ്ടാൻ,
നാല്വരുമവിടെബ്ഭാര്യ്യകളോടും
ചാലെ സുഖിച്ചു വസിക്കണ കണ്ടാൻ,
മാർഗ്ഗേ ഭാർഗ്ഗവജയവും കണ്ടാൻ,
സീതാപാണിഗ്രഹണം കണ്ടാൻ,
ഹരനുടെ വില്ലു മുറിക്കണ കണ്ടാൻ,
ത്വരിതമഹല്യാമോക്ഷം കണ്ടാൻ,
മുനിവരയാഗത്രാണം കണ്ടാൻ,
മാരീചാദികൾനിധനം കണ്ടാൻ,

താടകയെക്കൊല ചെയ്യുന്ന കണ്ടാൻ,
കാടകമേറി നടപ്പതു കണ്ടാൻ,
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസത്തോടു ചെന്നതു കണ്ടാൻ,
വിശ്വനൃപാധിപ ദശരഥനോടും
വിശ്വാമിത്രനിരുന്നതു കണ്ടാൻ,
നാല്വരുമവിടെയയോദ്ധ്യാപുരിയിൽ
ബാലതയോടു വളൎന്നതു കണ്ടാൻ,
ശത്രുഘ്നനുടേ ജനനം കണ്ടാൻ,
ലക്ഷ്മണനുടെയും ജനനം കണ്ടാൻ,
ഭരതൻതന്നുടെ ജനനം കണ്ടാൻ,
രഘുപതിതന്നുടെ ജനനം കണ്ടാൻ,
രാമായണമതനുക്രമമായി-
ട്ടാമോദരനഥ കണ്ടു നടന്നു;
ചാലേയങ്ങെഴുനള്ളിന നേരം
ബാലകരങ്ങളിൽ മണിയും കണ്ടു;
മണിമേടിപ്പാനുടനേ മാധവ-
നണയുംനേരം പേടിയൊടവനും
അച്ഛനെയങ്ങു വിളിച്ചു കരഞ്ഞു,
അച്യുതനതു മേടിച്ചതുമില്ല.

ബ്രഹ്മപ്രളയമടുക്കുന്നേരം
ബ്രഹ്മാണ്ഡത്തെ മുടിപ്പാനായി
സാഹസമോടു നടക്കും പുരഹര
വാഹനമാകിയ വൃഷഭേന്ദ്രന്റെ
കണ്ഠധ്വനിയെക്കുണ്ഠിതമാക്കും
കണ്ഠധ്വനിയതു കേൾക്കായ്വന്നു

ഗുഹകളിലൊക്കെ നിറഞ്ഞു കവിഞ്ഞൊരു
ഘുമുഘുമഘോഷം പെരുതായ് വന്നു.
ഘനതരഭുജദണ്ഡം ഗാത്രമത്യന്തചണ്ഡം
പ്രചലിതജഗദണ്ഡം ഖണ്ഡിതാരാതിഷണ്ഡം
ഹൃദി നിശിചരമുണ്ഡം ബിംബിതാലോലഗണ്ഡം
വികടകഠിനതുണ്ഡം ജാംബവാനാജിഹിണ്ഡ.

ഉറച്ചു കോപമോടകത്തു നിന്നഥ
പുറത്തു വന്നുടനെതിർത്തു ജാംബവാൻ
അടച്ചു കണ്ണിണ തുറന്നതില്ലവ-
നുറച്ചു വാക്കുകൾ പറഞ്ഞുകൊണ്ടട-
റാടുത്തു കണ്ണനെ തടുത്തുതേ "മൽ-
പുരത്തിലെന്നോടു വരുന്നതാരിഹ?
കരുത്തനെന്നതു വരുത്തുവാനൊരു
ജളത്വമിങ്ങനെ നടിക്കയോ? മമ
കരങ്ങടേ പുരുതരിപ്പു തീർപ്പതി-
നൊരുത്തനില്ലിഹ ജഗൽത്രയേ ജള!
പൊടുക്കനെപ്പുനരടുത്തു വന്നിഹ
അടിച്ചു നിന്മദമടക്കുവൻ തവ
നടിപ്പു ഞാനിഹ മുടക്കുവൻ ഭുവി
പടയ്ക്കു നല്ലൊരു പടുത്വമുള്ളൊരു
കുരങ്ങു ഞാനതു ധരിക്ക നീ.
കുരങ്ങനെന്നതു നിനയ്ക്കുകൊണ്ടിഹ
കുറച്ചു കാണരുതൊരിക്കലും നടേ.
പെരുത്ത രാവണപുരത്തിലുള്ളൊരു
പരാക്രമങ്ങളെ നിനയ്ക്ക നീ.

തടിച്ച രാക്ഷസരടുത്തു നിന്നിഹ
തൊടുത്തൊരമ്പുകൾ തടുത്തതും ചില
തടിച്ച വീരരെയടിച്ചതും തല
കടിച്ചതും മല പൊടിച്ചതും ചില
പിടിച്ചതും ചില പുരങ്ങളെപ്പൊടി
പൊടിച്ചതും പല തരത്തിലങ്ങടി-
കൊടുത്തതും കപിബലേന കൊന്നിഹ
കളിച്ചതും പുനരരക്കരൊക്കെയു-
മൊളിച്ചതും പട വിളിച്ചതും മുറ-
വിളിച്ചതും നിലവിളിച്ചതും
അതൊക്കെയങ്ങനെ നിനയ്ക്ക നീ തവ
മനക്കരുത്തും നിലയ്ക്കയില്ലതു
ധരിക്ക നീയിഹ തിരിക്ക നീ.
അടക്കമെന്നിയെ കടന്നു വന്നൊരു
മിടുക്കു കാട്ടുകിലടങ്ങുമോ?
മിടുക്കനെന്നൊരു നടിപ്പുതാൻ മണി-
യടക്കുവാനിഹ തുടന്നിതോ?
ശിശുക്കളൻപൊടു കളിക്കുമമ്മണി
പിടിപ്പതിന്നുടനടുക്കയാൽ
അടുത്തു നിന്നുടലൊടുക്കുമെന്നതു
ധരിക്ക നീ ലഘു നടക്കെടോ!

"മനുജനെന്നാകിലും ദനുജനെന്നാകിലും
മദമൊടുടനിവിടെ വരുമമരനെന്നാകിലും
യക്ഷിയെന്നാകിലും പക്ഷിയെന്നാകിലും
യമവരുണനിരൃതി പുരവൈരിയെന്നാകിലും

കാലനെന്നാകിലും ബാലനെന്നാകിലും
കട്ടതകളൊടിടപെട്ടമരക്കരെന്നാകിലും
വീരരെന്നാകിലും ശൂരരെന്നാകിലും
വിരവിലിഹ വരുമളവു ഝടിതി പൊടിയാക്കുവൻ
ഋക്ഷനെന്നാകിലും യക്ഷനൊന്നാകിലും
പടയിടയിലടൽ കരുത്തുമവനെന്നാകിലും

ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
ചതിയുടയ ഭൂതവേതാളമെന്നാകിലും
വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
കുടിലഗതി കലരുമുരഗേശനെന്നാകിലും
പേടികൂടാതെ നീ ചാടി വന്നീടിനാ-
നിഹ സപദി ജാംബവാനെന്നു കേളായ്കയോ?
സൂര്യ്യവംശേ പണ്ടു ജാതനായുള്ളൊരു
ശ്രീരാമഭദ്രനെന്നങ്ങു കേൾപ്പില്ലയോ?"
ഇത്തരമുള്ളൊരു വാക്കു പറഞ്ഞവ-
നുത്തമപുരുഷൻ തന്നുടെ നേരേ
സത്വരമലറിയണഞ്ഞതിവേലൊരാൽ
മുഷ്ടിമടക്കിത്തിരുമാറിൽ ചില
കുത്തുകൾ കുത്തിയമത്തുപിടിച്ചു
മങ്കകൾ തന്നുടെ കൊങ്കയിലിഴുകും
കുംകുമമതുകൊണ്ടങ്കിതമാകിന
പങ്കജനയനൻ തന്നുടെ മാറ്റിൽ
തൻകൈകൊണ്ടവനാരെന്നുള്ളൊരു
ശങ്ക വെടിഞ്ഞുടനടി തട്ടീടിന
ഹുംകൃതിയോത്താലത്ഭുതമത്രേ!

ഗോപീനായകനതുകൊണ്ടേതും
കോപം മനസി ജനിച്ചതുമില്ല;
"നമ്മുടെ ഭക്തൻ നമ്മെച്ചൊല്ലി-
പ്പലകുറി പലരോടേററം പിണങ്ങി
കലപെട്ടീടിന ഗാത്രത്തോടേ
കലഹത്തിന്നണയുന്നൊരു നേരം
കലഹിക്കുന്നതുചിതമല്ലെന്നി-
ട്ടവന്റെയടിയും കടിയും പിടിയും
തൃക്കൈകൊണ്ടു തടുത്തു തടുത്താ-
വൻകരുമനകളടക്കാനുള്ളൊരു
വക്കാണത്തിനു ഭാവിച്ചില്ലാ;
ഉൽക്കടനാകിയ മർക്കടനപ്പോൾ
ധിക്കാരത്തെയകത്തു നിറച്ചു
"ഇക്കുഴിയൻ മമ തല്ലും കുത്തും
വെക്കമെടുത്തു തടുപ്പാറായോ?
നോക്കെടാ പാഴാ! നിന്റെയുടലു ക-
ടിച്ചു പൊളിച്ചു വരുന്നൊരു ചോര കു-
ടിച്ചു കളിച്ചീടുന്നേനെന്നവ-
നിടയിടെ ഘോഷിച്ചും കൊണ്ടുടനേ
അടലിലണഞ്ഞു പിണങ്ങുന്നേരം
പുരുഷോത്തമനും മനസി കുരുത്തൊരു
കോപത്തോടെയടിച്ചുതുടങ്ങി;
യദുനായകനും കപിനായകനും
ഘനതരമാകിന യുദ്ധം ചെയ്തതു
ഫണിനായകനും വർണ്ണിപ്പാനതി-
പണിയെന്നത്രേ തോന്നീടുന്നു.

തടിച്ച മരശതമൊടിച്ചു കരമതിൽ
പിടിച്ചുമുടനുടനടിച്ചുമുടലുകൾ,
കടിച്ചുമിടയിടെ പിടിച്ചും കടുഞ്ചോര
യുടച്ചു ഗിരികളുമുടച്ചു പലവിധ-
മുരച്ചു തരംനോക്കി ചിരിച്ചുമിരുവരു-
മുറച്ചു പിണങ്ങുമ്പോൾ വിറച്ചു ധരണിയി-
ലുറച്ച ഗിരികളും നിറച്ച ഭയമുള്ളി-
ലുറച്ചു ദിഗ്ഗജങ്ങൾ വിറച്ചുതാപമോടേ കുറച്ചുമതുനേരം

നരവരവാനരവീരന്മാരവ-
രുരുതരയുദ്ധം ചെയ്തുതുടങ്ങി;
കടുതരകഠിനമരങ്ങളു തങ്ങളി-
ലുടനുടനവിടെയടിഞ്ഞു തടഞ്ഞും,
ദൃഢതരമുടലിലടിച്ചു ഞെരിച്ചും,
ചടചടരവമൊടു തമ്മിലടിച്ചും,
തക്കം നോക്കിച്ചാടിയടിച്ചും,
വെക്കംചെന്നൊരു കുത്തുകൊടുത്തും,
മുട്ടു തകർത്തും മുഷ്ടിയടിച്ചും,
കാട്ടിലടുത്തു മരങ്ങൾ പറിച്ചും,
കോട്ടിലടുത്തു പിടിച്ചു പറിച്ചും,
പർവ്വതശിഖരമെടുത്തു പിടിച്ചും,
ഗർവ്വൊടു ധരണി ചവിട്ടിയിടിച്ചും,
വട്ടത്തിൽ പലമട്ടുമണഞ്ഞും,
കെട്ടിത്തങ്ങളിലൊട്ടു പിണഞ്ഞും,
കാലൊടു കാലും കയ്യൊടു കയ്യും
മുട്ടൊടു മുട്ടും തട്ടൊടു തട്ടും

തല്ലോടു തല്ലും പല്ലോടു പല്ലും
മാറൊടു മാറും തലയൊടു തലയും
മലയൊടു മലയും മരമൊടു മരവും
തങ്ങളിലവിടെയിടഞ്ഞു തുടൎന്നൊരു
പടപടരടിതം ഝടിതി നിറഞ്ഞൊരു
ഭുവനകടാഹമുടഞ്ഞീടുന്നു.
ജലധികളങ്ങു കലങ്ങിമറിഞ്ഞും,
ജലമതു പൊങ്ങി മർങ്ങൾ മറിഞ്ഞും,
ജലജകുലങ്ങളൊടിഞ്ഞു നിറഞ്ഞും,
ജലമതിൽ മുങ്ങിബ്ഭംഗി കുറഞ്ഞും,
മലകൾ കുലുങ്ങിയുലഞ്ഞു പതിഞ്ഞും,
മലയാചലവും പേടി പിടിച്ചും,
മലജലവൃക്ഷമശേഷമൊടിച്ചും,
മലനദിയങ്ങു കലങ്ങി മറിഞ്ഞും,
ഭൂമി നടുങ്ങീ ഭൂതി മുടങ്ങീ
ഭൂതമടങ്ങീ ഭീതി തുടങ്ങീ
രവമതു പൊങ്ങീ രവിരുചി മങ്ങീ
രഭസമടങ്ങീ രംഗമിണങ്ങീ.
ഗോപീനായകനാകിയ ദേവൻ
കോപം കൊണ്ടു മഹാകപി തന്നുടെ
കവിളിലടിച്ചു പിടിച്ചുപറിച്ചും
മാൎവ്വിലണഞ്ഞു നഖങ്ങൾ തറച്ചും
മാറരുതെന്നൊരു സമരമുറച്ചും
വാലു പിടിച്ചു വലിച്ചുമുലച്ചും
കാലുപിടിച്ചു മലച്ചു പതിച്ചും
ചാട്ടു തുടൎന്നും പാടിയകന്നും

നിഖിലചരാചരനാഥൻ തന്നോടു
നിജഭാവത്തെ നടിച്ചു ഭവിച്ചൊരു
നിഖിലഭയങ്കരമാകിയ യുദ്ധം
ദിവസംതോറും വർദ്ധിക്കുന്നു.

ഋക്ഷേശ്വരനും തൽക്ഷണമങ്ങഥ
ലക്ഷ്മീപതിയുടെ വക്ഷോഭാഗേ
വൃക്ഷംകൊണ്ടഥ രൂക്ഷമടിച്ചും
ദക്ഷത തേടിന ദക്ഷിണപാണിയി-
ലക്ഷതമാകിന വൃക്ഷമെടുത്തു
ഇക്ഷുകണക്കെത്തൽക്ഷണമോടവ-
നൃക്ഷാധിപനാമക്ഷയസാരൻ
ശിക്ഷയിലങ്ങു പൊടിച്ചു തകർത്തും
സാക്ഷാൽ ഭുവനം രക്ഷിച്ചീടിന
പക്ഷിവരാസനനിക്ഷിതി തന്നിൽ
ട്ക്ഷിതിപാലക ശിക്ഷയ്ക്കായി
തൽക്ഷണമങ്ങു സമക്ഷേ വന്നൂ-
മൃക്ഷകുലാധിപനോർത്തീലേതും.

തിരുമാറിടമതിലിരുമാറുള്ളൊരു
വനമാലകളഥ മണിമാലകളും
കഷ്ടമവൻ ചില മുഷ്ടികൾ കൊണ്ടതി-
ധൃഷ്ടതയോടുടനെത്തിപ്പലവക
കുത്തുന്നേരമലഞ്ഞു പിരിഞ്ഞു
പൊട്ടിച്ചിതറി വിതറീടുന്നു.
ഉദ്ധതരാമവരിദ്ധാടോപം
ബദ്ധരസം ബഹുയുദ്ധം ചെയ്തു.

വൃദ്ധകപീന്ദ്രൻ ക്രുദ്ധതയോടേ
ബുദ്ധി കലുങ്ങി സിദ്ധമടങ്ങി.
ബദ്ധവിമഥനക്ഷുബ്ധമതാകിന
ദുഗ്ദ്ധാംബുധി തന്നുദ്ധതനാദമ-
നുദ്ധതമാകിന ഹിക്കാനാദമിടിച്ചു മുഴക്കി
ധിക്കൃത നിഖിലചരാചരനാകിന
മർക്കടമകുടശിരോമണി തന്നുടെ
ഉല്ക്കടകഠിനനഖാഗ്രമുദാരം
സുന്ദരനാകിയ നന്ദസുതന്റെ
സുന്ദരിമാരുടെ കോമളമാം നഖ-
രേഖകൾ തട്ടുംനേരം കീറിന
സരസശരീരം തന്നിലുറച്ചു
തറയ്ക്കുന്നളവു മുറിഞ്ഞു മുറിഞ്ഞു തെറിച്ചീടുന്നു.

"നോക്കട ഭോഷാ! ദിക്കറിയാതെ
കൊക്കുമുണങ്ങി നരച്ചു കുരച്ചൊരു
മർക്കടനെന്നു നിനച്ചിഹ നമ്മോ-
ടിക്കളിയൊക്കെയിളക്കാറായോ?
ഗിരികടകങ്ങളടിച്ചു പൊളിക്കാൻ
വിരുതു നടിച്ചു തടിച്ച കരം കൊ-
ണ്ടടികൊണ്ടുടനേ ചെകിടടയുമ്പോ-
ളിടയുണ്ടാകുമതെന്നേ വേണ്ടൂ.
ഇക്കണ്ടതുകൊണ്ടറിയാറായി-
ല്ലിക്കപി തന്റെ പരാക്രമമെല്ലാം.
അക്കുറടിക്കും നേരം വെയിലിൻ
രൂക്ഷതയില്ല സഹിക്കാം താനും;

ഉച്ചയ്ക്കുള്ള പകച്ച് നിനച്ചാൽ
പിച്ചയിലല്ലെന്നോർത്തീടേണം.”
“നന്നു കുരങ്ങേ നമ്മോടു നേർത്തിഹ
നിന്നു പിണങ്ങാമെന്നൊരു മോഹം.
നിന്നുടെ ശക്തികളൊക്കെയെടുത്തി-
ട്ടിങ്ങിഹ വന്നാലെന്തൊരു ചേതം!
ഭല്ലുകങ്ങടെ മല്ലു നിലപ്പാൻ
മെല്ലെയെടുത്തൊരു കല്ലേ വേണ്ടു.
എല്ലു ഞെരിഞ്ഞും പല്ലു പൊടിഞ്ഞും
കൊല്ലാക്കൊലതാൻ ചെയ്യാവല്ലോ.
ഗർവ്വുകൾ മതി മതി പൊണ്ണത്തടിയാ,
ദുർവ്വിധവചനം കൊണ്ടെന്തുഫലം?
സർവ്വമഹീതലവാസികൾ ചരിതം
സർവ്വമെനിക്കു മനസ്സിലുദിക്കും.
ദുർവ്വഹമായിട്ടിക്കുകളെന്നും
സർവ്വശിവങ്കരമംബരമെന്നും
ഭേദമെനിക്കൊരു നേരവുമില്ലാ
മോദമിതൊന്നേ സന്തതമുള്ളു.”
തങ്ങളിലിങ്ങനെയോരോ വചനം
തിങ്ങിന മദമൊടു തമ്മിലുരച്ചും,
ഭംഗിയിൽ മാറിയൊരടവു പിടിച്ചും,
തുംഗമരാമരശിഖരമൊടിച്ചും,
ജലധി കലക്കിദ്ധരണി കുലുക്കി-
ച്ചു് ഭുവനമിളക്കിഗ്ഗ്രഹകളിളക്കി
ത്രിഭുവനമാടി മുഖമതു വാടി
ഭയമതു തേടി രസമതുമോടി

മലകളുമാടി ജലമതു ചാടി
കലുഷത തേടി ബഹുരണമാടി
ഭരമിഹ കൂടി സുരജനമാടി
യുവതികൾ പാടി കപികുലമോടി
മനമതു പേടീരസമതു തേടി
ഹരിവരപേടീജനമപി കോടി
കലുഷത തേടി സരഭസമോടി
മലകളുമാടി ഭരമതു കൂടി
ഹരിവരനാടി ബഹുരണധാടി.

ഇരവും പകലും പലതു കഴിഞ്ഞതു-
മിരുവരുമേതും ബോധിച്ചില്ലാ.
മാറോടു മാറിടപായുന്നേരം
മാധവനുടെ തിരുമാറിൽ വിളങ്ങിന
തുളസീമാലയിലുളവാം പരിമളം
തെളുതെളയോടഥ കളകളലളിതം
വിളയാടീടുമൊരളിനിറമളവേ
ചിതറിച്ചിതറിപ്പൊടിയാകുന്നു.
കപടനരൻെറ കടകം മകുടവു-
മുടഞ്ഞാണും ചില പടിയരഞ്ഞാണും,
കപിയുടെയുടലിൽ പൊട്ടപെട്ടുടെ വികടമി-
ടഞ്ഞു തടഞ്ഞു പൊടിഞ്ഞു കുടഞ്ഞും
പൊടിപടലങ്ങളുമടവിയിലങ്ങുട-
നുടനേയിളകിപ്പൊടിയാകുന്നു.
ദിവസം ദിവസം ചെല്ലുന്തോറും
രണമതി ദാരുണമായി വരുന്നു.

ഒരുദിവസത്തിലെടുത്ത വിധങ്ങൾ
കുറിനാളിലുമതു കാണുന്നില്ലാ.

ഇരുവരുമിങ്ങനെ യുദ്ധംചെയ്തി-
ട്ടിരുപത്തെട്ടു കഴിഞ്ഞു ദിനങ്ങൾ.
പുരുഷോത്തമനിനി മതിയാക്കേണം
വിരവൊടു സംഗരമെന്നുമുറച്ചു;
"നിത്യവുമിങ്ങിനെ നിന്നു പിണങ്ങാൻ
മൂത്ത കുരങ്ങിനു ദീനവുമില്ലാ
തല്ലിനു പകരം തല്ലീടുന്നു
കുത്തിനു പകരം കുത്തീടുന്നു
മല്ലിനു പകരം മല്ലും കാട്ടും
കല്ലിനു പകരം കല്ലുമെടുക്കും.
എന്നാലിന്നു തടുപ്പാനാള-
ല്ലെന്നു വരുന്ന പ്രയോഗംകൊണ്ടേ
ഇന്നിവനുള്ളിൽ തള്ളി വരുന്നൊരു
ദുർവ്വഹമായൊരു ഗർവ്വു ശമിക്കൂ.
ചിത്തംതന്നിൽ ചൂടു പിടിച്ചേ
മൂത്ത കുരങ്ങൻ കണ്ണു തുറക്കൂ."
ഇത്ഥം മനസി നിനച്ചുംകൊണ്ടുട-
നുത്തമപുരുഷൻ ഝടിതിയടുത്താൻ.
അഷ്ടകുലാചലമൊത്തു തടുപ്പാൻ
നിഷ്ഠുരമാം ചില മുഷ്ടി മടക്കി
ശിഷ്ടശിഖാമണിയാം കപിരാജൻ
ഞെട്ടണമെന്നിട്ടുദ്ധതമാം ചില
കുത്തുകൾ കത്തിയമത്തു പിടിച്ചാൻ;
തട്ടുകൾ മുട്ടുകൾ നീട്ടു ചവിട്ടുകൾ

തള്ളകൾ കിള്ളകളെററകളേറക-
ളെന്നിവ കൊണ്ടു തളച്ചു വരുത്തി.
ചെന്നിഹ വാലും കാലും കരവും
ഒന്നിച്ചുടനെ കുത്തിയമത്തൊരു
പിണ്ഡംപോലെയുരുട്ടിദ്ധരണിയി-
ലിട്ടാനവനെക്കൈടഭമഥനൻ.
മന്ദസ്മിതവും തൂകി നികാമം
സുന്ദരവദനൻ നിന്നാനരികേ.

അന്നേരം കപിരാജൻമുള്ളിൽ
സന്താപം പെരുതായ് വദ്ധിച്ചു
ചിന്തതുടങ്ങീ: "എന്തീവണ്ണം
ഹന്ത നമുക്കു വരാനൊരു കാരണ-
മെന്തൊരു ദുരിതം ചെയ്തിതു നാ,മിവ-
നെന്തൊരു സുകൃതം ചെയ്തവനെന്നും.
ധീരതയോടേ വന്നീവണ്ണം
നമ്മെക്കുത്തിയമത്തു ചമച്ചവ-
നാരെന്നുള്ളതറിഞ്ഞില്ലിവനൊരു
വീരശിഖാമണിതന്നേ നൂനം."

ഇത്ഥം മനസി വിഷാദം പൂണ്ടു
കുത്തുകൾകൊണ്ടു തളൻറു കിടക്കും
ഗാത്രമൊരേടമിളക്കാൻ മേലാ-
ഞ്ഞത്ര കിടക്കുന്നേരം തന്നെ
നേത്രങ്ങളുടേ പോളകളുളവേ
കരയുഗളം കൊണ്ടററമുയത്തി-
പ്പാത്തീടുമ്പോൾ കാണായ് വന്നു

വിശ്വങ്ങൾക്കൊരു കാരണഭൂതം
വിശ്വഗുണങ്ങൾക്കുത്തമഭൂതം
വിശ്വജനങ്ങൾക്കയനീഭൂതം
വിശ്വാനന്ദം വിശ്വമനോജ്ഞം
വൈഷ്ണവമാകിന രൂപമുദാരം
കൃഷ്ണനിതെന്നൊരു നാമത്തോടേ
വൃഷ്ണികുലത്തിൽ വളൎന്നുണ്ടാകിയ
തേജഃപുഞ്ജമിതെന്നേ വേണ്ടൂ.

അഞ്ചൽകാഞ്ചനകാഞ്ചിമഞ്ജനനിഭം
പ്രാലംബ പീതാംബരം
ചഞ്ചൽകേകി ശിഖണ്ഡമണ്ഡലമിള-
ദ്ധമ്മില്ലവല്ലീഭരം
കിഞ്ചിൽ ശിഞ്ജിതകങ്കണാങ്കിതകരം
സാനന്ദമന്ദസ്മിതം
ജ്യോത്സ്നാനന്ദമുഖേന്ദുസുന്ദരമമും
സംദൃഷ്ടവാൻ ജാംബവാൻ.

നീലപയോധരജാലം പോലെ
വിലസിതമായിപ്പലനിറമായി
പീലിയണിഞ്ഞും മാലയണിഞ്ഞും
തണ്ടാർമണമതു തെണ്ടിയണഞ്ഞൊരു
വണ്ടുകൾ മണ്ടി മുരണ്ടു നടന്നും
കണ്ടാലധികമനോഹരമാകിയ
തണ്ടാർമാനിനികാന്തൻ തന്നുടെ
കൊണ്ടയുമവിടെക്കണ്ടാനുടനേ.

സുലളിതമാകിന കുവലയകലിതം
തിരുമിഴി രണ്ടും സുഖമേ കണ്ടാൻ,

തിലകുസുമത്തൊടു കലഹം തേടും
തിരുനാസികയുമുദാരം കണ്ടാൻ,
തുടുതുടയങ്ങു വിളങ്ങീടുന്നൊരു
ചൊടികളു രണ്ടും കണ്ടാനുടനേ,
ഗണ്ഡസ്ഥലമതിലൊളി മിന്നീടിന
കുണ്ഡലയുഗളവുമളവേ കണ്ടാൻ,
മധുര സുധാകര ബിംബത്തിനൊരു
വിധുരത നൽകും മുഖവും കണ്ടാൻ,
ശംഖിനു തോലി വളത്തീടുന്നൊരു
ശങ്ക വളക്കും ഗളവും കണ്ടാൻ,
ലക്ഷ്മീകുചതട കുംകുമരേഖാ-
ലക്ഷിതമാകിന വക്ഷോഭാഗേ
ശ്രീവത്സം ബത കൌസ്തുഭരത്നം
വനമാലയുമവനെല്ലാം കണ്ടാൻ,
ഭുജഗശരീരവിരാജിതമാകിന
ഭുജയുഗളത്തെയുമളവേ കണ്ടാൻ,
കൃശതരമാകുമൊരുദരം കണ്ടാ-
നതിഘനമാകിന ജഘനം കണ്ടാൻ,
പീതദുകൂലമുടഞ്ഞാണുകളും
ജാതകുതൂഹലമഖിലം കണ്ടാൻ,
കുംഭികരത്തിനു ഡംഭമടക്കും
കെല്പേറുന്ന മുഴങ്കാൽ കണ്ടാൻ,
ശക്രാദികളാലർച്ചിതമാകിന
തൃക്കാലടിമലരിണയും കണ്ടാൻ.
അടിമലർ തൊട്ടുത്തിരുമുടിയോളം
തിരുമുടിതൊട്ടങ്ങടിമലരോളം

തിരുവുടൽകണ്ടകതാരിലുദിച്ചൊരു
കരുണാലേശം കൊണ്ടു ഹരീശൻ
കണ്ണിണതന്നിൽ നിറഞ്ഞു പൊഴിഞ്ഞതി
തിണ്ണം വഴിയും കണ്ണീർകൊണ്ടു ക-
ളിച്ചു കുളുത്ത ശരീരത്തോടും
വിണ്ണോർപതികളിലുത്തമനാകിയ
കണ്ണൻ തിരുവടി തന്നുടെ ചേവടി
പുണ്യംകൊണ്ടു ലഭിച്ചതുമൂലം
പൂർണ്ണാനന്ദപയോനിധിസലിലേ
മുങ്ങിപ്പൊങ്ങിത്തിരകൾ കളിച്ചൊരു
പുളകപ്പാളി കളിച്ചു വിളങ്ങും
വെളുവെളെയുള്ളൊരു ദേഹത്തോടും
ധരണിയിൽ നിന്നെഴുന്നേററൊരുവണ്ണം
കരുണാകരനുടെയടിമലർതാഴേ
വടിവൊടു വീണു വണങ്ങി വണങ്ങി
സ്തുതിവചനങ്ങളുമങ്ങു തുടങ്ങി.

"നന്ദനന്ദന സുന്ദരാനന നന്ദനീയഗുണാംബുധേ!
കുന്ദസുന്ദരമന്ദഹാസ മുകുന്ദ മാധവ പാഹി മാം
ചഞ്ചലായതചാരുലോചന പഞ്ചബാണസമാകൃതേ!
ചഞ്ചലാമല നീലകുന്തള! മഞ്ജുളാനന പാഹി മാം.
ഗോകുലേശ! നമോസ്തുതേ ജയ ഗോപബാല നമോസ്തുതേ!
ഗോപികേശ! നമോസ്തുതേ ജയ ഗോധനായ നമോസ്തുതേ
സാധുലോകശിഖാമണേ! പരമാത്ഥമൊക്കെയുമിങ്ങനേ
ബോധിയാഞ്ഞടിയൻ പിഴച്ച പിഴയ്ക്കൊട്ടുക്കവുമില്ലഹോ.
മുഷ്ടികൊണ്ടു ഹനിച്ചതും ബഹു കഷ്ടമായ് വിടകൊണ്ടതും,
നിഷ്ഠുരം പിടിപെട്ടതും ചില തട്ടുമുട്ടുകൾ ചെയ്തതും,
വാലുകൊണ്ടടിയിട്ടതും മമ കാലുകൊണ്ടിഹ തൊട്ടതും,
പീലിജാലമൊടിച്ചതും വനമാല വന്നു പിടിച്ചതും,

എന്നുവേണ്ട മമാപരാധമിതൊക്കെയിന്നതി ദാരുണം;
എന്നെന്നിക്ക ശമിക്കമീ ദുരിതങ്ങളൊക്കെ ദയാനിധേ!
കണ്ട ഗോഷ്ഠികൾ കാട്ടുവാൻ മികവുള്ള കൂട്ടമിതെന്നതും
കൊണ്ടൽവൎണ്ണനറിഞ്ഞുകൊണ്ടു സഹിക്കിലേ ഗതിയുള്ളു മേ.
പണ്ടു നിൻകൃപ കൊണ്ടുതന്നെ ജഗത്തിൽനിന്നു പൊറുത്തതും,
കണ്ട ധീരതയും നടിച്ചു രിപുക്കളോടു മറുത്തതും,
രാക്ഷസപ്പടയിൽക്കടന്നതിരൂക്ഷമായി നടന്നതും,
വൃക്ഷപടലി തകൎത്തതും ചില രാക്ഷസൗഘമമൎത്തതും,
വൈരിയോടടിയിട്ടതും പിടിപെട്ടതും കടിപെട്ടതും,
വീരരെക്കൊല ചെയ്തതും, ചിലരെയ്തതും, പല ചെയ്തതും,
നിൻപദാംബുജസേവനായി നടന്നു ഞാൻ മൃദു വാനരൻ;
സാമ്പ്രതം പരമാത്മബോധമശേഷവും മമ ജൃംഭതേ.
പണ്ടു നിന്നവതാരമൊക്കെയുമോൎക്കിലെത്ര മനോഹരം?
കണ്ടുനിന്നടിയൻ സുഖിച്ചതുമുണ്ടു ചേതസിയൊക്കവേ.
മത്സ്യമായി ജനിച്ചതും മറ്റു കൂൎമ്മമായി ജനിച്ചതും,
മത്സരിച്ചരിഖണ്ഡനായ വരാഹമായി ജനിച്ചതും,
ഭീമവിക്രമനോടുടൻ നരസിംഹമായി ജനിച്ചതും,
വാമനാകൃതി പൂണ്ടുകൊണ്ടഥ വിഷ്ടപങ്ങളെ വീണ്ടതും,
ഭാൎഗ്ഗവാകൃതി പൂണ്ടശേഷനരേന്ദ്രവൃന്ദമമൎത്തതും,
ഭാൎഗ്ഗവീപതി രാമനായ് ദശകണ്ഠനെക്കൊല ചെയ്തതും,
വൃഷ്ണിവംശശിഖാമണേ! ബലഭദ്രനഗ്രജനായതും,
കൃഷ്ണനാകിയ നീയൊരുത്തനിതൊക്കെ ഞാനറിയുന്നിതേ.
പുത്രമിത്രകളത്രമെന്ന വലിയ്ക്കകത്തു വലിയ്ക്കയാ-
ലിത്ര തത്വമറിഞ്ഞിടാതെ പിണഞ്ഞു മേ ബഹുസാഹസം.
ഇത്തൊടുത്ത പണിക്കു ഹേതു സ്യമന്തകം മണി കാരണം
ഇപ്പൊഴേയ്ക്കു നമുക്കു ബോധമകത്തുറച്ചു വിരാജതേ
ദുശ്ശസ്സുകൾ പോക്കുവാനെഴുനള്ളിയെന്നതറിഞ്ഞു ഞാൻ
കൎമ്മദോഷമതെന്നിയേ ചിലരുണ്ടു കണ്ടതു ചൊല്ലുവാൻ.

കഷ്ടമിന്നടിയത്തിനും തവ തത്വമൊക്കെ മറന്നുടൻ
ദുഷ്ടകർമ്മമകപ്പെടാനിഹ കാരണം കരുണാനിധേ!"

ഭക്തിയോടിസ്തുതി ചൊല്ലി വണങ്ങും
ഭക്തശിരോമണിയാം കപിരാജനെ
ഉത്തമപുരുഷൻ തൃക്കൈകൊണ്ടിഹ
തൊട്ടു തലോടിത്തടവിത്തന്നുടെ
യുടലിൽ ചേർത്തുടനമിതാനന്ദം
തടവുന്നേരം കപിയുടെ കണ്ണീ-
ന്നൊഴുകീടുന്നൊരു വിമലജലങ്ങളിൽ
മുഴുകി മുകുന്ദൻ ചന്ദനപങ്കം
കഴുകിയൊഴിച്ചുടനവനീതലവും
മെഴുകിപ്പൊടികളുമടിമലർ തന്നിൽ
ഇഴുകിപ്പരിചൊടു കാണായ്‌വന്നു.
ഗോപീനായകനരുളിച്ചെയ്തു:—
"കോപം മനസി നമുക്കില്ലേതും.
ഗോപികളോടു കളിച്ചു നടക്കും
ഗോപാലാകൃതി നിന്നെക്കാട്ടാൻ
എന്തൊരുപായമിതെന്നീവണ്ണം
ചിന്തിച്ചങ്ങനെ മരുവുന്നേരം
സത്രാജിത്തൊരു മണിയും കൊണ്ടു
തത്ര വരുന്നതു കാണായ്‌വന്നു.
വേട്ടയ്ക്കായിട്ടവനുടെ സഹജൻ
കാട്ടിൽ ചെന്നു മരിച്ചും പോയി;
മണിയും സഹജനുമിങ്ങു വരാഞ്ഞി-
ട്ടത്തൽ മുഴുത്തൊരു സത്രാജിത്തും

ഇഷ്ടജനങ്ങളുമൊക്കെക്കൂടി-
ക്കെട്ടിത്തീർത്തു നമുക്കപരാധം;
'കൃഷ്ണൻതന്നേ മണി കട്ടെന്നും
തൃഷ്ണ വയററിലവന്നുണ്ടെന്നും
പണ്ടേതന്നേ കട്ടു മുടിക്കും
പണ്ടമിതെ'ന്നും പലവിധമിങ്ങനെ
നമ്മെക്കൊണ്ടു ചമച്ചപരാധം
തീർപ്പതിനെന്നൊരു ഭാവത്തോടേ
നമ്മുടെ ഭക്തരിലഗ്രേസരനാം
നിന്നെക്കാണ്മാനിന്നിഹ വന്നേൻ."

ഇത്തരമരുളിച്ചെയ്തൊരു നേരം
ചിത്താനന്ദം പൂണ്ടു കപീന്ദ്രൻ
"അംബുജമുഖിയാം ജാംബവതിക്കി-
ന്നംബുജനാഭൻ പതിയാകേണം;
അംബരപുരചരസുന്ദരിമാരുടെ
ഡംബരമൊന്നു നിലപ്പിക്കേണം"
എന്നു മനസ്സിലുറച്ചുടനേ നിജ-
നന്ദിനിതന്നെ വിളിച്ചു വരുത്തി
നന്ദതനൂജനു നൽകിപ്പരിചൊടു
വന്ദിച്ചമ്പൊടു മണിയും നൽകി.
"നിന്തിരുവടിയുടെ കൃപയെന്നുള്ളതു
സന്തതമെങ്കലുറച്ചീടേണം;
സുന്ദരിമാർ തവ പലരുണ്ടിപ്പോ-
ളെന്നതുമടിയൻ ബോധിക്കുന്നു.
എന്നതിലൊന്നായ് വെച്ചീടേണം
നമ്മുടെ മകളെയുമെന്നേ വേണ്ടു."

എന്നു പറഞ്ഞു വലത്തുകരംവച്ചു
നന്നായ് തൊഴുതു പദാന്തേ വീണു
തൃക്കാലടിമേൽ പരിചൊടു വിലസും
പൊടികളെടുത്തു ശിരസ്സിലണിഞ്ഞു
നിന്നീടുന്നൊരു വാനരപതിയൊടു
നന്ദതനൂജൻ യാത്രയുമരുളി
തൃക്കൈകൊണ്ടഥ ജാംബവതീകര-
കമലം താങ്ങിയെഴുന്നള്ളി മുദാ.
ഗുഹയിൽനിന്നു പുറത്തുമിറങ്ങി
സ്വജനത്തോടുംകൂടി മുകുന്ദൻ
ഝടിതി മഹാവനമങ്ങു കടന്നു
ഭഗവാൻ ദ്വാരകതന്നിൽപ്പുക്കു
മിത്രജനത്തൊടു കൂടി മുകുന്ദൻ
സത്രാജിത്തിൻ ഭവനം പുക്കു.

സത്രാജിത്തതുനേരം വിരവൊടു
വൃത്രാരാതിസഹോദരനെക്ക-
ണ്ടുൾത്രാസത്തൊടുകൂടെച്ചെന്ന്
സത്രപമങ്ങു വണങ്ങുന്നേരം
നന്ദതനൂജൻ സുന്ദരവദനൻ
മന്ദസ്മിതരുചിവൃന്ദംകൊണ്ടു
മന്ദിരമൊക്കെ വെളുപ്പിച്ചുടനേ
സാന്ദ്രകുതൂഹലമരുളിച്ചെയ്തു:-
“സത്രാജിത്തിതു ബോധിച്ചാലും!
ചിത്രമിതെല്ലാം വിധിയുടെ ചരിതം.
സോദരമരണംകൊണ്ടുളവാകിയ
ഖേദം മനസി ചുരുക്കീടേണം.

സാദരമെന്മൊഴി കേട്ടീടേണം
മോദം മനസി വളൎന്നീടേണം
നിന്നുടെ സഹജൻ ഗഹനംതന്നിൽ
ചെന്നൊരു കോട്ടിലണഞ്ഞൊരു നേരം
വന്നൊരു സിംഹമടിച്ചു ഹനിച്ചു പി-
ടിച്ചുപറിച്ചാൻ മണിയെയുമുടനേ;
അവനെക്കൊന്നു പിടിച്ചാനമ്മണി
ജാംബവനെന്നൊരു വാനരരാജൻ
കുഞ്ജരബലനാമവനും തന്നുടെ
കുഞ്ഞിന്നുമങ്ങു കളിപ്പാൻ നൽകി.
എന്തിതു വരുവാനെന്നു നമുക്കെ-
ന്നന്തസ്താപം പൂണ്ടൊരു ദിവസം
കാന്താരങ്ങളിലെങ്ങും ചെന്നു തി-
രഞ്ഞു വിരഞ്ഞു നടക്കുന്നേരം
വാനരവരനുടെ ഗുഹയിൽ കണ്ടേൻ
ഭാനുകരേണ ലഭിച്ചൊരു മണിയെ
മാനിച്ചവനൊരു തരുണീമണിയും
മണിയുംകൂടെത്തന്നാനുടനെ
എന്നാലിതു നീ മേടിച്ചാലും
നന്നായ് വരു''മെന്നരുളിച്ചെയ്തതു
കേട്ടൊരുനേരം തലയും താഴ്ത്തി
പ്പെട്ടന്നവിടെ വസിച്ചു നിനച്ചു.
‘‘കഷ്ടമിതെന്നുടെ സാഹസമെല്ലാം
ദുഷ്ടതകൊണ്ടിതു ശങ്കിച്ചേൻ ഞാൻ
ഇഷ്ടജനത്തെക്കൊണ്ടൊരുനാളും
നിഷ്ഠുരമായി നിനയ്ക്കരുതല്ലോ.

വിഷ്ടപപതിയാം നന്ദസുതന്റെ
തുഷ്ടിവരുത്താനെന്തൊരുപായം?
ഇഷ്ടക്കേടുമിവന്നുണ്ടായാൽ
നഷ്ടമിതല്ലോ നമ്മുടെ വംശം.
വിഷ്ടപവാസികളൊക്കെയിവന്റെ
തുഷ്ടി വരുത്താനായിപ്പലതര-
മിഷ്ടികൾ കൊണ്ടു വിശിഷ്ടതയോടേ
തുഷ്ടി വരുത്തി വസിച്ചീടുന്നു;
യഷ്ടിജനങ്ങളിൽ മൂത്തവനാം ഞാൻ
ദുഷ്ടതതന്നെ നിനച്ചേയുള്ളൂ;
സകലമഹാജനഭൂഷണനായി-
സ്സകലനിശാചരശോഷണനാകിയ
യദുനായകനെക്കൊണ്ടിഹ ഞാനും
മോഷണമെന്നൊരു ദൂഷണമെല്ലാം
ശങ്കിച്ചേനതി കഷ്ടം കഷ്ടം!”

ഇത്ഥം മനസി വിഷാദം പൂണ്ടതി-
പശ്ചാത്താപവിഷണ്ണതയോടെ
സത്രാജിത്തു വണങ്ങിവണങ്ങിയു-
ണർത്തിച്ചാനിതു ഭഗവാനോടായ്:—
“അടിയൻ ചെയ്തപരാധമിതെല്ലാം
വടിവൊടു പോറ്റി സഹിച്ചീടേണം
അടിമലരെന്നിയെ മറ്റുമൊരാശ്രയ-
മടിയന്നില്ലതുണർത്തിക്കുന്നേൻ;
അനുജവിനാശവിഷാദം കൊണ്ടട-
നനുചിതമായി നിനച്ചും പോയി

അനുഗ്രഹണമാകിന ചിലരുടെ വാക്കുക-
ളനുമരമെന്നു നടിച്ചും പോയി''
ഇത്തരമുള്ളൊരു വചനം കേട്ടി-
ട്ടുത്തരമരുളിച്ചെയ്തു മുകുന്ദൻ:-
"അത്തൽകളഞ്ഞു തെളിഞ്ഞാലും നീ
ചിത്തവിഷാദമിതൊട്ടും വേണ്ടാ.
തത്ത്വമറിഞ്ഞീടാഞ്ഞാലനുദിന-
മിത്തരമെല്ലാമുണ്ടായീടും;
ചിത്തവികാരമെനിക്കില്ലേതും
സത്യംതന്നെ പറഞ്ഞീടുന്നു.
യത്നം വളരെച്ചെയ്തു ലഭിച്ചൊരു
രത്നം പോയതിളച്ചീടാമോ?''
എന്നരുൾചെയ്തു കൊടുത്തൊരു രത്നം
വാങ്ങി വണങ്ങിസ്സത്രാജിത്തും
ദാനവസൂദനനായിസ്സരസം
ദാനം ചെയ്താൻ തന്നുടെ മകളെ.

കല്യാണഗുണമേറും നല്ല സത്യഭാമയെ-
ന്നല്ലോയിവൾക്കു നാമമുല്ലാസത്തോടെ കണ്ടു
മല്ലാരി മനതാരിൽ നല്ലൊരു മോദം പൂണ്ടു
മെല്ലെ നിരൂപിക്കുന്നു "നല്ലാരിൽമണിയോടു
തുല്യമായ് പാരിലെങ്ങുമില്ലൊരു തരുണികൾ
കില്ലേതുമില്ലതിനു അല്ലിത്താർബാണനുടെ
വില്ലിനുമിനി മേലിൽ മല്ലവിശിഖങ്ങൾക്കു-
മില്ലൊരു നേരംപോലും നല്ലൊരു വിശ്രമമെ-
ന്നല്ലോ മമ തോന്നുന്നു, വില്ലും കുലച്ചുകൊണ്ടു
മല്ലീശരം തൊടുത്തു കൊല്ലാനണഞ്ഞീടുന്നു

മെല്ലേ മലർവിശിഖൻ, നല്ലൊരു വദനവും
ചില്ലീലതകൾ രണ്ടും ഫുല്ലാരവിന്ദത്തെയും
വെല്ലും നയനങ്ങളും പൊല്ലേറമധരവും
പല്ലും മന്ദസ്മിതവും മെല്ലെയഴിഞ്ഞുലഞ്ഞ
നല്ല തലമുടിയും പങ്കജമുകുളത്തോ-
ടങ്കം പൊരുതീടുന്ന കൊങ്കയുഗളമതും
കങ്കേളീദളങ്ങളോടൊത്ത കൈവിരലുകൾ
കാഞ്ചീഗുണങ്ങളെക്കൊണ്ടഞ്ചിതമായീടുന്ന
കാഞ്ചിസദനം മമ നെഞ്ചിൽ വിളയാടുന്നു.
നാട്ടിൽ മികവേറീടും മട്ടലർമിഴിയാളെ
കിട്ടും മമ സുകൃതമൊട്ടല്ല നിനയ്ക്കുമ്പോൾ”
ഏവം നിരൂപിക്കുന്ന ദേവേശനായിക്കൊണ്ടു
സത്രാജിത്തു നേരം സത്യഭാമയെ നൽകി
പിന്നെ സ്യമന്തകവും കന്യാധനമായ് നൽകി.
‘ബാലജനങ്ങളുടെ ശീലക്കേടുകളെല്ലാം
ചാലേ സഹിച്ചീടേണം നീലനയനാ! പോററി.’

ഇത്തരമുരചെയ്തങ്ങു വണങ്ങും
സത്രാജിത്തിൻ പാണി പിടിച്ചു
ഗാത്രത്തേലുമണച്ചു മുകുന്ദൻ
ചിത്താനന്ദം തടവിക്കനിവൊടു
ചിത്രതരം മണിയവനായ് തന്നെ
സത്വരമങ്ങു കൊടുത്തു മുകുന്ദൻ
യാത്രയുമുരചെയ്തവനൊടുമുടനേ
മിത്രജനങ്ങളുമായെഴുന്നള്ളി.
കളമൊഴിമാരുടെ കരതലയുഗളം
കനിവൊടു കോർത്തു പിടിച്ചെഴുന്നള്ളി

കളികളുമരുളിച്ചെയ്തതിമധുരം
കളിയൊളി വിലസും ലളിതകടാക്ഷം
യദുവരനളവേ തൂകീട്ടവരുടെ
കരളിൽ തെളിവു വരുത്താനായി
തെളുതെളെ വിലസും മന്ദസ്മിതമാം
കുളുർചന്ദ്രികയെക്കൊണ്ടവനീതലം
വെളുവെളെയാക്കി നടന്നാൻ കൃഷ്ണൻ
ലളിതവധൂജനലീലാതൃഷ്ണൻ.
അപ്പോഴങ്ങു ദ്വാരകതന്നിൽ
കെല്പോടുടനേ പൌരന്മാരും
ചിൽപുരുഷോത്തമനെഴുന്നള്ളത്തു-
ണ്ടിപ്പോളെന്നതു കേട്ടൊരു നേരം
തൽപുരമൊക്കെയടിച്ചു കടഞ്ഞുട-
നത്ഭുതമായൊരലങ്കാരത്തിനു
കോപ്പുകൾ കൂട്ടിപ്പാർത്തുതുടങ്ങി
കല്പന ചിലരു പറഞ്ഞു തുടങ്ങി.
"നമ്മുടെ ഭഗവാനെഴുന്നള്ളുന്നു
പെൺമണിമാരുണ്ടിരുവരുപോലും!
വെൺമയിലിവിടെ വിവാഹോത്സവമതി-
രമ്യമതായിഗ്ഘോഷിക്കേണം.
പൊന്മയമാം ചില മണിമാളികയും
വെൺമാടങ്ങളുമുളവാക്കേണം.
ഹർമ്മ്യങ്ങളുമഥ മണിഭവനങ്ങളു-
മിനിയും പലതു ചമച്ചീടേണം.
പന്തലുമുയരെത്തീർത്തീടേണം
ചന്തത്തോടു വിതാനിക്കേണം.

രണ്ടതു വേണം മുല്ലപ്പന്തല്
രണ്ടു വിവാഹം കൂടീട്ടല്ലോ.
കാഴ്ചക്കാൎക്കു വസിപ്പാൻ പുറവും
കാഴ്ചത്തട്ടുകളിട്ടീടേണം.
തട്ടുകളെല്ലാമൊട്ടൊഴിയാതെ
പട്ടുകൾകൊണ്ടു വിതാനിക്കേണം.
കെട്ടീടേണം പല കുടിലുകളും
വെട്ടീടേണം കാടുകളെല്ലാം.
നാട്ടീടേണം കൊടിമരനികരം
കൂട്ടീടേണം കൊടിയടയാളം;
കൂറകൾ പലതും തൂക്കീടേണം,
കൂറണ്ടെങ്കിലതിപ്പോൾ വേണം;
അങ്ങാടികളതു പലവക വേണം,
ചങ്ങാതികളേ! കാലം പോയി.
കോടിസഹസ്രം പീടിക വേണം,
കോടികളിൽ ചില തൂണുകൾ വേണം;
കോടികൾ പട്ടുകൾ തൂക്കീടുമ്പോൾ
കോടിപ്പോമിഹ തൂണില്ലാഞ്ഞാൽ.
കോട്ടകളിന്നു ജനങ്ങൾ നിറഞ്ഞഴ-
കോട്ട ചമഞ്ഞു വരുന്നൊരു നേരം
കോടരുതേതും സ്ഥലമില്ലാതെ
കോട്ടകളധികം കരുതീടേണം.
കൊട്ടില്ലു പലതും കെട്ടീടേണം
കൊട്ടത്തളവും തീൎത്തീടേണം.
കൊട്ടകൾ വട്ടികൾ തൊട്ടികളെല്ലാം
കോട്ടമകന്നു ചമച്ചീടേണം.

പന്തിപ്പലകകൾ പലതും വേണം
മന്തും കഴല മരക്കോരികയും.
കലവറ വേണം നിലവറ വേണം
കലവറയിൽ ചില നിലവറ വേണം,
ഇല കണ്ടിപ്പാൻ പലരും വേണം
കല കണ്ടിപ്പാനങ്ങനെതന്നെ.
പാലും തൈരും നെയ്യും മോരും
ചാലെപ്പെരികെ വരുത്തീടേണം.
അരിയും പെരികെ വരുത്തീടേണം
പൊരിയും മലരവിലിവയും വേണം.
ചന്ദ്രക്കാരനുമൂഴ്യക്കാരും
ചന്തംനോക്കി നടന്നാൽ പോരാ;
സന്തതമോരോ കോപ്പുകൾ കൂട്ടാ-
നന്തരമാന്റു നിവന്റീടേണം.
അന്തണരനവധി വരുമെന്നാലവർ
ചെന്തളിരടിമലരുടനേ കൂപ്പി
പന്തി നിരത്തിയിരുത്തീട്ടവരെ-
ച്ചിന്ത തെളിഞ്ഞു ഭുജിപ്പിക്കേണം.
എന്തിനു പലതു പറഞ്ഞീടുന്നു?
ചെന്താർ മാനിനി വല്ലഭനാകിയ
തന്തിരുവടിയുടെ വേളിയതെന്നു
ചിന്തിച്ചുല്ലാമൃതസാദരിപ്പിൻ.''
ഇത്തരമോരോ വാക്കു പറഞ്ഞും
സത്വരമവിടെ നടന്നു ഭ്രമിച്ചും,
ചിത്താനന്ദത്തോടേ പുരജന-
മൊത്തു സമസ്തം കോപ്പുകൾ കൂട്ടി.

അനവധിജനമഥ കൗതുകമോടേ
ദനുജമഥനപുരമണഞ്ഞു പാടേ
പുനരപി പുനരപി ജലധിതടേ
ഘനരസമൊട്ടുടൻ നിറഞ്ഞതവിടേ
ചിറതന്നിലിടഞ്ഞിടഞ്ഞുടൻ നടന്നു
പിറകിൽനിന്നന്തിത്തള്ളിച്ചിലർ കടന്നു
പുരങ്ങളിലകംപുക്കു ചിലരിരുന്നു
പരിചൊട്ടു കുടിലുകളൊക്കെപ്പരന്നു
ഭടജനമൊരുവക നടന്നിടുന്നു
പടപട പരിചകൾ തുടക്കിടുന്നു
പൊട്ടുപൊടെ വെടി ചിലർ മുഴക്കീടുന്നു
ഒരുദിശി മുനിജനമെഴുന്നള്ളുന്നു
പരിഹാസം പറഞ്ഞങ്ങു ചിരിച്ചീടുന്നു
പരിചോടവരെച്ചിലർ വണങ്ങിടുന്നു
ഒരുദിശി വിപ്രന്മാരും വസിച്ചീടുന്നു
പരമപുരുഷനുടെ വരവു കാണ്മാൻ
തരുണികളൊരുമിച്ചു പുറപ്പെടുന്നു.
തരിവള കടകങ്ങൾ ഉടഞ്ഞാണുകൾ
തരമായ കരലാരമരഞ്ഞാണുകൾ
കരയുള്ള പുടവകൾ കുറിമുണ്ടുകൾ
തെരുതെരെയെടുത്തുടനണിഞ്ഞിടുന്നു
തിലകങ്ങൾ പലതരം ചമച്ചീടുന്നു
തലമുടി വടിവൊട്ടു തിരുകീടുന്നു
വിലസിന മധുഗണം പൊഴിഞ്ഞീടുന്നു
മലർശരനവരൊട്ടു പിണങ്ങീടുന്നു.

കളമൊഴിജനങ്ങളും തെളിവിനൊടേ
കളികളും പറഞ്ഞങ്ങു കളിച്ചു മെല്ലേ
വളഭികൾ മുകളേറിയിരുന്നീടുന്നു
കളകളമോരോ വാക്കു പറഞ്ഞീടുന്നു.
"പെണ്ണായിട്ടു പിറന്നവരാരും
പെണ്ണെന്നേതും ഭാവിക്കേണ്ടാ;
കണ്ണൻതിരുവടി തന്നോടു ചേരും
പെണ്ണത്രേയൊരു പെണ്ണായുള്ളു.
എണ്ണില്ലാത്ത ഗുണങ്ങളിണങ്ങും
കണ്ണൻ തിരുവടി തന്നോടു ചേരാൻ
പുണ്യം കൂടാതിങ്ങനെ നമ്മെ-
ത്തിണ്ണം തിർത്തവനെന്തൊരു പാഴൻ?
നന്ദാത്മജനുടെ രണ്ടു വശത്തും
സുന്ദരിമാരെക്കാണാകുന്നു;
ധന്യകളാമക്കന്യകമാരെ-
ത്തന്നേ മന്നിലിവണ്ണം കാണൂ.
അന്യജനത്തിനു ഭാഗ്യം പോരാ
ധന്യജനത്തോടു കൂടി വസിപ്പാൻ.
മുന്നം ചെയ്തൊരു സുകൃതംകൊണ്ടേ
നന്നായിട്ടൊരു വരനുണ്ടാവൂ.
നോക്കുണ്ടങ്ങൊരു നായരവന്റെ
വാക്കുകൾ കേട്ടാലെന്തൊരു കഷ്ടം!
മൂക്കോളം ബത കള്ളു കുടിച്ചി-
ട്ടൂക്കുകൾ കാട്ടണമത്രേ വേണ്ടു.
ചേന്നൻനായരു വന്നാനിന്നലെ
നമ്മുടെ വീട്ടിൽച്ചെരിവാനായി

എന്നാറയ്ക്കൽ ഞാനുമവനൊന്നൊരു
പായുമെടുത്തു പുറത്തു കൊടുത്തു.
ആയതുനേരം നമ്മുടെ നായരു
വന്നിട്ടെന്നോടൊന്നു കലമ്പി
'കള്ളച്ചെറുമീയാരാണിന്നീ-
കള്ളപ്പാഴനു പാ നല്കിയതു്?
കൊള്ളാ'മെന്നു പറഞ്ഞുംകൊണ്ടവ-
നുള്ള കലങ്ങളശേഷമുടച്ചു.
കൊച്ചിനെ വന്നു പിടിച്ചു പറിച്ചാ-
ട്ടുംഷ്ടനെനിക്കിട്ടൊന്നു പിടച്ചു.
ഇങ്ങനെയുള്ളൊരു കള്ളന്മാരേ-
യിങ്ങു നമുക്കുണ്ടാകത്തുള്ളു."

മറെറാരു നാരി പറഞ്ഞാളപ്പോൾ
"ഉററവരെങ്കിലിവണ്ണം വേണം;
വല്ലവിമാരെപ്പരിപാലിപ്പാൻ
മല്ലാരിക്കൊരു കൗശലമേറും.
നല്ല ജനത്തൊടുകൂടി വസിപ്പാൻ
നല്ലൊരു ഭാഗ്യം വേണം തോഴി!
അണ്ണൻപട്ടരു കൂടിനടന്നാ-
ലെണ്ണയ്ക്കും ഞാനറിയേണ്ടാ;
കാഴ്ചകൾ കാണ്മാൻ കൊണ്ടു നടപ്പാൻ
കൊച്ചുപണിക്കരു താനേ പോരും;
താച്ചൻനായരു കച്ചയെടുത്തേ-
യിച്ചുറ്റയ്ക്കൊള്ള പണ്ടൊരു കാലം;
പണ്ടു സുഖിച്ചു വളൎന്നവൾ ഞാനെ-
ന്നുണ്ടാകേണം മാനിനിമാരേ!"

തരുണികളിത്തരമുരചെയ്തുടനേ
പരിചൊടു കണ്ടു രസിക്കുന്നേരം
സരസിജനയനനകംപുക്കുടനേ
സരസമൊരാലയമതിലെഴുന്നള്ളി.
വിവാഹമാകിയ മഹോത്സവത്തിനു
മുഹൂർത്തമമ്പൊടു വിധിച്ചനേരം
മഹാജനങ്ങളുമണഞ്ഞു പാരം
മഹാപുരങ്ങളിൽ നിറഞ്ഞിരുന്നു.
മഹീതലങ്ങളിൽ വിളങ്ങി മേവും
മഹീസുരേശ്വരരശേഷമപ്പോൾ
വിഹീനസംഭ്രമമകന്നു യാദവ-
മഹീശമന്ദിരമലങ്കരിച്ചു;
തനിച്ചു മാനുഷജനത്തിനപ്പോ-
ളനേകമുണ്ടേ മനോരഥങ്ങൾ;
വിനോദമെങ്ങനെ നിനയ്ക്കയാലഥ
മനസ്സിലുണ്ടതി കുതൂഹലങ്ങൾ.
'മുരാരിതൻപാദസരോരുഹങ്ങളെ
നിരാകുലം കില വണങ്ങുവാനായ്
തരം വരേണമതിരുന്നു കാണണ-
മതൊക്കെ'യെന്നവർ നിനച്ചിടുന്നു.
കെട്ടുകൾ പലതുണ്ടതിനുടെ ചുറ്റും
കൊട്ടിലു പലതും കെട്ടിത്തീർത്തു.
ഒട്ടല്ലുയരം മാനത്തമ്പൊടു
മുട്ടുമതെന്നേ കണ്ടാൽ തോന്നു.
ചന്ദനവിടപികൾ കൊണ്ടു ചമച്ചോ-
രുന്നതമാകിന തൂണുകളെല്ലാം

അകിലുമരംകൊണ്ടഖിലം തീൎത്തു
അകലം നീളവുമളവില്ലേതും.
    അപ്പോളങ്ങൊരു മന്ത്രിപ്രവരൻ
കല്പനകൊണ്ടു പറഞ്ഞുതുടങ്ങി:—
“പത്തും രണ്ടും മന്ത്രികളുള്ളവ-
രൊത്തു പ്രയത്നം ചെയ്തീടേണം.
ഉത്തമമാം ജനമിവിടെപ്പലവക-
യെത്തുമതെന്നതു ബോധിച്ചാലും.
സത്രത്തിന്നു കൊഴപ്പു വരുത്താൻ
ചിത്തമുറച്ചു ശ്രമിച്ചീടേണം.
മറുനാട്ടീന്നു വരുന്ന ജനത്തെ-
പ്പരിപാലിപ്പാൻ പലരും വേണം;
നരവരമന്ത്രികൾ വന്നാലവരെ-
പ്പുരമുറിതന്നിൽ പാൎപ്പിക്കേണം;
മേളം കൂടി നൃപന്മാർ വന്നാൽ
മാളികതന്നിലിരുത്തീടേണം.
അക്കിത്തിരിമാർ ചോമാതിരിമാർ
ചൊൽക്കൊണ്ടീടിന പട്ടേരികളും
ആഢ്യന്മാരും മന്ത്രികൾ തന്ത്രികൾ
മൌഢ്യമിയന്നൊരു നമ്പൂരാരും
സകലരുമങ്ങെഴുനള്ളുന്നേരം
തേവാരികൾ പരിപാലിക്കേണം.
വൈദ്യന്മാരും ഗണിതക്കാരും
വന്നാലവരെപ്പാൎപ്പിക്കേണം.
ആട്ടക്കാരുടെ പെട്ടികൾ വെയ്പാൻ
കൊട്ടില്ലു ഃവറേ കെട്ടീടേണം.

ശാസ്ത്രിപ്പിള്ളേക്കരിയും കോപ്പും
പാത്രവുമങ്ങു കൊടുത്തീടേണം.
കള്ളു കുടിക്കും കള്ളന്മാരുടെ
തൊള്ളയിലുടനേ മുള്ളീടേണം.
വാടയ്ക്കുള്ളിൽ കാട്ടുകൾ കാട്ടും
ചേടന്മാരെത്താഡിയ്ക്കേണം.
ഒട്ടൊട്ടസ്തമനത്തിനടുത്താൽ
വെട്ടം നീളെ നിരത്തീടേണം.
വാടയ്ക്കകമേ മുള്ളുന്നവരെ
വടിയിട്ടങ്ങു മറിച്ചീടേണം.
കല്പന കേൾപ്പാനെളുതല്ലെന്നാൽ
കല്പിതമാക്കുമൊഴിക്കാവല്ല.
കൃഷ്ണൻ തിരുവടി ശാസനമെന്നതു
വൃഷ്ണികളെല്ലാം ബോധിക്കേണം.''
ഗഭീരമിങ്ങനെ പറഞ്ഞനേരം
സഭാജനങ്ങളുടെ മനം തെളിഞ്ഞു
മഹോത്സവങ്ങളുമുടൻ തുടങ്ങി
മുഹൂർത്തവും പുനരടുത്തു വന്നു;
കുമാരിമാരെയുമലങ്കരിപ്പാൻ
പ്രമോദമോടിഹ മൃഗാക്ഷിമാരും
കുളിച്ചുവന്നുടനിളച്ചിടാതേ
കളിച്ചു കൈകളിൽ പിടിച്ചു മന്ദം
ഇരുണ്ടുനീണ്ടതി ചുരുണ്ട തലമുടി
കരങ്ങൾകൊണ്ടവർ വിടുത്തു തിരുകി,
കുരണ്ടമാലകളണിഞ്ഞു മെല്ലെ-
പ്പുരന്ന കുറുനിര നിരക്കെ വെട്ടി,

തരത്തിൽ നല്ലോരു തിലകം ചേൎത്തു
വിലോലപങ്കജദളങ്ങളും പോലെ
വിലാസമുള്ളൊരു വിലോചനങ്ങളിൽ,
വിലാസമാകിന ശലാക ചേൎത്തു,
വിലാസിനീജനമുദാരഭാവം
തെളിഞ്ഞ കുണ്ഡലമണിഞ്ഞു കാതിൽ,
ഗളത്തിൻ മാലകളെടുത്തണിഞ്ഞു.
കരങ്ങളിൽ തരിവളകളുമിട്ടു
വിരൽക്കു മോതിരനികരമണിഞ്ഞു.
അവൎണ്ണ്യമാകിന പദതളിരുകളിൽ
സുവൎണ്ണനൂപുരനികരമണിഞ്ഞു.
സുവൎണ്ണകൗതുകമവരു ചമഞ്ഞു.
കുമാരിമാരൊട്ടുമിടചേൎന്നങ്ങനെ
പ്രമോദമോടിഹ സഖികളുമെല്ലാം.

മല്ലവിലോചനനായ മുകുന്ദൻ
മുല്ലപ്പന്തലിലങ്ങെഴുന്നള്ളി
കല്യാണികളാം കന്യകമാരുടെ
കല്യാണോത്സവസമയത്തിങ്കൽ
ഉല്ലാസത്തോടു വേണ്ടും വിധികളു-
മെല്ലാമങ്ങു കഴിഞ്ഞ ദശായാം
ഭൂമിസുരന്മാൎക്കനവധി ധനവും
കാർമുകിൽവൎണ്ണൻ ദാനം ചെയ്തു;
ആമോദത്തോടു മംഗലസമയേ
ഭാമാപാണിഗ്രഹണം ചെയ്തു.
ജാംബൂനദവും പട്ടും വളയും
താംബൂലങ്ങളുമവനിസുരന്മാ-

ക്കംബുജനയനൻ ദാനം ചെയ്തഥ
ജാംബവതിയെയും വേട്ടാനുടനേ;
പാവകസാക്ഷികമാകിയ കൎമ്മം
പാവനമാശു കഴിച്ചു മുകുന്ദൻ
ദേവകിവസുദേവാദികളോടും
ദേവിയതാകിയ രുക്മിണിയോടും
സേവകരാകിയ വൃഷ്ണികളോടും
കേവലമൊരുമിച്ചങ്ങെഴുനള്ളി
പള്ളിമഹാമണിസൌധം പുക്കതി-
നുള്ളിൽ പരിചൊടു വാണീടുന്നു.

സൂൎയ്യനുദിച്ചു വെളുക്കുന്നേരം
കാൎയ്യക്കാർ പലരെണ്ണയെടുപ്പാൻ
എണ്ണത്തട്ടേലേറിയിരുന്നു
എണ്ണയെടുത്തു കൊടുത്തു തുടങ്ങി;
കെട്ടൊരു ദിക്കിലിറക്കീട്ടനവധി
പട്ടന്മാർ വന്നാൎത്തുവിളിച്ചു
തട്ടിന്നുതാഴേ നിന്നു ശിരസ്സുകൾ
കാട്ടിപ്പരിചൊടു തേച്ചുതുടങ്ങി;
ചടപടനെന്നവർ മുടിയിലടിച്ചും
വടിവൊടു തേച്ചങ്ങടിയിലൊലിച്ചും
താളിത്തട്ടിന്നു താഴെച്ചെന്ന-
ത്താളിക്കാരൊടു മുള്ള പറഞ്ഞും
താളി പിഴിഞ്ഞവർ കണ്ണിലൊഴിച്ചും
താളിച്ചെളിയിൽ തെററിവിയച്ചും
ഇഞ്ചകളൊട്ടു പിടിച്ചു പറിച്ചും
സഞ്ചികളിൽ ചിലരാക്കിയൊളിച്ചും

വഞ്ചിച്ചവരുടെ സഞ്ചി പിടിച്ചും
വഞ്ചിയിലേററിക്കരപററിച്ചും
കടവിലിടഞ്ഞു തടഞ്ഞു കുടഞ്ഞും
ചിലരവ തച്ചും ചിലരു കുളിച്ചും
സോമൻപുടവകൾ നാപ്പട്ടുകളും
കെട്ടിയുടുത്തൊരു പാളത്താറും
കൂട്ടിത്തെരുതെരെയോടിയടുക്കും
കൊട്ടില പുക്കും രെട്ടുപിരിച്ചും
വട്ടംകൂട്ടും പട്ടന്മാരുടെ
ചട്ടം കണ്ടാലെത്ര വിചിത്രം!

അപ്പൊളടുക്കളതന്നിൽ വിളങ്ങുമൊ-
രൽഭുതമെങ്ങനെ വാഴ്ത്തീടേണ്ടു?
കൊള്ളിയടുപ്പിൽ തള്ളുന്നു ചിലർ
വെള്ളം കോരി നിറയ്ക്കുന്നു ചിലർ
ഭള്ളു നടിച്ചു നടക്കുന്നു ചിലർ
പൊള്ളു പറഞ്ഞു ചിരിക്കുന്നു ചിലർ.
“ആത്രശ്യേരി ചിത്രമ്പിള്ളി!
പാത്രമെടുത്തിതു വാപ്പാറായി
പാത്രത്തണ്ടു പിടിപ്പാൻ നല്ലൊരു
പാത്രംതന്നേ നിങ്ങളിതെന്നും,
തൊട്ടാശ്ശേരി എരിശ്ശേരിക്കു-
ചട്ടുകമായിക്കൂടീടേണം.
കടുകശ്യേരി കടുകു വറുക്കുക
വേങ്ങാശ്യേരീ തേങ്ങ വറുക്കുക
ചക്കപ്രഥമൻ വെക്കണമെന്നാൽ
തെക്കത്തിന്നൊരു തക്കവുമേറും

ചീരക്കാരിനു സരസതയേറും
ചീരക്കറികൾ ചമപ്പാനെന്നും
വഴുതക്കാട്ടും വഴുതിപ്പോമേ
വഴുതിനങ്ങാക്കറി വെക്കുന്നേരം
നെല്ലിക്കാട്ടുമഹൻ മൂന്നാമൻ
നെല്ലിക്കാക്കറി വയ്യാൻകൊള്ളാം
ഉപ്പുകൾ നോക്കാനപ്ഫൻ വേണം
വമ്പന്മാരിൽ മികച്ചോരു വമ്പൻ
ഉപ്പേരികളുടെ പാകം നോക്കാൻ
കൊയ്പള്ളിക്കോ ശരിയല്ലാരും.
വെള്ളം പോരാ, വെള്ളമൊഴിപ്പാൻ
കള്ളന്മാരവരെങ്ങിഹ പോയി?
ചെമ്പുകളിനിയുമൊരമ്പതു വേണം
ചെമ്പുകിടാരം മുമ്പിൽ വരേണം
ഊഴക്കാരേ പാഴന്മാരേ!
വാഴയ്ക്കായിതു മതിയാകില്ല.
മുപ്പറകൊള്ളും കൊട്ട നിറച്ചിനി-
യുപ്പേരിക്കു നുറുക്കീടേണം;
മാങ്ങാക്കാടി ചമയ്ക്കണമെന്നാൽ
തേങ്ങയരച്ചതു മതിയായില്ല,''

ഇങ്ങനെ പലതു പറഞ്ഞും കൊണ്ടഥ
ഭംഗിയൊടങ്ങു പചിച്ചു തുടങ്ങി
അഞ്ചെട്ടാളുകൾ കൂടീട്ടങ്ങൊരു
സഞ്ചിയഴിച്ചു മുറുക്കു തുടങ്ങി;
''തുക്കുപുകേല തരിമ്പില്ലാഞ്ഞാൽ
നോക്കു മുറുക്കിനു സുഖമില്ലേതും.''

"പാക്കും വെററിലയുണ്ടെന്നാകിൽ
ശുക്കം നോക്കണമെന്നുടെ കുഴലിൽ"
"തന്നുടെ കുഴലിൽ പുകയിലയെന്നതു
മുന്നം ഞാനോ കണ്ടിട്ടില്ല;
വെററില പററാനുള്ളൊരുപായം
മുററമതേതും നമ്മൊടു കൂടാ"
"തന്നേപ്പോലേ കണ്ടതു പററി-
ത്തിന്നു മുടിക്ക നമുക്കില്ലേതും"
"തിന്നു മുടിക്കും ഞാനെന്നങ്ങനെ
വന്നു പറഞ്ഞാലടിയും കൊള്ളും"
"അച്ചികൾ മുമ്പിൽ പിച്ചു കളിച്ചും
കച്ചു കൊടുത്തും മച്ചിലൊളിച്ചും
നായന്മാരോടടിയും കൊണ്ടിഹ
പായും നീയോ നമ്മെയടിപ്പാൻ?"
"നിന്നെയടിച്ചാലാരു തടുപ്പാ-
നെന്നുടെ മുമ്പിൽ വരുന്നവനെന്നും"
"കന്നത്തോടേ ഞാനടി കൊണ്ടാൽ
നിന്നെക്കൂടെയതൊപ്പിക്കണമോ?"
"നില്ലെട പാഴാ നില്ലെട പോഴാ
നല്ലതിനല്ല തുനിഞ്ഞീടുന്നു."
"എല്ലുകളെല്ലാം തല്ലിയൊടിപ്പൻ
വല്ലതുകൊണ്ടും പല്ലു കൊഴിപ്പൻ"
ഇത്തരമോരോ വാക്കു പറഞ്ഞും
ശാസ്ത്രിമഹീസുരരിരുവരു തമ്മിൽ
സത്വരമുടനേയടിപ്പതിനായി-
പ്പലക വലിച്ചു പിടിച്ചതിഘോരാൽ

വസ്ഥികളിൽ കുറി മുണ്ടുമുറുക്കി
വിസ്ഥിത്തങ്ങൾ നടിച്ചു തുടങ്ങി
കിടുകിടെ മേനി വിറച്ചു തുടങ്ങി
കുടുകുടെയുടലു വിയർത്തു വിയർത്തും
വടിവൊടു തങ്ങളിൽ മുണ്ടുപിടിച്ചും
തണ്ടു തടഞ്ഞവർ മണ്ടി നടന്നൊരു
രണ്ടുംകൂടെ മറിഞ്ഞഥ വീണും
കണ്ടു വസിക്കുന്നാളുകളെല്ലാം
കൈകൊട്ടിക്കൊണ്ടാർത്തു വിളിച്ചു.

എല വയ്യാനുമടുത്തൊരു നേരം
പലരും വന്നു ശ്രമിച്ചു തുടങ്ങി;
സ്ഥലവും വച്ചു വസിക്കുന്നാളുകൾ
കലഹിച്ചങ്ങു പറഞ്ഞു തുടങ്ങി:-
"ഞാൻ വച്ചോരു നിലത്തു വസിപ്പാൻ
താനോ വേണ്ടതു കശ്മലചിത്താ!"
"തന്നുടെ നിലമല്ലേതുമതോർത്താൽ
മുന്നം ഞാനൊരു മുണ്ടു വിരിച്ചു;"
"മുണ്ടുവിരിക്കും മുമ്പേ ഞാനും
രണ്ടു വരച്ചതു കണ്ടില്ലേ താൻ?"
"രണ്ടു വരച്ചതു പണ്ടേഞാനും
കണ്ടില്ലാ ഞാ"നെന്നൊരു ഘോഷം.

കൊട്ടിലിലിങ്ങനെ സർവ്വജനങ്ങളു-
മൂട്ടിനു വന്നു നിറന്നൊരു സമയേ
കൂട്ടുകറിക്കാർ വരവു തുടങ്ങി
കൊട്ടുവുമകിലും മുരളും മാഞ്ചിയു-

മൊട്ടൊഴിയാതെ പൊടിച്ചു കലക്കി
തട്ടപ്പുഴപ്പൊടി പച്ച കൊഴുന്നും,
വാട്ടമകന്നൊരു പച്ചപ്പുഴുകും
രാമച്ചപ്പൊടി പിച്ചകമലരും
പട്ടററീടിന ചെമ്പകമൊട്ടും,
മട്ടലർ പലതും പനിനീരെന്നിവ
കൂട്ടിയിളക്കിപ്പരിമളമോടിട-
കൂട്ടിന ചന്ദനപങ്കം പരിചൊടു
തട്ടകലത്തിലെടുത്തും കൊണ്ടൊരു
കൂട്ടമെടുത്തു കൊടുത്തുതുടങ്ങി;
പാത്തും മലയജകുംകുമമെല്ലാ-
മന്തണർപന്തിയിൽ വന്നു തുടങ്ങി.

എലവെച്ചങ്ങു നിരന്നു തുടങ്ങി
ജലവുമെടുത്തു കൊടുത്തു തുടങ്ങി
മലരതുപോലെ വെളുത്തൊരു ചോറു വി-
ളമ്പി വിളമ്പിയരുത്തു തുടങ്ങി.
ഉപ്പേരികളും പലവകയുണ്ടതു
കെല്ലോടങ്ങു വിളമ്പീടുന്നു
പപ്പടമെന്നതു പത്തും മുപ്പതു-
മൊപ്പിച്ചങ്ങു വിളമ്പീടുന്നു;
ആനച്ചുവടൻ പപ്പടമൊരു വക
മാനിച്ചങ്ങു വിളമ്പീടുന്നു.
'ചക്കപ്രഥമനുമമൃതും കൂടി-
ത്തൂക്കിക്കണ്ടാലമൃതേ പൊങ്ങൂ.'
'പ്രഥമന്മാരിലടപ്രഥമൻപോൽ
പ്രഥമനിതെ'ന്നൊരു ധൂളി പറഞ്ഞു
'വച്ചുണ്ടാക്കിയ കറികിറിയൊന്നില്ല-
മിച്ചൂയെനിക്കിതല്ലെന്നുടെ ഘടുവാ!

പച്ചടിസാറു പരിപ്പുണ്ടാനാ-
ലാച്ചിട്ടു സാപ്പാടെ’ന്നാനൊരുവൻ;
“അട നംപൂരിപ്പെത്യാരാ നീ
റമ്പം പോട്ട പുളിശ്ശാങ്കറിയെ”
“ഒന്നുടെ മുതലൊ സാംപ്രതമായി-
സ്സാപ്പാട്ടുക്കാര്യന്തേ”ന്നെന്നും
“പഞ്ചാരപ്പൊടി പോട്ടട്ടു പോരും
വേപ്പില കൊഞ്ചം പോടെട ഛട്ടുവാ!”
“സാറും കീറും പച്ചടി കിച്ചടി
പളവും കിളവും പോടെ”ന്നൊരുവൻ
“കത്തിരിയിക്കാക്കറിയുണ്ടാനാൽ
ചെത്ത വിളമ്പണ”മെന്നാനൊരുവൻ
“ഹടനാ ഹണ്ണാ മണിയാ സ്വാമി
അബ്ബാ സുബ്ബാ വെങ്കിടരാമ!
സീതാരാമ കൊളത്തൂരാനും
ആന പിടുങ്കൻ മണിയൻ ഞാൻ ഞാൻ”
“അപ്പപ്പാ ചില മുഷ്ക്കുകളെ”ന്നും
“അപ്പന്മാരുടെ മുതലോ”യെന്നും
“പോടിങ്കല പോടിങ്കല പോട്ട്
ചോറൊരിടങ്ങഴിയിങ്കേ പോട്ട്”
ഇത്തരമോരോ വിപ്രന്മാരുടെ
ഭുക്തിമഹോത്സവമെത്ര വിചിത്രം!
പാല്യ കുറുക്കിയെടുക്കുന്നു ചിലർ,
പാരിച്ചങ്ങു നടക്കുന്നു ചിലർ
നാരങ്ങാക്കറി മാങ്ങാക്കറിയും
മോരും തൈരുമെടുക്കുന്നു ചിലർ.
‘വെല്ലപ്പായസമുണ്ടു വരുന്നു
മെല്ലെയിരുന്നു ചെല്യത്തണ’മെന്നും,

DHARMARAM COLLEGE LIBRARY
19389
BANGALORE.

'കന്നുംതൈരു കുടിപ്പതിനിന്നീ
വന്ന ജനങ്ങളിൽ മുൻപിങ്ങേ'ന്നും,
'കൊണ്ടാ രണ്ടുകലപ്പുഴ'മെന്നും,
'കൊണ്ടാ പപ്പടമിവിടേ'ക്കെന്നും,
കൊണ്ടാടുന്ന ജനങ്ങളിൽ നിന്നു-
ണ്ടുണ്ടായീടിന കൌതുകമോർത്താൽ
കണ്ടാലെത്ര മനോഹരമിതിനെ-
ക്കൊണ്ടു പുകഴ്ത്താനെളുതല്ലേതും.

ഗോസായികളുണ്ടങ്ങൊരുമിക്കിൽ
തങ്ങളിലോരോന്നരചെയ്യുന്നു;
വമ്പന്മാരെ വിളിക്കയുമുണ്ടവ-
രൊപ്പമിരുന്നു ഭുജിക്കുമനന്തരം
"ജേ ജേ റാം റാം സീതാറാം റാം
ജേ ജേ റാം റാം കോദണ്ഡ റാം റാം
തുമാറ മുലുക്ക കോന മുലുക്ക
അമാറ മുലുക്ക കാശി മുലുക്ക
തുമാറ ട്ടിക്കാണീ കാഹറേ ബാവാ
അമാറ ട്ടിക്കാണി സീതാ റാം റാം
ബ്രഹ്മാദേവോ ദാവൻദാറൊ
അച്ഛാ പാനീ ഡാലോ ഡാലോ
പത്താ ലാവോ ക്കാരീ ലാവോ
മെസ്തു ലാവോ കേലീ ലാവോ
തുഹി ലാവോ ഉറദേ ലാവോ
സുപാരി ലാവോ സക്കരി ലാവോ
പൂരി ധാറൊ ദസ്തു ലാവോ
ധിക്രാ ധാറൊ തമാക്കു ധാറൊ
സുണ്ഠ ധാറൊ കത്ഥാ ലാവോ
റേപോ ധാറൊ ഭാജീക്കറൊബ്ബ്

പാനീ പീയോ മേരാ പേട് ബ്രം
ഊട്ടറമായി കുംകുറ കുംകുറ കുംകുറ
ജാ റെ ഹർ ജാ മുർജാ ഹർജാ റേ.''

ഇത്തരമോരോ കോലാഹലമു-
ണ്ടുത്തമപുരുഷപുരങ്ങളിലെല്ലാം.
വാണിയർ കൊങ്കണി ചെട്ടികളൊരു വക
വാണിഭവും വെച്ചങ്ങു വസിച്ചു
വാണീടുന്നതു വാഴ്ത്താൻ നമ്മുടെ
വാണിക്കേതും പ്രൌഢത പോരാ.
ഇത്തരമോരോ ഘോഷത്തോടേ
രാത്രി കഴിച്ചും പകലു കഴിച്ചും
മികവേറുന്ന വിവാഹമഹോത്സവ-
മഴകോടങ്ങു കഴിഞ്ഞ ദശായാം
വന്ന മഹാജനമൊക്കെയുമുടനേ
നന്ദി കലൎന്നവർ ഗമനം ചെയ്തു.
നന്ദതനൂജൻ സുന്ദരവദനൻ
സുന്ദരിമാരൊടുകൂടിസ്സുഖമേ
കന്ദർപ്പോത്സവകേളികളാടി
നന്ദികലൎന്നു സുഖിച്ചു വസിച്ചു.

എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
യത്നം ചെയ്തു വരുത്താമെല്ലാം.
ഇക്കഥ കേൾക്കണമെന്നരുൾ ചെയ്തു
മിക്കതുമടിയനുണർത്തിച്ചേനേ.
ഉലകുടെ പെരുമാളോടൊരു സചിവൻ
പലതുമുണർത്തിച്ചവിടെ വസിച്ചു.

സ്യമന്തകം ഓട്ടൻതുള്ളൽ അവസാനിച്ചു.

# പദാർത്ഥദീപിക

[കുഞ്ചൻനമ്പ്യാർ സ്വതേ നിരങ്കുശനാണ്. സ്യ മന്തകത്തിൽ അദ്ദേഹം കൂടുതൽ സ്വതന്ത്രനായതുപോലെ കാണപ്പെടുന്നു. 'പൂശകനെ'പ്പോലെയുള്ള അനേകം കള്ളനാണയങ്ങൾ ഈ തുള്ളലിൽ അങ്ങിങ്ങായി കാണുന്നുണ്ട്. അവയ്ക്കുവേണ്ടി പുതിയൊരു ശബ്ദകോശം ഇനി ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. അവ്യുൽപന്നരായ പകപ്പെഴുത്തുകാരും തുള്ളൽക്കാരും നമ്പ്യാരാശാൻെറ കവിതാദേവിയുടെ മുഖത്ത് കരിതേച്ചിരിക്കാം. വ്യുൽപ്പന്നരും നല്ല പാരമ്പര്യമുള്ളവരുമായ തുള്ളൽക്കാരെ സമീപിച്ചാൽ, ചില പ്രയോഗങ്ങളെ സംബന്ധിച്ച 'ന്യൂലാമാല'യിൽനിന്നു നമുക്കു രക്ഷപെടാൻ സാധിച്ചു എന്നുവരാം. ഒന്നുരണ്ടു ദിക്കിൽ ഈ പുസ്തകത്തിൻെറ പ്രസാധകന് അത്തരത്തിലുള്ള അനുഭവം ഉണ്ടായിട്ടുണ്ട്.

അമ്പലപ്പുഴ ശ്രീകൃഷ്ണൻ, തകഴി ശാസ്താവ്, ദേവനാരായണസ്വാമി, ഉണ്ണിരവിക്കുറുപ്പ്, കണ്ടങ്കരിബ്ഭഗവതി എന്നിങ്ങനെയുള്ള ഇഷ്ടദേവതകളുടെ വർണ്ണനത്തിൽനിന്ന് കവി കുഞ്ചൻനമ്പ്യാർതന്നെയാണെന്ന് അനുമാനിക്കാമെങ്കിലും, 'വിഭവാമാകാശം ഇവയഞ്ചും' (വരി 184) 'കാണീപോലും ഖേദവുമില്ല' (വരി 392) 'പൊട്ടിച്ചിതറീ വിതറീടുന്നു' (രണ്ടാം കളം വരി 350) മുതലായ വരികളിൽ നമ്പ്യാരുടെ ധാരാവാഹിയായ വാഗ്വൈഭവം നമുക്കു കാ

ണാൻ കഴിയുന്നില്ല. ഈ തുള്ളൽ ഒരുപക്ഷേ, നമ്പ്യാരുടെ ആദ്യകൃതികളിൽപെട്ടതായിരിക്കുമോ?]

1–10. വാരണം=ആന; ഗജാസുരൻ. വാരണ............നൻ=ഗജാസുരൻെറ മദം നശിപ്പിച്ചവ (ശിവ) ൻെറ പുത്രൻ. (ഗയൻ എന്നു പേരായ ഒരസുരൻ ഗജരൂപം ധരിച്ച് ചില മഹഷിമാരെ ഉപദ്രവിച്ചു. അവർ ഒരു ശിവക്ഷേത്രത്തിൽ അഭയംപ്രാപിച്ചു. അസുരൻ അവിടെയും എത്തി. ശിവൻ പ്രത്യക്ഷപ്പെട്ട് അസുരനെ വധിക്കയും അവൻെറ തോലുരിച്ചു പുതക്കുകയും ചെയ്തു. അന്നുമുതല്ക്കാണത്രെ ശിവനു് കൃത്തിവാസസ്സ് എന്ന പേരുണ്ടായതു്.) വാരണവദനൻ=ഗജമുഖൻ. നിഖില............പുന്നൻ=എല്ലാ ജനങ്ങളുടേയും അശുഭങ്ങളെ തടുക്കുന്നതിൽ സമത്ഥൻ. സമദാ... ......രോജൻ=അഹങ്കാരികളായ അസുരന്മാരുടെ ശത്രുസമൂഹത്താൽ (ദേവന്മാരാൽ) സേവിക്കപ്പെട്ട ചരണകമലങ്ങളോടുകൂടിയവൻ. വിമല............നൻ=നല്ല താമരപ്പൂവിൻെറ ഇതരംപോലെ അരുണവണ്ണമായ കണ്ണുകളുള്ളവൻ. ചാരണനമിതൻ=ചാരണന്മാരാൽ നമസ്കരിക്കപ്പെട്ടവൻ. ചാരണന്മാർ=ദേവഗായകന്മാർ. പ്രണത............നൻ–നമസ്കരിക്കുന്ന ജനങ്ങൾക്ക് അഭയം നൽകുന്നവൻ. പ്രണതപരായണൻ=കുമ്പിടുന്നവരിൽ താല്പയ്യമുള്ളവൻ. ഗുണഗണനിലയൻ=സൽഗുണങ്ങളുടെ ഇരിപ്പിടം.

10–30 'വേണീവിജിതകളേണി' എന്ന പദത്തിൻെറ അത്ഥം സ്പഷ്ടമല്ല. 'കളേണി' എന്ന വാക്കിനു് 'പായൽ' എന്നാണത്ഥമെന്നു ചിലർ പറയുന്നു. അതു ശരിയാണെങ്കിൽ 'വേണിയാൽ തോല്പിക്കപ്പെട്ട കളേണിയോടുകൂടിയവാം' (പായൽപോലെ നീണ്ടു സമൃദ്ധമായ തലമുടിയുള്ളവാം എന്നത്ഥം പറയാം. പക്ഷെ, കളേണി എന്ന പദത്തിനു് പായൽ എന്നത്ഥം നിഘണ്ടുക്കളിൽ കാണുന്നില്ല.) നതജനവേണീചടുല=കുമ്പിടുന്ന ജനപ്രവാഹത്തിൻ ചടുല. (ആശ്രിതന്മാരുടെ നേരെ ആർദ്രസ്വ

ഭാവ എന്നായിരിക്കാം നമ്പ്യാർ ഉദ്ദേശിച്ചിട്ടുള്ളതു്.) വാണീദേവി=സരസ്വതി. വാണി=വാക്കു്. കളവാണി=മധുരമായ വാക്കുകളോടുകൂടിയവൾ. കളവാണീമണി=സ്ത്രീരത്നം. വീണാപാണി=കയ്യിൽ വീണയുള്ളവൾ. പദകമലേ-കാൽത്താരിൽ. ഏണീശാബവിലോചന=പെൺമാൻകണ്ണി. (ശാബം= കുട്ടി.) വീണാലാപിനി=വീണയുടെ ശബ്ദംപോലെ മധുരമായി സംസാരിക്കുന്നവൾ. വാണീഭംഗിതരംഗിണി=വാക്കുകളുടെ ഭംഗിയാകുന്ന നദി. വേണീമധുരത=പ്രവാഹമാധുര്യം. മധു=തേൻ. കേഴുക=സങ്കടപ്പെടുക. (എന്റെ വാക്കുകൾ തേൻപോലെ മധുരമായിത്തീരണമെന്നു സാരം.) ക്ഷോണി=ഭൂമി. അതിവേലം=വളരെ. പാണി=കൈ.

30–60 തുംഗം=ഉയന്ന. ഗളിക്ക=പ്രവഹിക്ക. പീയൂഷം=അമൃതു്. അല്പംപോലും=കുറച്ചെങ്കിലും. വൃന്ദാരക.........തൻ=ദേവന്മാരാൽ വന്ദിക്കപ്പെട്ടവൻ. നന്ദതനൂജൻ=നന്ദന്റെ പുത്രൻ; ശ്രീകൃഷ്ണൻ. വൃന്ദാ..........ലൻ=വൃന്ദാവനത്തിലെ ലീലയിൽ ഏർപ്പെട്ടവൻ. മന്ദാ.... .......ലൻ=കല്പവൃക്ഷങ്ങളുടെ പുഷ്പങ്ങൾകൊണ്ടു മനോഹരമായ മാല ധരിച്ചവൻ. മന്ദേതരരുചിമാലതമാലൻ=വർദ്ധിച്ച ശോഭയോടുകൂടിയ പച്ചിലമരത്തിന്റെ ഇലകൾകൊണ്ടുണ്ടായ വനമാല ധരിച്ചവൻ. വൃന്ദാരക...........ശീലൻ=ദേവന്മാരാകുന്ന പശുക്കളെ സംരക്ഷിച്ചവൻ. (വിഷ്ണു ശ്രീകൃഷ്ണനായി അവതരിച്ചപ്പോൾ ദേവന്മാരെല്ലാം പശുക്കളുടെ വേഷം ധരിച്ചു് വൃന്ദാവനത്തിലെത്തി എന്ന പുരാണകഥയായിരിക്കാം ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്.) മന്ദേ..........കാലൻ=അത്യന്തം ഗർവ്വിഷ്ഠന്മാരായ അസുരന്മാർക്കു് അന്തകനായിട്ടുള്ളവൻ. (ദാനവൻ=അസുരൻ) ഇന്ദീ..........ലൻ-കരിങ്കുവളപ്പൂപോലെ നീലനിറമുള്ള കണ്ണുകളുള്ളവൻ. ഇന്ദ്രോ...........ലൻ=ഇന്ദ്രനെപ്പോലെ പവ്വതലീല നടത്തിയവൻ. നന്ദിത.........ജാലൻ=ഗോപസ്ത്രീകളെ ആനന്ദിപ്പിച്ചവൻ. നന്ദജൻ=നന്ദപുത്രൻ. അനുപമപീതദുകൂലൻ=ഒന്നാന്തരം മഞ്ഞപ്പട്ടുടുത്തവൻ.

(ദുകൂലം=വസ്ത്രം). പാൎത്ഥൻ=അൎജ്ജുനൻ. സാരഥി=തേരാളി. പാൎത്ഥിവർ=രാജാക്കന്മാർ. അരിജാലം=ശത്രുസമൂഹം. അഖിലജനാനാം=എല്ലാ ജനങ്ങളുടേയും.

60–100. ആൎത്തി=ദുഃഖം. ചീൎത്ത=വൎദ്ധിച്ച. കുരുകുലം=കൗരവന്മാർ. അമൎത്തുപോലെ=നശിപ്പിച്ചതുപോലെ. വൈരിസമൂഹം=ശത്രുക്കൂട്ടം. അംബരതടിനീപുരവരം=അമ്പലപ്പുഴ. കംബുകശാപരിശോഭിതകരൻ=ശംഖു്, ചമ്മട്ടി എന്നിവകൊണ്ടു ശോഭിക്കുന്ന കൈകളുള്ളവൻ. അംബുജനയനൻ=താമരക്കണ്ണൻ. വിഷ്ടപനായകൻ=ലോകനാഥൻ. തുഷ്ടി=സന്തോഷം. ജംഭാരിപുരം=ദേവലോകം. (ജംഭാരി=ഇന്ദ്രൻ. ദേവലോകത്തിലെ ഐശ്വൎയ്യസമൃദ്ധി മുഴുവൻ ചെമ്പകശ്ശേരി നാട്ടിലുണ്ടായിരുന്നു എന്നു സാരം.) അംഭോജാലയൻ=താമരപ്പൂവിൽ വസിക്കുന്നവൻ. അംഭോ...........നൻ=താമരക്കണ്ണൻ. (ആയതം=നീണ്ട.) അംഭോ...........ന്ധു=താമരപ്പൊയ്കയുടെ ബന്ധു. ദിനേശൻ=സൂൎയ്യൻ. അംഭോ...........രി=താമരപ്പൊയ്കയുടെ ശത്രു. ശശാങ്കൻ=ചന്ദ്രൻ. അംഭോജാത്മജ=താമരയിലുണ്ടായവൾ. അംഭോവായുമഹീദഹനൻ=വെള്ളവും കാറ്റും ഭൂമിയും അഗ്നിയും. ജംഭാരാതി=ഇന്ദ്രൻ. അമരന്മാർ=ദേവന്മാർ. കുംഭജൻ = അഗസ്ത്യൻ. കുംഭിവരാനനൻ=ഗജമുഖൻ; ഗണപതി.

100—200 ശരസംഭവനായ കുമാരൻ=സുബ്രഹ്മണ്യൻ. കുംഭൊ........ണങ്ങൾ=കുംഭോദരൻ മുതലായ ഭൂതഗണങ്ങൾ. കവിഗുംഫം=കവിതാബന്ധം. സംഭാവിക്ക=ബഹുമാനിക്ക. ഗുരു........ഗളം=ഗുരുവിൻെറ രണ്ടു ചരണകമലങ്ങൾ. സുര........വാസം=ദേവലോകവാസം.; മുക്തി. ധരണി........വരൻ=ബ്രാഹ്മണശ്രേഷ്ഠൻ. സരസഗുണാകരൻ=സൽഗുണങ്ങളുടെ വിളനിലം. അഖിലനരാണാം=എല്ലാ മനുഷ്യരുടേയും. ദുരിത........ഭൂതൽ=കഷ്ടപ്പാടുകളെ നീക്കുന്നതിനു കാരണമായിത്തീൎന്നവൻ. അന്തണൻ=ബ്രാഹ്മണൻ. മന്ദേത........ന്ദിരൻ=ധാരാളം സൽഗുണ

ങ്ങളുടെ ഇരിപ്പടം. ബാലരവി=ഉണ്ണിരവിക്കുറപ്പ്°. വൃന്ദാ........രണം=ദേവന്മാരാൽ വന്ദിക്കപ്പെട്ട കാലടികളോടുകൂടിയവൾ. **ശ്ലോകാർത്ഥം** "കുട്ടിയായാലും വിതയ്ക്കുന്നതു നല്ല വയലിലായാൽ കൃഷി നന്നാകും. വിളവു നന്നാവുക എന്നതു് വിതയ്ക്കുന്നവൻെറ നന്മതിന്മകളെയല്ല ആശ്രയിച്ചിരിക്കുന്നതു്." ചിലവും=ചിലതും. സജ്ജ........ണ്യത=സജ്ജനങ്ങൾ സൽഗുണങ്ങളെ വകവെയ്ക്കുന്ന സ്വഭാവം. ആളായിട്ടല്ല=പാത്രമായിട്ടല്ല; അർഹനായിട്ടല്ല. പുസ്തകജാലസമസ്തം=പുസ്തകസമൂഹം മുഴുവൻ. അമ്പത്തൊന്നു്=അമ്പത്തൊന്നക്ഷരം. അക്ഷതം=നശിക്കാത്തതു്. ആസ്യരസം=ഹാസ്യരസം; ഫലിതം. പരിഷകൾ=ആൾക്കാർ. സഹിക്കാതുള്ളൊരു വണ്ണം=സഹിക്കാൻ പാടില്ലാത്ത വിധം. ദുഷ്ടവി=ചീത്തകവി. ബോധിപ്പിക്കാം=മനസ്സിലാക്കിത്തരാം. പൃത്ഥ്വി=ഭൂമി. അപ്പ്°=വെള്ളം. വഹ്നി=തീ. മരുത്തു്°=കാററു്°. വിഭു=പ്രഭു; സർവ്വശക്തം. സാധനം=സാമഗ്രി. ചന്ദ്രദിവാകരചാരണഗണം=ചന്ദ്രനും സൂര്യനും ചാരണസമൂഹവും. മനുജന്മാർ=മനുഷ്യർ. ദനുജന്മാർ=അസുരന്മാർ. മഹീശൻ=രാജാവു്°.

200—250. ഫണികൾ=സർപ്പങ്ങൾ. പണികൂടാതെ=നിഷ്പ്രയാസം. ബ്രഹ്മൻ=ബ്രഹ്മാവു്°. അപവാദകളങ്കം=അപവാദമാകുന്ന കളങ്കം. കരുണാകരൻ=ദയയുടെ വിളനിലം; ശ്രീകൃഷ്ണൻ. ഇലകുടെ പെരുമാൾ=ആ പേരുള്ള ഒരു രാജാവു്°. (കൂടുതൽ വിവരങ്ങൾക്കു്° അവതാരിക xxxiii-ാം പേജ്° നോക്കുക.) സചിവൻ=മന്ത്രി. ലക്ഷ്മീകുച........ന്തരൻ=മഹാലക്ഷ്മിയുടെ മാറിടത്തിലെ കുങ്കുമം തട്ടി ശോഭിക്കുന്ന വക്ഷഃസ്ഥലത്തോടുകൂടിയവൻ. ഭക്ത.......ശീലൻ=ഭക്തന്മാർക്കു്° ഐശ്വര്യം നല്കുന്നവൻ. ലക്ഷ്മീവാൻ=ഐശ്വര്യസമൃദ്ധൻ. മന്ദിരപൂർത്തികൾ=കെട്ടിടങ്ങളുടെ തികവുകൾ. മന്ദത=മൂഢത. മന്ദര........ഖരങ്ങൾ=മന്ദരപർവ്വതത്തിൻെറ വലിയ കൊടുമുടികൾ. അതിനോടെതിരാകരുതു്°=അതിനോടെതിർക്കാൻ മതിയാകയില്ല. ചന്ദനവാടി=

ചന്ദനോദ്യാനം. സാന്ദ്രാലയശതം=ഇടതിങ്ങിനില്ക്കുന്ന അനേകം കെട്ടിടങ്ങൾ. ചന്ദ്രിക-നിലാവു്. ചന്ദ്രോപലമയമതിലുകൾ= ചന്ദ്രകാന്തക്കല്ലുകൊണ്ടുണ്ടാക്കിയ മതിലുകൾ. അതുലം=എതിരില്ലാത്ത. ചന്ദ്രാനനമാർ=ചന്ദ്രമുഖിമാർ; സുന്ദരികൾ. ഇന്ദ്രാവരജമനോഹാരിമാർ=ശ്രീകൃഷ്ണന്റെ മനസ്സിനെ അപഹരിക്കുന്നവർ. സാന്ദ്ര........രംഭേ=സാന്ദ്രവും മനോഹരവുമായ പാട്ടുതുടങ്ങുമ്പോൾ. കുന്ദകുരണ്ടക മാലകൾ=കുരുക്കുത്തിമുല്ലപ്പൂക്കൾ കൊണ്ടും കുറുഞ്ഞിപ്പൂക്കൾകൊണ്ടും ഉണ്ടാക്കിയ മാലകൾ. കന്ദുകതാഡനലീല=പന്തടിച്ചുകൊണ്ടുള്ള കളി. ഇന്ദിശ മുതലായവ ചില രാഗങ്ങളുടെ പേരുകളത്രെ. രുചി=താല്പര്യം. നിശി=രാത്രിയിൽ. ചോട്ടു്=ചുമട്ടു്. കേഴമാൻമിഴിമാർ=സുന്ദരിമാർ.

250—300. ബലദേവൻ=ബലഭദ്രൻ. വൃത്രാരിസഹജൻ =ഇന്ദ്രന്റെ അനുജൻ. കൃഷ്ണൻ. മിത്രം=ചങ്ങാതി. മിത്രൻ–സൂര്യൻ. കൂലേ=കരയിൽ. രവി=സൂര്യൻ. **ശ്ലോകാർത്ഥം** "താമരപ്പൊയ്കയെ സന്തോഷിപ്പിക്കുന്നവനും മൂന്നു ലോകങ്ങൾക്കും ആനന്ദത്തെ പോഷിപ്പിക്കുന്നവനും ഭയങ്കരങ്ങളായ വ്യാധികളെ നശിപ്പിക്കുന്നവനും ശത്രുക്കൾക്കു് അത്യന്തം ഭയങ്കരനും ഗർവ്വിഷ്ഠന്മാരുടെ അഹങ്കാരത്തെ ശമിപ്പിക്കുന്നവനും മഹാമേരു പർവ്വതത്തിനു് അലങ്കാരഭൂതനും എതിർക്കുന്ന ശത്രുക്കളിൽ അത്യന്തം കോപിഷ്ഠനുമായ സൂര്യനെ വന്ദിക്കുന്നു." ഉരുതര........ഹാരിൻ=വർദ്ധിച്ച ദുരിതങ്ങളേയും ഭയങ്കര വ്യാധികളേയും നശിപ്പിക്കുന്നവനായുള്ളോവേ!. മണ്ഡനധാരി=ആഭരണങ്ങൾ ധരിക്കുന്നവൻ. ഖണ്ഡിതവൈരി=ശത്രുക്കളെ നശിപ്പിച്ചവൻ. ദിനമനു=ദിവസംതോറും. നിഖിലചരാചരഹാരി=ചരങ്ങളും അചരങ്ങളുമായ എല്ലാററിനേയും സംഹരിക്കുന്നവൻ; അഥവാ ചരാചരങ്ങൾക്കെല്ലാം മനോഹരനായിട്ടുള്ളവൻ. കാമവിസാരി=യഥേഷ്ടം വിഹരിക്കുന്നവൻ. വാതാഹാരി=കാററു് ആഹാരമായുള്ളവൻ. തണ്ടാർ മലർശരം=കാമബാണം. തണ്ടാർമിഴികൾ=സുന്ദരിമാർ, തിരയുക=അന്വേഷിക്കുക. ദുഷ്ടവിചേ

ഷ്ടിതം=ദുൎന്നടവടി. ശിഷ്ടജനം=സജ്ജനം. പുഷ്ടതയാ=പുഷ്ടതയോടുകൂടി; സമൃദ്ധിയായി. വിഷ്ടപം=ലോകം. ജനനംചെയ്ക=സൃഷ്ടിക്ക. അവനംചെയ്ക=രക്ഷിക്ക. ഹനനംചെയ്ക=സംഹരിക്ക.

300—400. അനവരതം=എപ്പോഴും. കലയാമി=ഞാൻ വിചാരിക്കുന്നു. പങ്കജഭവൻ=ബ്രഹ്മാവു്. വൃന്ദാരകതി=ഇന്ദ്രൻ. വാരിജബന്ധു=സൂൎയ്യൻ. പഞ്ചപാവകമദ്ധ്യഗൻ=പഞ്ചാഗ്നിമദ്ധ്യത്തിലിരിക്കുന്നവൻ. ഇന്ദ്രിയ പഞ്ചകം=പഞ്ചേന്ദ്രിയങ്ങൾ. അഞ്ചിതായതലോചനൻ=മനോഹരമായ നീണ്ട കണ്ണുകളുള്ളവൻ. പഞ്ചസായകൻ=കാമദേവൻ. വാഞ്ഛിതം=ആഗ്രഹം. കന്ദമൂലഫലങ്ങൾ=കിഴങ്ങും വേരും കായ്കനികളും. ദലം=ഇല. മന്ദവാതം=ഇളങ്കാററു്. കേവ........മൂൎത്തി=വേദമൂൎത്തി. ദേവസേവിതൻ=ദേവന്മാരാൽ സേവിക്കപ്പെട്ടവൻ. ആത്തമോദം=സന്തോഷത്തോടുകൂടി. അഭിലാഷം=ആഗ്രഹം. സന്താപം=ദുഃഖം. പൂൎത്തി=തികവു്. ദുൎഗ്ഗതി=കഷ്ടപ്പാടു്. സാംപ്രതം=ഇപ്പോൾ. തവയി=നിന്നിൽ. **ശ്ലോകാൎത്ഥം.** "അല്ലയോ സത്രാജിത്തേ! നിനക്കു് ഭഗവാന്റെ ചരണകമലങ്ങൾതന്നെയാണു് അവലംബമായിട്ടുള്ളതു്. നീ ആഗ്രഹിക്കുന്ന വിധത്തിൽ നിനക്കു തരുന്നതിനു് യാതൊന്നുംതന്നെ ഈലോകത്തിൽ ഞാൻ കാണുന്നില്ല. എന്നാൽ, ആഗ്രഹിക്കുന്നതെല്ലാം നല്കുന്ന ഒരു വിശിഷ്ടരത്നം എന്റെ കൈവശമുണ്ടു്. ദിവസംതോറും എട്ടുഭാരം സ്വൎണ്ണം വിളയിക്കാൻ ശക്തിയുള്ള ഒന്നാണതു്. അതു ഞാൻ നിനക്കു തരാം." വല്ലവിമാർ=ഗോപസ്ത്രീകൾ. മല്ലവിലോചനൻ=താമരക്കണ്ണൻ. കാന്തം=മനോഹരം; ആകൎഷകം.

400—500. ശിക്ഷയിൽ=വേണ്ടപോലെ. സമന്ത്രം=മന്ത്രത്തോടുകൂടി. അമന്ദവേഗം=വൎദ്ധിച്ച വേഗം. ഗളം=കഴുത്തു്. ജനേശൻ=രാജാവു്. അൎക്കൻ=സൂൎയ്യൻ. തുകിൽ=വസ്ത്രം. അംഗനമാർ=സ്ത്രീകൾ. നാരായണൻ=കൃഷ്ണൻ. വല്ലഭ=ഭാൎയ്യ. ശീതളം=

ത്തണവുള്ള, ചൂതായുധസമൻ=കാമതുല്യൻ. പകിടി=വഞ്ചന. ഏവം=ഇങ്ങിനെ. രാകാശശിവദനൻ=പൂർണ്ണചന്ദ്രാനനൻ. (രാകാശശി=വെളുത്ത വാവുന്നാളിലെ ചന്ദ്രൻ.) ഭുജബലം=കയ്യൂക്ക്. മാലാവലി=മാലകളുടെ കൂട്ടം. കാന്തിപടലം=വർദ്ധിച്ച ശോഭ. (പടലം=കൂട്ടം.) കാന്താരം=നടക്കാൻ പ്രയാസമുള്ള ഇരുളടഞ്ഞ വഴി. അഖിലം=എല്ലാം. ദിനകരൻ=സൂര്യൻ. അംബരമാർഗ്ഗം=ആകാശവീഥി. അംബരമണി=സൂര്യൻ. അവനിതലം=ഭൂമി.

500-600. മിത്രവരം = സൂര്യന്റെ വരം. ദശായാം= സമയത്ത്. ചെന്താർമാനിനി=ലക്ഷ്മി. മണി=രത്നം. അമളി= സങ്കടം. വിത്തം=ധനം. ഭവ്യന്മാർ=പൂജ്യന്മാർ. പ്രസാദം= സന്തോഷം. കിഞ്ചന=കുറച്ചൊന്നു്. ചേതസി=മനസ്സിൽ. മയി=എന്നിൽ. നിരാകുലം=സങ്കടംകൂടാതെ. സരോജവല്ലഭവരേണ=സൂര്യന്റെ അനുഗ്രഹംകൊണ്ടു്. കരേണ=കൈകൊണ്ടു്. ശില്പം=സന്തോഷത്തോടുകൂടി. അസി=വാൾ. ഇളമ-യുവരാജാവു്. തായം=ഉപായം.

600-700. ദെണ്ഡിപ്പു്=കഷ്ടപ്പാടു്;നായാട്ടിനെസ്സംബന്ധിച്ച ബുദ്ധിമുട്ടു്. പടലു്=കുററിക്കാടു്. എഷ്ടി=യഷ്ടിയുടെ തൽഭവം; ഭോഷൻ എന്നർത്ഥം. കളത്രം=ഭാര്യ. മഹാഷ്ടം പറയുക=വെടിപറയുക.

700-800. 'തപ്പു മദ്ദളം' എന്നുതുടങ്ങിയ ആറു വരികളിൽ പറഞ്ഞിട്ടുള്ളതു് ഓരോതരം വാദ്യവിശേഷങ്ങളുടെ പേരുകളാണു്. അവയിൽ ചിലതു് ഇന്നു് പ്രചാരത്തിലില്ലാതായിത്തീർന്നിട്ടുണ്ടു്. അതുപോലെ 'വില്ലും നല്ല ശരങ്ങളും' എന്നു തുടങ്ങുന്ന ശ്ലോകത്തിൽ നിർദ്ദേശിച്ചിട്ടുള്ള ആയുധങ്ങളിൽ പലതും ഇന്നു പ്രചാരത്തിലില്ലാത്തവയാണു്. ഝടിതി=വേഗത്തിൽ. ധരണി=ഭൂമി. പടലം=കൂട്ടം. അംബരസീമനി=ആകാശത്തിൽ. രവികിരണം=സൂര്യരശ്മി. അമരപുരം=ദേവലോകം. കടുതരഘോ

ഷം=അത്യന്തം കഠിനമായ ശബ്ദം. അഷ്ടമഹാഗജങ്ങൾ=എട്ടു ദിഗ്ഗജങ്ങൾ. ജലധി=സമുദ്രം. വിടപി=മരം. തടിനി=നദി. ഉരഗാധിപതി=സർപ്പരാജൻ; അനന്തൻ. കമഠം=കൂർമ്മം പടലു്=കുററിക്കാടു്. ശില=കരിങ്കല്ലു്. കടുക്കനെ=വേഗത്തിൽ. നടുക്കം=ഞെട്ടൽ. നെടുത്ത=നെടിയ; വലിയ.

800-900. ഘനതരം=വളരെ തടിച്ച. വനമഹിഷം=കാട്ടുപോത്തു്. ന്യങ്കു=കരിമാൻ. രങ്കു=വെളുത്ത രോമവും മുതുകിൽ ചാരനിറവുമുള്ള ഒരുതരം വലിയ മാൻ. ഗന്ധമൃഗം=കസ്തൂരിമൃഗം. കേഴ=ഒരുവക മാൻ. ഋക്ഷം=കരടി. തരക്ഷു=ചെന്നായ്. ഭല്ലൂകം=ഒരുതരം കരടി. അക്ഷതബലം=വർദ്ധിച്ച ശക്തി. വികടകരാളം=അത്യന്തം ഭയങ്കരം. വ്യാളം=മുള്ളൻ പന്നി. നരകരടി=മനുഷ്യക്കരടി. പോട്ടിൽ=ഗുഹയിൽ. വ്യാഘ്രം=പുലി. യദുബാലൻ=പ്രസേനൻ. ഉത്ഭടവേഗം=വളരെ വേഗത്തിൽ. ദർപ്പം=അഹങ്കാരം. ചാപം=വില്ലു്. വനാന്തേ=കാട്ടിൽ. മത്തഗജം=മദയാന. മസ്തകനിമനി=മസ്തകത്തിൽ. ശരഭം=എട്ടടിമാൻ; ഒരുതരം ഹിംസ്രമൃഗം. അന്തരം=തടസ്സം. പടലു്=കുററിക്കാടു്. ജളത=വിഡ്ഢിത്തം; വൻപു്. ശിലാതലം=കൽപ്രദേശം. കുംഭികൾ=ആനകൾ. കുംഭതടം=മസ്തകപ്രദേശം. അടവി=കാടു്. കടുതരം=വളരെ ഭയങ്കരം. കടിലനഖം=വളഞ്ഞ നഖം. സംഹാരാനലഭീഷണൻ=സംഹാരാഗ്നിയെപ്പോലെ ഭയങ്കരൻ. **ശ്ലോകാർത്ഥം.** "ഭയങ്കരമായ ശബ്ദത്തോടുകൂടി എത്തിത്തുവരുന്ന മദയാനയുടെ മസ്തകം തല്ലിപ്പൊളിച്ചുകൊണ്ടും, കഠിനമായ കണ്ഠധ്വനികൊണ്ടു ഭൂമിയെ കിടുകിട വിറപ്പിച്ചുകൊണ്ടും, പർവ്വതവാസിയായ ഈ സിംഹം യാതൊരു മടിയുംകൂടാതെ തല ഉയർത്തിപ്പിടിച്ചുകൊണ്ടു്, അവിടെ വന്നു ചേൎന്നു." സടകൾ=കുഞ്ചിരോമങ്ങൾ. വിടപി=മരം.

900-1000. യദുസുതൻ=യാദവൻ, പ്രസേനൻ. ഭാസുരൻ=ശോഭിക്കുന്ന, പ്രതാപശാലിയായ. കേസരി=സിംഹം.

പഞ്ചാനനൻ=സിംഹം. ചഞ്ചലം=ഇളകിവശായ. തഞ്ചമിള ച്ച്=നിലവിട്ട്. കരയുഗളം=രണ്ടു കയ്യും. സകല........ഭൂതൻ= വാനരസമൂഹത്തിന്ന് അലങ്കാരമായിട്ടുള്ള. സപദി=പെട്ടെന്ന്. ഏകദാ=ഒരിക്കൽ. വനഭുവി=കാട്ടിൽ. ഘനകുതുകം=വർദ്ധി ച്ച കൌതുകം. വികട............രീരൻ=വലിയ രത്നത്തിന്റെ ര ശ്മി (ഒളി) കൂട്ടംകൊണ്ടു ശോഭിക്കുന്ന ശരീരത്തോടുകൂടിയ വൻ. മൃഗപതി=സിംഹം. ഗൃഹാന്തരേ=ഗൃഹങ്ങളുള്ളിൽ. ഒരു കോട്ടിലും=ഒരു മൂലയിൽപോലും. ഉദകക്രിയ=മരിച്ചവരെ ഉ ദ്ദേശിച്ചു ചെയ്യുന്ന ശേഷക്രിയ. വദനം=മുഖം. അളവേ=മുഴ വൻ. അന്തികസീമനി=അടുക്കൽ ശർമ്മം=സുഖം; നല്ലതു്. ക്ലേ ശിക്ക=ബുദ്ധിമുട്ടുക. ചിത്തശ്രമഹരവചനം=മനസ്സിലെ ക്ലേ ശത്തെ നശിപ്പിക്കുന്ന വാക്ക്. നേത്രജലം=കണ്ണീരു്. കഥമ പി = ഒരുവിധത്തിൽ.

1000—1100. തൃഷ്ണ=ആഗ്രഹം. വിത്തം=ധനം. പ്ര കൃതി=അവസ്ഥ. സുകൃതികൾ=നല്ല ആളുകൾ. ഇത്ഥം=ഇങ്ങനെ. അതിഗൂഢം=വളരെ രഹസ്യമായി. കരള=കളവു്; ദൂഷണം. വൃഷളികൾ=ദാസിമാർ. വിഷരൂപികൾ=വിഷംപോലെ ദോ ഷം വരുത്തുന്നവർ. തത്വമിളച്ച്=സത്യാവസ്ഥ മറന്നു്. ഇമ്മി ണി=അല്പം. ഭള്ളു്=അഹങ്കാരം. കൊത്തും കോളും ഒക്കുക=രണ്ടി നും തമ്മിൽ വളരെ യോജിപ്പു കാണുക.

1100—1200. കൈതവം=കളവു്. മത്തു്=കടകോൽ. കുംഭം=കുടം. പേടമൃഗാക്ഷികൾ=പേടമാൻകണ്ണിമാർ; സുന്ദരി കൾ. കാടുകാട്ടുക=വികൃതികാണിക്ക. കട്ടരൻ=നിർദ്ദയൻ. വ ല്ലവി=ഗോപി. മല്ലാക്ഷികൾ=സ്ത്രീകൾ. മല്ലാരാതി=കൃഷ്ണൻ. അ ന്തികസീമനി=അടുക്കൽ. ശില്പമണച്ച്=സന്തോഷം നടിച്ചു്. ചരതം=സൂക്ഷ്മമായി.

1200—1310. അംഗനമാർ=സ്ത്രീകൾ. 'വളയും തളയും' എന്നു തുടങ്ങിയ പത്തു വരികളിൽ സ്ത്രീകൾ ധരിച്ചിരുന്ന പല

തരം ആഭരണങ്ങളെപ്പററിയാണ് പറയുന്നതു്. അവയിൽ പല പേരുകളും ഇന്നുള്ളവർക്കു പുതുമയായിത്തോന്നാനിടയുണ്ടു്. പാട്ടിലുറപ്പിച്ചാർ=ഭദ്രമായി സൂക്ഷിച്ചുവെച്ചു. ഭവനം=വീടു്. നഗരം=പട്ടണം. **സംസ്കൃതത്തിൻെറ അർത്ഥം.** "സത്രാജിത്തിനു് സൂര്യനിൽനിന്നു വിശിഷ്ടമായ ഒരു രത്നം കിട്ടി. ഭാര്യയോ മക്കളോ ചാർച്ചക്കാരോ വേഴ്ചക്കാരോ പണമോ പുണ്യഭോ ഏന്തു വേണമെങ്കിലും അതിൽനിന്നു കിട്ടുമെന്നാണു് കേൾക്കുന്നതു്. വിശിഷ്ടമായ ആ രത്നത്തിനുവേണ്ടി ശ്രീകൃഷ്ണൻ പ്രസേനനെ കൊന്നു എന്നു കേൾക്കുന്നു. ഇതു ശരിയോ തെററോ, ആവോ? ശ്രീകൃഷ്ണൻ വളരെ സത്യവാനാണെന്നാണല്ലോ കേട്ടിരുന്നതു്. രണ്ടായാലും, ഗുണസമ്പന്നന്മാരും ശത്രുക്കളെ സംഹരിക്കുന്നവരും മനുഷ്യർക്കു നന്മചെയ്യുന്നവരും അതിസമർത്ഥന്മാരും ആയ പരമപുരുഷന്മാർക്കു നമസ്കാരം" അച്യുതൻ=കൃഷ്ണൻ. ബന്ധം=കാരണം. ഹിതം=നന്മ, പത്ഥ്യം. കമ്പിരി=വിഷശക്തി. പരിപന്ഥി=ശത്രു.

## രണ്ടാം കളം

1—100. മന്ദന്മാർ=ബുദ്ധിഹീനന്മാർ. ഇതു ബോധിക്കുക=ഇതിൻെറ വാസ്തവസ്ഥിതി മനസ്സിലാക്കുക. അടവി=കാടു്. തുംഗനഖങ്ങൾ=വലിയ നഖങ്ങൾ. കേസരി=സിംഹം. ചോടു്=ചുവടു്; കാലടി. ഭാജനം=പാത്രം, ഇരിപ്പടം. കുലഗൃഹം=തറവാടു്. ആലയം=വീടു്. കുലഗിരിരന്ധ്രപ്രതിനിധി=കുലപർവ്വതങ്ങളിലെ ഗുഹകളെപ്പോലുള്ളതു്. പടുതരഭീക്ഷണം=അത്യന്തം ഭയങ്കരം. ഗുഹാന്തരം=ഗുഹയുടെ ഉൾഭാഗം. ആരാഞ്ഞു്=അന്വേഷിച്ചു്. മണികിരണം=രത്നത്തിൻെറ പ്രഭ. (കിരണം=രശ്മി) ഘണ്ടാപഥം=രാജവീഥി. നിശിതശരൗഘം=മൂർച്ചയുള്ള അമ്പിൻകൂട്ടം. ജൃംഭമാനഗുണൻ=വളരെ സൽഗുണങ്ങളുള്ളവൻ. രൂക്ഷത=കാഠിന്യം. മകുടം=കിരീടം. ഗിരി=പർവ്വതം. സാഗര

ശോഷണഘോഷം=കടൽ വററിച്ചുകളയാനുള്ള ഒരുമ്പാട്ട്. ഉർവ്വി=ഭൂമി. അക്കുലേശൻ=സൂര്യവംശരാജാവ്.

100—200 ചാതുർമ്മാസ്യം=നാലുമാസങ്ങളിലായി അനുഷ്ഠിക്കുന്ന ഒരു വ്രതം. (ആഷാഢമാസം വെളുത്ത പക്ഷത്തിലെ ദശമി മുതൽ, കാർത്തികമാസത്തിലെ വെളുത്ത വാവുവരെയാണ് ഇതിനു വിധിച്ചിട്ടുള്ള സമയം) സാലച്ഛേദം=സാലവൃക്ഷങ്ങൾ മുറിക്കുന്നതു്. ഗാത്രം = ശരീരം. അരുണകബന്ധൻ=ചോരയണിഞ്ഞ് രക്താർണ്ണനായ കബന്ധൻ എന്ന അസുരൻ. അരുണജസഹജൻ=സുഗ്രീവൻെറ സഹോദരൻ, ബാലി; പക്ഷി=ജടായു. വീതായാസം=ക്ലേശമൊന്നും കൂടാതെ. രാവണസോദരി=ശൂർപ്പണഖ. രാക്ഷസനിഗ്രഹസമയം=രാക്ഷസന്മാരെ കൊല്ലാമെന്ന സത്യം. കുംഭജമുനി=അഗസ്ത്യമഹർഷി. ഗുഹാശ്രമസവിധേ=ഗുഹൻെറ ആശ്രമത്തിനടുത്തു്. ഭാർഗ്ഗവൻ=പരശുരാമൻ യാഗത്രാണം=യാഗരക്ഷ. നിധനം=വധം. വിശ്വനൃപാധിപൻ=രാജാധിരാജൻ. പുരഹരവാഹനം=ശിവൻെറ വാഹനം. വൃഷഭേന്ദ്രൻ=കാളക്കൂററൻ. ധ്വനി=ശബ്ദം. കുണ്ഠിതമാക്കുക=നിസ്സാരമാക്കുക. **ശ്ലോകാർത്ഥം** "ജാംബവാൻ, കടുത്ത കൈകളോടും കഠിനമായ ശരീരത്തോടും ഭയങ്കരമായ മുഖത്തോടുംകൂടി ലോകത്തെ മുഴവൻ കിടുകിടെ വിറപ്പിച്ച്, ശത്രുക്കളെ പേടിപ്പിക്കത്തക്കവിധത്തിൽ ഭയങ്കരമായി അലറിക്കൊണ്ട് അവിടെ വന്നുചേർന്നു." കരുത്തൻ=ബലവാൻ. =നടിപ്പ്=കേമനെന്നുള്ള ഭാവം. പടുത്വം=സാമർത്ഥ്യം.

200—300. അരക്കർ=രാക്ഷസർ. തിരിക=മടങ്ങിപ്പോവുക. അടക്കമെന്നിയേ=വിനയം കൂടാതെ. മണിയടക്കുവാൻ=സ്യമന്തകം അപഹരിക്കുന്നതിന്. ലഘു = വേഗത്തിൽ. മനുജൻ=മനുഷ്യൻ. ദനുജൻ = അസുരൻ. അമരൻ=ദേവൻ. പുരവൈരി=ശിവൻ. ഋക്ഷൻ=കരടി; കുരങ്ങൻ. അടൽ കരുതുക=യുദ്ധത്തിനുവരിക. ഉരഗേശൻ=സർപ്പരാജൻ. അങ്കിതം

=അടയാളപ്പെട്ട. കലപെട്ടീടിന=തഴമ്പു വീണിട്ടുള്ള. ഗാത്രം=ശരീരം. കരുമന=ഉപദ്രവം. വക്കാണം=വഴക്ക്; യുദ്ധം. ഉൽകടൻ=മദ്യപാനം ചെയ്തവൻ; ഭ്രാന്തുപിടിച്ചവൻ. അടൽ=യുദ്ധം. ഫണിനായകൻ=അനന്തൻ. നരവരവാനരവീരന്മാർ=നരവരനും വാനരവീരനും. ഉരുതരം=വലിയ. ദൃഢതരം=ഉറക്കെ. രവം=ശബ്ദം. പർവ്വതശിഖരം=മലകളുടെ കൊടുമുടി.

300—400. രടിതം=ശബ്ദം. ഭുവനകടാഹം=ബ്രഹ്മാണ്ഡം. ജലജം=താമര. മലയാചലം=മലയപർവ്വതം. രവം=ശബ്ദം. രവിരുചി=സൂര്യന്റെ ശോഭ. രഭസം=വേഗം. നിഖിലചരാചരനാഥൻ=എല്ലാ ചരാചരങ്ങളുടേയും നാഥൻ; കൃഷ്ണൻ. നിഖിലഭയങ്കരം=എല്ലാവരേയും ഭയപ്പെടുത്തുന്ന. ഋക്ഷേശ്വരൻ=വാനരരാജാവ്. വക്ഷോഭാഗേ=മാർവ്വിൽ. ദക്ഷത=സാമർത്ഥ്യം. ദക്ഷിണപാണി=വലത്തെക്കയ്യ്. ഇക്ഷു=കരിമ്പ്. പക്ഷിവരാസനൻ=ഗരുഡവാഹനൻ, ദുക്ഷിതിപാലകർ=ദുഷ്ടന്മാരായ രാജാക്കന്മാർ. സമക്ഷേ=മുമ്പിൽ. ഇരുമാറ്=രണ്ടുമാറുനീളം. മണിമാല=രത്നമാല. ഉദ്ധതർ=അഭിമാനികൾ. ഇദ്ധാടോപം=വർദ്ധിച്ച ഗർവ്വോടുകൂടി. ക്രുദ്ധത=കോപം. ബന്ധവിമഥനക്ഷുബ്ധം. കടകോൽകെട്ടി കടഞ്ഞ അവസരത്തിൽ ക്ഷോഭിച്ച. ദുഗ്ദ്ധാംബുധി=പാൽക്കടൽ. ഉദ്ധതനാദം=വലിയ ഒച്ച. ധിക്കൃതനിഖിലചരാചരൻ=ചരാചരങ്ങളെയെല്ലാം നിസ്സാരമായി കരുതുന്നവൻ. മർക്കടമകുടശിരോമണി=വാനരരാജാവ് ഉൽകടകഠിനനഖാഗ്രം=കഠിനമായ നീണ്ട നഖങ്ങളുടെ അററം. പിച്ചയിലല്ല=നിസ്സാരമല്ല. മല്ല്=ശക്തി. ദുർവ്വിധവചനം=ദുഷിച്ച വാക്ക്. സർവ്വശിവങ്കരം=എല്ലാവർക്കും നന്മചെയ്യുന്ന. അംബരം=ആകാശം. തുംഗമരാമരം=ഉയർന്ന വന്മരങ്ങൾ. ശിഖരം=കൊമ്പ്.

400—500. ഹരിവരചേടീജനം=ജാംബവാന്റെ ദാസിമാർ. ഹരിവരൻ=വാനരരാജൻ. അളിനിറം=വണ്ടിൻനിറം. കപടനരൻ=മായാമനുഷ്യൻ. കടകം=കൈവള. മകുടം=കിരീടം.

ദാരുണം=ഭയങ്കരം. കറിനാറം=അടുത്ത ദിവസം. സംഗരം=യുദ്ധം. അഷ്ടകുലാചലം=എട്ടു കുലപർവ്വതങ്ങൾ. ഞെട്ടണമെന്നിട്ട് =ഞെട്ടിച്ചോകണമെന്നു വിചാരിച്ച്. കൈടഭമഥനൻ=കൈടഭൻ എന്ന അസുരനെ കീഴടക്കിയവൻ, കൃഷ്ണൻ. വിശ്വങ്ങൾ =ലോകങ്ങൾ. വിശ്വഗുണങ്ങൾ = എല്ലാ സൽഗുണങ്ങളും. അയനീഭൂതം = ആശ്രയമായ. മനോജ്ഞം = മനോഹരം. **ശ്ലോകാർത്ഥം** "ശോഭിക്കുന്ന പൊന്നരഞ്ഞാൺ ധരിച്ചവനും, അഞ്ജനവർണ്ണനും, നീണ്ടുകിടക്കുന്ന മഞ്ഞപ്പട്ടുടുത്തവനും, കെട്ടിവച്ച തലമുടിയിൽ ഇളകിക്കൊണ്ടിരിക്കുന്ന മയിൽപീലി ധരിച്ചവനും, പതുക്കെ കിലുങ്ങുന്ന പൊൻവളകൾ കൈകളിലണിഞ്ഞവനും, ആരേയും സന്തോഷിപ്പിക്കുന്ന പുഞ്ചിരിതൂകുന്നവനും, പൂനിലാവുപോലുള്ള ശോഭ നാലുപാടും വിതറുന്ന മുഖചന്ദ്രനോടുകൂടിയവനും ആയ ശ്രീകൃഷ്ണനെ ജാംബവാൻ കണ്ടു." നീലപയോധരജാലം=കാർമേഘക്കൂട്ടം. തണ്ടാർമണം=താമരപ്പൂക്കളുടെ സുഗന്ധം. തണ്ടാർമാനിനി=ലക്ഷ്മി. കൊണ്ട=കേശപാശം. കുവലയകലിതം=കരിങ്കുവളപ്പൂവിനോടു തുല്യം.

500—600 തിലകുസുമം=എള്ളിൻപൂവ്. (എള്ളിൻ പൂവിനോടു കലഹിക്കുന്ന=എള്ളിൻപൂപോലെയുള്ള) ചൊടി=ചുണ്ട്. ഗണ്ഡസ്ഥലം=കവിൾത്തടം. ഒളിമിന്നീടിന=ശോഭിക്കുന്ന. ഒളി=ശോഭ. മധുരസുധാകരബിംബം=മനോഹരമായ ചന്ദ്രബിംബം. വിധുരത=വല്ലായ്മ. ഗളം=കഴുത്ത്. ലക്ഷ്മീകുച........ലക്ഷിതം=മഹാലക്ഷ്മിയുടെ സ്തനങ്ങളിലുള്ള കുങ്കുമരേഖകൊണ്ടു അങ്കിതം. വക്ഷോഭാഗേ=മാറിടത്തിൽ. ഭുജഗ............ജിതം =സർപ്പശരീരത്തിൽ ശോഭിക്കുന്ന. ഭുജയുഗളം=രണ്ടു കൈകൾ കൃശതരം=വളരെ ചടച്ച. ഉദരം=വയറ്. ജഘനം=അരക്കെട്ടിന്റെ മുൻഭാഗം. പീതദുകൂലം=മഞ്ഞപ്പട്ട്. കുംഭികരം=തുമ്പിക്കൈ. ശക്രാദികൾ=ഇന്ദ്രാദികൾ. അർച്ചിതം=പൂജിക്കപ്പെട്ടതു് പൂർണ്ണാനന്ദപയോധിസലിലെ=ആനന്ദസമുദ്രത്തിലെ ജലത്തിൽ. പുളകപാളി=രോമാഞ്ചക്കൂട്ടം കുന്ദസുന്ദരമന്ദഹാസൻ=കുരുക്കുത്തി

മുല്ലപോലെ മനോഹരമായ പുഞ്ചിരിയോടുകൂടിയവൻ. ചഞ്ചലായതചാരു ലോചനൻ=ഇളകിക്കൊണ്ടിരിക്കുന്നതും നീണ്ടതും മനോഹരവുമായ കണ്ണുകളുള്ളവൻ. ജൃംഭതേ=വൎദ്ധിക്കുന്നു. അമിതാനന്ദം=വൎദ്ധിച്ച സന്തോഷത്തോടുകൂടി.

600—700 സഹജൻ=അനുജൻ. തൃഷ്ണ=ആഗ്രഹം. അംബുജമുഖി=താമരപ്പൂപോലെ മനോഹരമായ മുഖത്തോടുകൂടിയവൾ. അംബുജനാഭൻ=പത്മനാഭൻ, കൃഷ്ണൻ. അംബരചരപുരസുന്ദരിമാർ=ദേവസ്ത്രീകൾ. ഡംബരം=അഹങ്കാരം വൃത്രാരാതിസഹോദരൻ = ശ്രീകൃഷ്ണൻ. ഉരുത്രാസം = ഉള്ളിലെ പേടി. സത്രപം=ലജ്ജയോടുകൂടി. ഗഹനം=കാടു്. കോടു്=മൂല; ഭാഗം. കുഞ്ജരബലൻ=ആനയെപ്പോലെ ബലവാൻ. കാന്താരം = കാടു്. ഭാനുകരേണ=സൂൎയ്യന്റെ കൈകൊണ്ടു്. (ഭാനുവരേണ എന്നായാൽ പാഠം കുറച്ചുകൂടി നന്നാകും) തുഷ്ടി=സന്തോഷം. നഷ്ടം=നശിച്ചതു്. ഇഷ്ടി=യാഗം. യഷ്ടിജനം=ഭോഷന്മാർ. സകലനിശാചരശോഷണൻ=രാക്ഷസവംശത്തെ ശോഷിപ്പിച്ചവൻ.

700-800. പശ്ചാത്തപവിഷണ്ണത=പശ്ചാത്താപംകൊണ്ടുണ്ടായ വിഷാദം. അനുഗുണം=എന്റെ അഭിപ്രായത്തോടു യോജിച്ച. അനുമതം=ഹിതം. ദാനവസൂദനൻ=അസുരന്മാരെ നശിപ്പിച്ചവൻ, ശ്രീകൃഷ്ണൻ. പങ്കജമുകുളം=താമരമൊട്ടു്. അങ്കംപൊരുതുക=പടവെട്ടുക. കങ്കേളിദളങ്ങൾ=അശോകത്തളിരുകൾ. കാഞ്ചി = അരഞ്ഞാൺ. കാഞ്ചീസദനം=അരക്കെട്ടു്. ബാലജനങ്ങൾ=കുട്ടികൾ. അതിരമ്യം=വളരെ മനോഹരം.

800-900. കോടി=മേൽപ്പുരയുടെ കോണു്. കോടിപ്പോവുക=ചെരിയുക. കോടുകൾ=ഒഴിഞ്ഞ കോണുകൾ. കോടരുതു്=ബുദ്ധിമുട്ടാൻ ഇടവരരുതു്. മത്തു്=കടകോൽ. കഴല=കൂട്ടാനും മറ്റും എടുത്തു വിളമ്പാനുപയോഗിക്കുന്ന മരംകൊണ്ടുള്ള ഒരുതരം പാത്രം. ദനുജമഥനപുരം=ദ്വാരക. പുനരപി=പിന്നെയും. വിപ്രന്മാർ=ബ്രാഹ്മണർ. വളഭി=മട്ടുപ്പാവു്. എന്നാറസ്സൽ=അപ്പോൾ. (ദേശ്യം)

900-1000. ഉററവർ=സ്നേഹമുള്ളവർ. മഹീസുരേശ്വരർ=ബ്രാഹ്മണശ്രേഷ്ഠർ. വിഹീനസംഭ്രമം=സംഭ്രമംകൂടാതെ. യാദവമഹീശമന്ദിരം=യദുവംശരാജാവിൻെറ കൊട്ടാരം. പദസരോരുഹം=ചരണകമലം. ചന്ദനവിടപി=ചന്ദനമരം. തൈവാരികം=ഈശ്വരസേവകന്മാർ; ഇവിടെ പരിചാരകന്മാർ എന്നാണർത്ഥം. വാട=അതിത്തി. കാട്ടുകം കാട്ടുക=കൊള്ളരുതായ്മകം കാണിക്കു. ചേടന്മാർ=ഭൃത്യന്മാർ. കുരണ്ടമാലകം=കുറഞ്ഞിപ്പൂക്കംകൊണ്ടുണ്ടാക്കിയ മാലകം.

1000-1258. സുവർണ്ണനൂപുരനികരം=പൊൻചിലമ്പിൻകൂട്ടം. പ്രമോദം=സന്തോഷം. ഭൂമിസുരന്മാർ=ബ്രാഹ്മണർ. ജാംബൂനദം=സ്വർണ്ണം. പാവകൻ=അഗ്നി. പാവനം=പരിശുദ്ധം. പചിക്ക=പാചകംചെയ്യു. പട്ടന്മാരുടെ വെപ്രാളത്തെപ്പററി വർണ്ണിച്ചിട്ടുള്ള ഭാഗം പ്രത്യേകം ശ്രദ്ധേയമാണു്. തേച്ചുകുളി, അടുക്കളയിലെ തിരക്കം, വെററിലമുറുക്കിൽപോലും കാണിക്കുന്ന പിശുക്കും വഴക്കും, സദ്യയ്ക്കു സ്ഥലംപിടിക്കുന്ന കാര്യത്തിൽപോലുമുള്ള തിക്കും തിരക്കും, ഊണിൻെറ ബഹളം, ഭോജനപ്രിയത്വം, അവിടെയും കാശു സമ്പാദിക്കാൻ വഴിയുണ്ടാക്കുന്ന സമ്പ്രദായം, ഒരു സ്ഥലത്തും ഒരിക്കലും വിട്ടുപിരിയാത്ത ആ ഭാഷ —എന്നുതുടങ്ങി ആ കൂട്ടരെ സംബന്ധിച്ച നമ്പ്യാർക്കു പറയാനുള്ളതെല്ലാം ഈ ഭാഗത്തു് ഒന്നിച്ചു പറഞ്ഞിട്ടുണ്ടു്. ആകപ്പാടെ ചിരിക്കാൻ ഒരവസരമുണ്ടാക്കണമെന്നുള്ളതിൽകവിഞ്ഞ വല്ല ഉദ്ദേശവും കുഞ്ചൻനമ്പ്യാർക്കുണ്ടായിരുന്നു എങ്കിൽ അതു്, അവതാരികയിൽ സൂചിപ്പിച്ചതുപോലെ പരിഹാസ്യങ്ങളായ സ്വഭാവദൂഷ്യങ്ങൾ പരിഹരിച്ചു് ആ സമുദായത്തിലെ അത്തരം ആളുകളെ നന്നാക്കി എടുക്കണമെന്നുള്ള സദുദ്ദേശം മാത്രമായിരിക്കാനേ ഇടയുള്ളൂ. ഗോസായികളുടെ സംഭാഷണത്തിലെ ഭാഷ ശുദ്ധമാണെന്നു പറയാൻ നിവൃത്തിയില്ല. നമ്പ്യാർക്കു കിട്ടിയ വികലമായ ഹിന്ദിഭാഷാജ്ഞാനം ഉപയോഗിച്ചു് അദ്ദേഹം ഏതാനും വരികം എഴുതിച്ചേർത്തു എന്നു

മാത്രമേ വിചാരിക്കാൻ നിവൃത്തിയുള്ളു. താഴെ പറയുന്ന ആശയമായിരിക്കണം നമ്പ്യാർ ആ സംഭാഷണത്തിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ളതു്. "ശ്രീരാമൻ ജയിക്കട്ടെ! നിങ്ങളുടെ സ്വദേശം ഏതാണു്? എന്റെ സ്വദേശം കാശിയാണു്. നിങ്ങൾ എവിടെയാണു് താമസിക്കുന്നതു്? സാക്ഷാൽ ശ്രീരാമനിൽതന്നെയാണു് ഞങ്ങൾ താമസിക്കുന്നതു്. നല്ലവെള്ളം തരിക. ഇലയിട്ടു് പൂരി, കറി, പഴം മുതലായതു വിളമ്പുക. വെററില മുറുക്കാനുള്ള സാധനങ്ങൾ കൊണ്ടുവരിക. എന്റെ വയറു് ഇപ്പോൾ പരബ്രഹ്മംപോലെ ആനന്ദപൂർണ്ണമായിരിക്കുന്നു. ഞങ്ങൾ ഇതാ, വീണ്ടും സഞ്ചാരത്തിനായി പുറപ്പെടുന്നു."

# ചില ചോദ്യങ്ങൾ

I "ചുററുപാടുകളെ വിസ്മരിച്ചു കവിതയെഴുതാൻ കുഞ്ചൻനമ്പ്യാർക്കു സാധിച്ചിരുന്നില്ല." ഈ അഭിപ്രായം സമർത്ഥിക്കുക.

II "നമ്പ്യാരുടെ കവിതയ്ക്കു ജീവൻ നല്കുന്നതു ഫലിതമാണു്." വിവരിക്കുക.

III "കുഞ്ചൻനമ്പ്യാർക്കു് ഏതു തുള്ളലിലും കേരളത്തിലെ കാര്യങ്ങൾ പ്രസ്താവിച്ചേ തീരൂ" ഈ അഭിപ്രായത്തിന്റെ സാധുത്വം സ്യമന്തകം തുള്ളലിനെ ആസ്പദമാക്കി പരിശോധിക്കുക.

IV ചാക്യാരുമായുള്ള രസക്കേടിൽനിന്നാണു് തുള്ളൽരീതി ആവിർഭവിച്ചതു് എന്ന ഐതിഹ്യം എത്രമാത്രം വിശ്വസനീയമാണെന്നു പരിശോധിക്കുക.

V "ശൈലികളെക്കൊണ്ടു് അർത്ഥപുഷ്ടിയും പഴഞ്ചൊല്ലുകളെക്കൊണ്ടു ചമൽകാരഭംഗിയും വരുത്തുവാൻ കുഞ്ചൻനമ്പ്യാർക്കുള്ള സാമർത്ഥ്യം അന്യാദൃശമാണു്." ഉദാഹരണങ്ങൾ കാണിച്ചു് ഈ അഭിപ്രായം സമർത്ഥിക്കുക.

VI കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകൾ വിവരിച്ചു് 'സ്യമന്തക'ത്തിൽനിന്നു് ഒരോന്നിനും ഉദാഹരണം പറയുക.

VII "സമുദായശരീരത്തിൽ പിടിപെട്ടിരുന്ന പലതരത്തിലുള്ള അനാചാരരോഗങ്ങളെ ചികിത്സിച്ചു മാററുന്നതിനായിട്ടാണു് നമ്പ്യാർ പരിഹാസശസ്ത്രം കൈയിലെടുത്തതു്." ഈ അഭിപ്രായം ശരിയാണോ? ഉപപാദിക്കുക.

## I–ാം ചോദ്യത്തിനുത്തരം

നമ്മുടെ കവികളിൽ അധികംപേരും ഭാവനാലോകത്തിൽ സഞ്ചരിക്കുന്നവരത്രെ. ലോകത്തിൽ സാധാരണമായി കാണാത്തവരും ഓരോ വിഷയത്തിലും മാതൃകാഭൂതന്മാരുമായ ഒരുതരം കഥാപാത്രങ്ങളെ സൃഷ്ടിച്ച് അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുന്നതാണ് കവികൾക്കു കൂടുതൽ ഇഷ്ടം. അടുത്തകാലംവരെ കേരളത്തിലെ കവിതാരീതിയും ഇത്തരത്തിലുള്ള ഒന്നായിരുന്നു. പുരാണകഥകളെ തിരിച്ചും മറിച്ചും പ്രതിപാദിച്ച കവിതയെ രീതി പരിചയിച്ച പാരമ്പര്യത്തിൽനിന്നു സിദ്ധിച്ചതായിരിക്കാം ഈ സ്വഭാവം. അതെങ്ങനെയായാലും, തങ്ങളുടെ ചുററുപാടുകളെ തീരെ വിസ്മരിച്ചോ അവഗണിച്ചോ സങ്കല്പലോകത്തിൽ യഥേഷ്ടം വിഹരിക്കുന്നതിനു അവർ കാണിച്ച പാടവം അസാധാരണമായിരുന്നു എന്നു സമ്മതിക്കേണ്ടി തീരു.

ഈ അടുത്തകാലത്തുമാത്രമാണ് ആ രീതിക്ക് ഒരു മാററം വന്നത്. തങ്ങൾ ജീവിക്കുന്ന യഥാർത്ഥലോകത്തെ വിസ്മരിച്ച് സങ്കല്പസൃഷ്ടമായ ഭാവനാലോകത്തിൽമാത്രം വിഹരിക്കുന്നത്—ദരിദ്രരും ദുഃഖിതരും പീഡിതരുമായ അനവധി ആളുകൾ തങ്ങളുടെ ചുററും സജീവരായി വർത്തിക്കുമ്പോൾ അവരെ തീരെ വിസ്മരിച്ച് ആരും എങ്ങും കാണാത്ത ഒരുതരം സുഖലോലുപന്മാരെ കഥാപാത്രങ്ങളായി സ്വീകരിക്കുന്നത്—ഒരുതരം അസ്വാഭാവികമായ പ്രവൃത്തിയാണെന്നുള്ള ബോധം ചില കവികൾക്കുണ്ടായതിന്റെ ഫലമായിട്ടാണ് ഈ മാററം സംഭവിച്ചത്. ധീരോദാത്തന്മാരായ രാജാക്കന്മാരെ മാത്രമേ നായകന്മാരായി സ്വീകരിച്ചുകൂടു എന്നുള്ള ആലങ്കാരികനിയമം മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്ന ചില പഴമക്കാർ, ദരിദ്രരേയും ദുഃഖിതരേയും നായകസ്ഥാനത്ത് അവരോധിച്ചുകൊണ്ടുള്ള ഈ പുതിയ സാഹിത്യസൃഷ്ടിയെ ഇന്നും കഠിനമായി എതിർത്തുകൊണ്ടിരിക്കുന്നുണ്ട്. ചുററുപാടുകൾക്കു കവിതയിൽ യാതൊരു സ്ഥാ

നവും കല്പിക്കേണ്ട ആവശ്യമില്ലെന്നാണ് അവരുടെ വാദം. വിദേശീയസാഹിത്യത്തിൻെറ കോളിളക്കം കൊട്ടമ്പിരിക്കൊണ്ടിരിക്കുന്ന ഈ ഇരുപതാം നൂററാണ്ടിൽപോലും നമ്മുടെ സാഹിത്യകാരന്മാർ ഇത്ര യാഥാസ്ഥിതികന്മാരായി കാണപ്പെടുന്നുണ്ടെങ്കിൽ, ഒന്നുരണ്ടു നൂററാണ്ടുകൾക്കു മുൻപിലുണ്ടായിരുന്ന സ്ഥിതി എന്തായിരിക്കണമെന്നു നമുക്ക് എളുപ്പത്തിൽ ഊഹിക്കാം. അങ്ങനെയുള്ള ഒരു കാലത്ത്—സാഹിത്യലോകത്തിൽ യാഥാസ്ഥിതികന്മാരുടെ പ്രാബല്യവും പ്രാമാണ്യവും നിർബ്ബാധം വിഹരിച്ചിരുന്ന ഒരു കാലത്ത്—ആവക പഴയ സാഹിത്യനിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് തൻെറ ചുററുപാടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുവാൻ ധൈര്യപ്പെട്ട കുഞ്ചൻനമ്പ്യാർ സാഹിത്യത്തിൽ ഒരു വലിയ പരിവർത്തനംതന്നെയാണുണ്ടാക്കിയതു് എന്നുള്ളതിനു സംശയമില്ല. പക്ഷേ, പുരാണകഥകളെ ഉപേക്ഷിക്കാൻ അദ്ദേഹവും ധൈര്യപ്പെട്ടില്ല. ജനസാമാന്യം പുരാണങ്ങളുമായി താദാത്മ്യം പ്രാപിച്ചിരുന്ന സ്ഥിതിക്കു് അക്കാര്യത്തിൽ പെട്ടെന്നു് ഒരു സമൂലപരിവർത്തനത്തിനു പുറപ്പെടുന്നതു് പരാജയത്തിനു കാരണമായിത്തീരുമെന്നു ഭയപ്പെട്ടിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം അതിനു പുറപ്പെടാതിരുന്നതു്. പുരാണകഥകളുടെ പശ്ചാത്തലത്തിൽ കേരളീയ ജനസമുദായത്തിൻെറ ചിത്രം വരയ്ക്കുകയാണു് നമ്പ്യാർ വാസ്തവത്തിൽ ചെയ്തിട്ടുള്ളതെന്നു് തുള്ളലുകളുമായി അല്പമെങ്കിലും അടുത്തുപരിചയപ്പെട്ടിട്ടുള്ളവരോടു പ്രത്യേകം പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. ഇങ്ങനെ എല്ലാംകൊണ്ടും നിരങ്കുശനായി സാഹിത്യനിർമ്മിതി നിർവ്വഹിച്ച കുഞ്ചൻനമ്പ്യാരെ വാനോളം പുകഴ്ത്തുന്ന ആളുകൾതന്നെ, ഇന്നത്തെ യുവകവികൾ ചില സ്വാതന്ത്ര്യങ്ങൾ പ്രയോഗിക്കാൻ പുറപ്പെട്ടാൽ അതിനെ കർക്കശമായി നിരൂപണം ചെയ്യാൻ പുറപ്പെടുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഇന്നത്തെ സാഹിത്യകാരന്മാർ ഏതുദ്ദേശത്തോടുകൂടിയാണോ ചുററുപാടുകളെ സാഹിത്യത്തിൽ ചിത്രീകരി

ക്കുന്നതു്, അതേ ഉദ്ദേശംതന്നെയാണ്—സമുദായപരിഷ്കരണമെന്ന അതേ ഉദ്ദേശംതന്നെയാണ്—നമ്പ്യാർക്കും ഉണ്ടായിരുന്നതെന്നുള്ളതും ഈ അവസരത്തിൽ സ്മരിക്കേണ്ടതായിട്ടുണ്ടു്.

പുറമപാട്ടുകളെ കവിതയിൽ ചിത്രീകരിക്കുന്നതിൽ കുഞ്ചൻനമ്പ്യാർ പ്രയോഗിച്ച സ്വാതന്ത്ര്യം അത്ര നിസ്സാരമാണെന്നു പറയാനും നിവൃത്തിയില്ല. ദേശലംഘനം, കാലലംഘനം, സമുദായാചാരലംഘനം, എന്നുതുടങ്ങിയ പേരുകളിൽ ഓരോ കവിതാദോഷങ്ങളായി സാഹിത്യാചാര്യന്മാർ കണക്കാക്കിയിട്ടുള്ള പല വൎണ്ണനകളും നമ്പ്യാരുടെ തുള്ളലുകളിൽ സുലഭങ്ങളത്രെ. ദ്വാരകയോ കണ്ഡിനമോ, സ്വൎഗ്ഗമോ നരകമോ, എന്തുതന്നെയായാലും കൊള്ളാം, നമ്പ്യാർ വൎണ്ണിച്ചാൽ അതിനു കേരളത്തിന്റെ ഒരു ഛായ വന്നുചേരാതിരിക്കയില്ല. കഞ്ചാവും പുകയിലയും വാങ്ങാൻ തോക്കും തുമ്പയും പണയം വെക്കുന്ന നായന്മാരാണ് നമ്പ്യാരുടെ കൌരവസൈന്യത്തിലും യാദവസൈന്യത്തിലും ഉള്ളതു്.

സ്യമന്തകം തുള്ളലിലും ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. രത്നവുംകൊണ്ടു ദ്വാരകയിലേക്കു ചെന്ന സത്രാജിത്തിനെ കാണാൻ തിരക്കുകൂട്ടുന്ന സ്ത്രീകളും പുരുഷന്മാരുമൊക്കെ കേരളീയരാണ്. ഇച്ചിരിയമ്മ, കുഞ്ഞിക്കാവു്, നീലിപ്പെണ്ണു്, കേളച്ചാർ, കണ്ടച്ചാർ, ചാത്തൻ, കോരൻ എന്നിവരൊക്കെ അക്കൂട്ടത്തിൽ പെടും. സ്ത്രീകളിൽ ഓരോരുത്തർക്കും തങ്ങളുടെ ഭൎത്താക്കന്മാരായ നായന്മാരെപ്പററി പലതും പറയാനുണ്ടു്. കേരളത്തിലെ ഒരു ഉൾനാട്ടിൽ സ്ത്രീകൾ തമ്മിൽ നടക്കുന്ന ഒരു സംഭാഷണമായിട്ടാണ് നമുക്കതനുഭവപ്പെടുന്നതു്.

പ്രസേനന്റെ നായാട്ടു പരിശോധിക്കുക. അവിടെയും നായന്മാരുടെ ബഹളംതന്നെ. "നായാട്ടെന്നതു കേൾക്കുന്നേരം നായന്മാൎക്കൊരുത്സവമല്ലോ" എന്നു പറഞ്ഞുകൊണ്ടാണ് ആ ഭാഗം ആരംഭിക്കുന്നതുതന്നെ. കണ്ടച്ചാരും കേളച്ചാരും വെള്ള

മ്പനും കരിമ്പനും ഒക്കെ അവിടെയുമുണ്ട്. കൊട്ടാരത്തിലെ കൊച്ചുപണിക്കർ വേട്ടയ്ക്കു പുറപ്പെടണമെങ്കിൽ, പെട്ടിയെടുക്കാൻ പട്ടരും, കാലുതിരുമ്മാൻ നായരും, സഞ്ചിയെടുക്കാൻ പൊതുവാളും കൂടെ വേണമെന്നാണ് നമ്പ്യാർ പറയുന്നതു്. ദ്വാരകയിലെ പ്രസേനന്റെ നായാട്ടിനെപ്പററി പറയുന്ന ഭാഗത്തിലാണ് ഇതൊക്കെ നമ്പ്യാർ തട്ടിമൂളിക്കുന്നതെന്നോർക്കണം.

ശ്രീകൃഷ്ണന്റെ വിവാഹമഹോത്സവത്തിന്റെ കഥയും ഇതിനേക്കാൾ വിചിത്രമാണ്. തങ്ങളെ സ്നേഹിക്കാത്ത നായന്മാരെപ്പററി സങ്കടംപറയുന്ന അച്ചികൾ അവിടെയും ഉണ്ടു്. വിവാഹത്തിനു വന്നുചേർന്നവരുടെ കൂട്ടത്തിൽ "അക്കിത്തിരിമാർ ചോമാതിരിമാർ ചൊല്ലേണ്ടീടിന പട്ടേരികൾ" എന്നിവരൊക്കെപ്പെടും. പാചകന്മാരൊക്കെ നമ്പൂതിരിമാരാണ്. സദ്യയ്ക്കുവന്നു ബഹളംകൂട്ടുന്ന പട്ടന്മാർക്കു കണക്കില്ല. അബ്ബൻ, സുബ്ബൻ, വെങ്കിട്ടരാമൻ, സീതാരാമൻ, കളത്തൂരാൻ, മണിയാസ്സാമി എന്നൊക്കെയാണ് അവരുടെ പേരുകൾ. പച്ചടി, കിച്ചടി, എരിശ്ശേരി, നാരങ്ങാക്കറി, ചക്കപ്രഥമൻ മുതലായവയാണ് സദ്യവട്ടങ്ങൾ. അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന ഒരു തൃത്താലിചാത്തിന്റെ പ്രതീതിയാണ് ഇതൊക്കെ വായിക്കുമ്പോൾ നമുക്കുണ്ടാവുക.

നമ്പ്യാരുടെ കേരളീയത്വത്തിന്നു് സ്യമന്തകത്തിൽനിന്നു തന്നെ ഇനിയും ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ കഴിയും. നമ്പ്യാർക്കു പരിചയപ്പെട്ട സമുദായങ്ങളിലും വർഗ്ഗങ്ങളിലും പെട്ട വ്യക്തികളുടെ ഛായ, അറിഞ്ഞോ അറിയാതെയോ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലും പകർന്നിട്ടുണ്ടു്. വർണ്ണനീയവിഷയമായ ദേശകാലാദികൾ ഏതൊക്കെയായാലും, നമ്പ്യാർക്കു പരിചയപ്പെട്ട ദേശവും കാലവുമായിട്ടാണ് അതു തുള്ളലുകളിൽ രൂപമെടുത്തിട്ടുള്ളതു്. "ചുററുപാടുകളെ വിസ്മരിച്ചു കവിതയെഴുതാൻ കുഞ്ചൻനമ്പ്യാർക്കു സാധിച്ചിരുന്നില്ലെ"ന്നാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

## V-ാം ചോദ്യത്തിനുത്തരം

ഓരോ ഭാഷയ്ക്കും പ്രത്യേകതരത്തിലുള്ള ചില പ്രയോഗ വിശേഷങ്ങളുണ്ടായിരിക്കും. വാച്യമായ അർത്ഥത്തിനല്ല, വ്യംഗ്യമോ ലക്ഷ്യമോ ആയ അർത്ഥത്തിനായിരിക്കും മിക്കപ്പോഴും അവയിൽ പ്രാധാന്യം. ഇങ്ങനെയുള്ള പ്രയോഗവിശേഷങ്ങൾക്കാണ് ശൈലികൾ എന്നു പറഞ്ഞുവരുന്നത്. ചില പ്രത്യേകാർത്ഥങ്ങളിൽ പറഞ്ഞു ശീലിച്ചവ എന്നർത്ഥം. ശൈലികളുടെ ഉത്ഭവം പലതരത്തിലായിരിക്കും. പുരാണകഥകളിൽ നിന്നുണ്ടായവതന്നെ ധാരാളമുണ്ട്. 'ഉർവ്വശീശാപം ഉപകാരം'—'വിണ്ടേടം വിഷ്ണുലോകം'—'വിശ്വാമിത്രസൃഷ്ടി' മുതലായവ നോക്കുക. സമുദായാചാരം, മൃഗങ്ങളുടെ സ്വഭാവവിശേഷം എന്നിത്യാദികളിൽ നിന്നുണ്ടായ ശൈലികളും അപൂർവ്വമല്ല.

ശൈലികളെപ്പോലെതന്നെ ഭാഷയിൽ പ്രാധാന്യത്തെ അർഹിക്കുന്ന ചില പ്രയോഗവിശേഷങ്ങളാണ് പഴഞ്ചൊല്ലുകളും. പഴയ കാലംമുതല്ക്കുതന്നെ പരമ്പരയാ പറഞ്ഞുവരുന്ന ചൊല്ലത്രേ പഴഞ്ചൊല്ല്. ചിരപരിചയംകൊണ്ടുണ്ടായ അനുഭവജ്ഞാനമാണ് പഴഞ്ചൊല്ലുകളുടെ ഉത്ഭവസ്ഥാനം. അത്തരം അടിയുറച്ച അനുഭവങ്ങളിൽ നിന്നുണ്ടായവയും പല തലമുറകളായി പരമ്പരയാ പറഞ്ഞുപോന്നതുകൊണ്ടു പ്രചുരപ്രചാരം സിദ്ധിച്ചവയുമായ പഴഞ്ചൊല്ലുകൾ മററു ഭാഷകളിലെന്നപോലെ മലയാളഭാഷയിലും അനവധിയുണ്ട്.

ഈ ശൈലികളും പഴഞ്ചൊല്ലുകളും സാഹിത്യത്തിൽ മാത്രമല്ല, സംഭാഷണത്തിലും അധികാരശക്തി ചെലുത്താറുണ്ട്. നാം സംസാരിക്കുമ്പോൾ തന്നത്താനറിയാതെതന്നെ സന്ദർഭോചിതമായി പല ശൈലികളും പഴഞ്ചൊല്ലുകളും പറയാറുണ്ടല്ലോ. സംസാരിക്കുന്നകാര്യം ശക്തിയോടുകൂടി ശ്രോതാവിന്റെ മനസ്സിൽ പതിയുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യാറുള്ളത്. വളരെ വാക്യങ്ങളെക്കൊണ്ടു പറഞ്ഞു സാധിക്കാവുന്ന ഒരു കാ

ഴ്ച്ചം ഒരൊററ പഴഞ്ചൊല്ലുകൊണ്ടു സൂചിപ്പിക്കുവാൻ കഴിയും. 'കുരുഷ്ഷം പട്ടി കടിയ്ക്കുയില്ല.'—'കരയുന്ന പിള്ളയ്ക്കേ മുലയുള്ളൂ'. —മുതലായ പഴഞ്ചൊല്ലുകൾ നോക്കുക. അത്ഥപുഷ്ടിമാത്രമല്ല, ചമൽക്കാരഭംഗിയുംകൂടി ഈ വക പ്രയോഗവിശേഷങ്ങളിൽ നിന്നു സിദ്ധിക്കുന്നു.

ശൈലികൾക്കും പഴഞ്ചൊല്ലുകൾക്കുമുള്ള ഈ ശക്തിവിശേഷം വേണ്ടപോലെ മനസ്സിലാക്കി, സന്ദർഭോചിതമായി അവയെ പ്രയോഗിച്ച്, വായനക്കാരെ ആകർഷിക്കാൻ ശ്രമിച്ചിട്ടുള്ള ഭാഷാകവികളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു് കുഞ്ചൻനമ്പ്യാരത്രേ. അദ്ദേഹത്തിൻെറ ഏതു തുള്ളലെടുത്തു പരിശോധിച്ചാലും ഈ പരമാത്ഥം വെളിപ്പെടും. നമുക്കു് 'സ്യമന്തകം'തന്നെ പരിശോധിക്കാം. 'പട്ടിയുടെ വാലുപോലെ' എന്ന ഒരു പഴഞ്ചൊല്ലു് ഭാഷയിലുണ്ടല്ലൊ. സഹജമായ സ്വഭാവം മാററാൻ സാദ്ധ്യമല്ല എന്നത്ഥത്തിലാണു് അതുപയോഗിക്കാറുള്ളതു്. 'രത്നം അപഹരിക്കാൻവേണ്ടി ശ്രീകൃഷ്ണൻ പ്രസേനനെ കൊല്ലിച്ചതായിരിക്കാം' എന്നു് സത്രാജിത്തിനുണ്ടായ നേരിയ സംശയം, വെള്ളത്തിൽവീണ എണ്ണത്തുള്ളിപോലെ പരന്നുതുടങ്ങിയ അവസരത്തിൽ, ശ്രീകൃഷ്ണൻെറ ബാല്യപ്രകൃതിയെപ്പററി ജനങ്ങൾ പറയുന്ന ഒരു ഘട്ടമുണ്ടു്. "മോഷണം ചെറുപ്പത്തിൽതന്നെ തുടങ്ങിയതല്ലേ? ആ സ്വഭാവമുണ്ടോ മാറാൻപോകുന്നു.?" എന്നു പറയുന്ന ഘട്ടത്തിൽ കവി ജനങ്ങളെക്കൊണ്ടു് "ആയിരവഷം കുഴലിലിരുന്നൊരു നായുടെ വാലു വളഞ്ഞേ തീരൂ." എന്നുകൂടി പറയിക്കുന്നു. അതു സന്ദഭത്തിൽ എത്രമാത്രം യോജിച്ചിരിക്കുന്നു എന്നു നോക്കുക. മാത്രമോ? കൃഷ്ണൻ വളന്നു് ഇന്നു ദ്വാരകാധിപതിയായിത്തീന്നിട്ടുണ്ടെങ്കിലും, പണ്ടത്തെ ആ സ്വഭാവം വേണ്ടിവന്നാൽ തലപൊക്കാതിരിക്കയില്ലെന്നും, അതുകൊണ്ടു്, ഇന്നത്തെ സ്ഥിതി മാത്രം നോക്കി ശ്രീകൃഷ്ണൻ അതു ചെയ്തിരിക്കയില്ലെന്നു വിധിക്കുന്നതു ശരിയല്ലെന്നും ഉള്ള ഒരത്ഥംകൂടി ഈ പഴഞ്ചൊല്ലിൽ

DHARMA ... LIBRARY BANGALORE. 19389

നിന്നു ധ്വനിക്കുന്നുണ്ടു്. "തട്ടും കൊട്ടും ചെണ്ടയ്ക്കും കിട്ടും പ ണമതു മാരാന്മാർക്കും" എന്ന പഴഞ്ചൊല്ലും ഇതുപോലെ സന്ദ ർഭോചിതമായിത്തന്നെയാണു് നമ്പ്യാർ പ്രയോഗിച്ചിട്ടുള്ളതു്. "തപസ്സുചെയ്തു പട്ടിണികിടക്കാനും കഷ്ടപ്പെടാനും താൻ; രത്നം കിട്ടിയപ്പോൾ അതാവശ്യപ്പെടാൻ ശ്രീകൃഷ്ണനും" എന്നു പറയു ന്ന സന്ദർഭത്തിൽ സത്രാജിത്തിനെക്കൊണ്ടാണു് നമ്പ്യാർ ഇതു പറയിക്കുന്നതു്. ആ സന്ദർഭത്തിൽ ആ പഴഞ്ചൊല്ലിനുള്ള അ ർത്ഥപുഷ്ടിയെപ്പററി പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. "വേ ലികൾതന്നേ വിളവു മുടിച്ചാൽ കാലികളെന്തു നടന്നീടുന്നു" എന്നു തുടങ്ങി വേറെയും ചില പഴഞ്ചൊല്ലുകൾ സ്യമന്തക ത്തിൽ കാണാം.

പഴഞ്ചൊല്ലുകളുടെ കഥയാണല്ലോ ഇതുവരെ പ്രസ്താവിച്ച തു്. ശൈലികളുടെ കഥയും ഇതിൽനിന്നു വ്യത്യസ്തമല്ല. ആന കളിക്കുക, പാളയെടുക്കുക, കാടുകാട്ടുക മുതലായ അനേകം ശൈ ലികൾ സ്യമന്തകത്തിൽ കാണാം. കളിയാക്കുക, പിച്ചതെണ്ടുക, വികൃതികാണിക്ക എന്നീ അർത്ഥങ്ങളാണു് ആ ശൈലികളെ ക്കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ ശൈലികളുടെ രൂപത്തിൽ പ്രയോഗിക്കപ്പെട്ടപ്പോൾ അർത്ഥപുഷ്ടിക്കു് അവ അത്യന്തം സ ഹായകങ്ങളായിത്തീർന്നിരിക്കുന്നു. വാച്യമായ അർത്ഥത്തെ സൂ ചിപ്പിക്കുന്ന വല്ല പദങ്ങളുമാണു് പ്രയോഗിച്ചിരുന്നതെങ്കിൽ, ശൈലികളിൽനിന്നു കിട്ടുന്നേടത്തോളം അർത്ഥപുഷ്ടി അനുഭവ പ്പെടുകയില്ലായിരുന്നു. പട്ടിണി കിടക്കേണ്ടിവരും, ബുദ്ധിമുട്ടേ ണ്ടിവരും, എന്നൊക്കെപ്പറഞ്ഞാൽ അനുഭവപ്പെടുന്നതിനേ ക്കാൾ ശക്തിമത്തായ ഒരർത്ഥമാണു്, 'പിച്ചപ്പാളയെടുക്കേണ്ടി വരും' എന്നുപറഞ്ഞാൽ നമ്മുടെ മനസ്സിൽ ഉദിക്കുന്നതു്. ഈ രഹസ്യം മനസ്സിലാക്കിത്തന്നെയാണു് നമ്പ്യാർ ആവക പ്ര യോഗങ്ങൾ തുള്ളലിൽ ധാരാളമായി കൂട്ടിച്ചേർത്തതു്.

ളുന്ന [illegible] ചയ്തിരു

ള്ള [illegible] കളി

DC Library
*00019389*
T61 H23

# സ്യമന്തകം

ഓട്ടൻതുള്ളൽ

(കുഞ്ചൻനമ്പ്യാർ)

പ്രസാധകൻ:

വിദ്വാൻ എ. ഡി. ഹരിശർമ്മ

എം. ആർ. എ. എസ്സ്.

Indic Digital Archive Foundation

gpura.org